19
ഒക്ടോബർ
ഞായർ 2025
1201 തുലാം 02
Vol 08 Issue No 14

# കേരള പ്രണാമം

സത്യം വദ ധർമ്മം ചര
തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്
`7.50
പേജ് 12
www.keralapranamam.com
infokeralapranamam@

## സപ്ലൈകോയിൽ സ്ത്രീകൾക്ക് 10% സ്പെഷ്യൽ ഡിസ്കൗണ്ട്






**കൊച്ചി:** സപ്ലൈകോ മാർക്കറ്റുകളിൽ സബ്സിഡിയില്ലാത്ത ഉത്പന്നങ്ങൾ, എല്ലാ കിഴിവുകൾക്കും പുറമേ സ്ത്രീകൾക്ക് 10 ശതമാനം വിലക്കുറവിൽ ലഭിക്കും. 1,000 രൂപയ്ക്ക് സാധനം വാങ്ങിയാൽ 100 രൂപയോളം കുറയും. കേരളപ്പിറവിദിനം മുതൽ പ്രാബല്യത്തിൽ വരുമെന്ന് സിവിൽ സപ്ളൈസ് മന്ത്രി ജി.ആർ.അനിൽ പറഞ്ഞു. എല്ലാ ഉപഭോക്താക്കൾക്കും പ്രിവിലേജ് കാർഡുകൾ വഴി കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കാനും പദ്ധതിയുണ്ട്. ഒരു വർഷമായി നടന്നുവന്ന സപ്ലൈകോയുടെ സുവർണജൂബിലി ആഘോഷങ്ങളുടെ സമാപന ചടങ്ങ് ബോൾഗാട്ടിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. നവംബർ ഒന്നുമുതൽ 140 നിയോജക മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന സൂപ്പർമാർക്കറ്റുകൾ ആരംഭിക്കുന്നത് ഉൾപ്പെടെ പ്രതിമാസം 250 കോടി രൂപ വിറ്റുവരവ് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്ക് സപ്ലൈകോ തുടക്കം കുറിക്കും. ജി.എസ്.ടി പുനഃക്രമീകരണം വഴിയുള്ള വിലക്കുറവിന്റെ ആനുകൂല്യം പൂർണതോതിൽ ഉപഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ മറ്റു വില്പനശാലകളിലും വിപണനം നടത്തുമെന്ന് മന്ത്രി പറഞ്ഞു. ഉദ്ഘാടന ചടങ്ങിൽ കെ.എൻ.ഉണ്ണികൃഷ്ണൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. സി.ഇ.ഒ വി.എം.ജയകൃഷ്ണൻ സപ്ലൈകോയുടെ ഭാവി പരിപാടികൾ അടങ്ങിയ 'വിഷൻ 30' അവതരിപ്പിച്ചു. മുൻ മാനേജിംഗ് ഡയറക്ടർമാരായ ജിജി തോംസൺ, എം.എസ്. ജയ, പി.എം.അലി അസ്ഗർ പാഷ, ഡോ. സഞ്ജീബ് പട്ജോഷി, ഡോ. ശ്രീറാം വെങ്കിട്ടരാമൻ തുടങ്ങിയവർ സംസാരിച്ചു. സപ്ലൈകോ മുൻ മാനേജിംഗ് ഡയറക്ടർമാരെയും മുൻ ജനറൽ മാനേജർമാരെയും ആദരിച്ചു.

### പുതിയ പദ്ധതികൾ

*1. റേഷൻകാർഡിന് സബ്സിഡി നിരക്കിൽ 20 കിലോ പുഴുക്കലരി. നിലവിൽ 10 കിലോയാണ്.*
*2. 30 മാവേലി സ്റ്റോറുകൾ സൂപ്പർമാർക്കറ്റുകളായും 15 മാവേലി സ്റ്റോറുകൾ സൂപ്പർ സ്റ്റോറുകളായും നവീകരിക്കും.*
*3. ആറ് പുതിയ പെട്രോൾ പമ്പുകൾ ആരംഭിക്കും.*
*4. ഡിസംബറിൽ തലശേരി, എറണാകുളം, കോട്ടയം എന്നിവിടങ്ങളിലെ സൂപ്പർ മാർക്കറ്റുകൾ സിഗ്നേച്ചർ മാർട്ടുകളാക്കും*

## ഗൂഢാലോചന വെളിപ്പെടുത്തി പോറ്റി: സ്വർണക്കൊള്ളയിൽ വൻസ്രാവുകൾ





**തിരുവനന്തപുരം:** ശബരിമല അയ്യപ്പന്റെ സ്വർണം കൊള്ളയടിക്കാൻ ദേവസ്വം ഉന്നതർ അന്യസംസ്ഥാനങ്ങളിലെ തട്ടിപ്പുകാരുമായി നടത്തിയ ഗൂഢാലോചനയുടെ വിവരങ്ങൾ ക്രൈംബ്രാഞ്ചിനോട് ഉണ്ണികൃഷ്ണൻ പോറ്റി വെളിപ്പെടുത്തി. തട്ടിപ്പുസംഘത്തിലും ഗൂഢാലോചനയിലും ഉൾപ്പെട്ട പതിനഞ്ചോളം പേരുടെ വിവരങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. ബംഗളുരുവിലും ഹൈദരാബാദിലും ചെന്നൈയിലും സ്വർണക്കൊള്ളയ്ക്ക് ഗൂഢാലോചനയും ആസൂത്രണവും നടന്നു. അവിടെ നിന്ന് തട്ടിപ്പുകാർ നൽകിയ നിർദ്ദേശപ്രകാരമാണ് ദേവസ്വം ഉദ്യോഗസ്ഥർ പ്രവർത്തിച്ചത്. കൂടുതൽ സ്വർണം തട്ടിയെടുക്കാൻ പദ്ധതിയിട്ടിരുന്നു. ചൊവ്വാഴ്ച ഹൈക്കോടതിയിൽ ഇടക്കാല റിപ്പോർട്ട് നൽകാനൊരുങ്ങുകയാണ് ക്രൈംബ്രാഞ്ച്. ശ്രീകോവിലിന്റെ കട്ടിളയിൽ നിന്ന് സ്വർണം കവർന്ന കേസിലും പോറ്റിയുടെ അറസ്റ്റ് ഉടനുണ്ടാവും. ചെമ്പാണെന്ന് വ്യാജരേഖ ചമച്ച അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായിരുന്ന മുരാരി ബാബുവിനെയും ഉടൻ അറസ്റ്റ് ചെയ്തേക്കും. ദ്വാരപാലകശിൽപ്പത്തിലെയും ശ്രീകോവിൽ കട്ടിളയിലെയും പാളികളിൽ നിന്ന് ഉരുക്കിയെടുത്ത സ്വർണത്തിന്റെ പങ്ക് തനിക്ക് ലഭിച്ചിട്ടില്ലെന്നും അന്യസംസ്ഥാന തട്ടിപ്പുകാർ കൊണ്ടുപോയെന്നുമുള്ള മൊഴി പോറ്റി ആവർത്തിക്കുന്നുണ്ടെങ്കിലും ക്രൈംബ്രാഞ്ച് വിശ്വസിക്കുന്നില്ല. ചെന്നൈയിലെ സ്മാർട്ട് ക്രിയേഷൻസിൽ നിന്ന് അരകിലോയോളം സ്വർണംകൊണ്ടുപോയ കൽപ്പേഷ്, സ്പോൺസറായ നാഗേഷ്, സ്മാർട്ട് ക്രിയേഷൻസ് സി.ഇ.ഒ പങ്കജ് ഭണ്ഡാരി എന്നിവരെ പിടികൂടിയാലേ അന്വേഷണം അടുത്തഘട്ടത്തിലേക്ക് കടക്കൂ. കേസ് ദുർബലമാകാതിരിക്കാൻ **സ്വർണം കണ്ടെടുക്കേണ്ടതും അനിവാര്യമാണ്.**

ഉണ്ണികൃഷ്ണൻ പോറ്റിയുടെ കിളിമാനൂർ പുളിമാത്തെ വസതിയിൽ ക്രൈംബ്രാഞ്ച് റെയ്ഡ് നടത്തി. ഉച്ചയോടെ തുടങ്ങിയ പരിശോധന രാത്രി വൈകിയും തുടരുന്നു. മൊബൈൽ, ലാപ്ടോപ്പ്, വീട്ടിലുണ്ടായിരുന്ന രേഖകൾ എന്നിവയെല്ലാം പരിശോധിച്ചു. രേഖകൾ നശിപ്പിച്ചെന്ന സംശയത്താൽ കരിയിലകൾ കത്തിച്ച സ്ഥലങ്ങളും പരിശോധിച്ചു. വീട്ടിൽ സ്വർണം ഒളിപ്പിച്ചിട്ടുണ്ടോയെന്നും പരിശോധിക്കുന്നുണ്ട്. തട്ടിപ്പിന്റെ രേഖകൾ കിട്ടുമോയെന്നും തിരയുന്നു. സ്വർണംവേർതിരിച്ച സ്മാർട്ട്ക്രിയേഷൻസ് സി.ഇ.ഒയെ പോറ്റിക്കൊപ്പമിരുത്തി ചോദ്യംചെയ്യാനും ക്രൈംബ്രാഞ്ച് ശ്രമിക്കുന്നുണ്ട്.

**കൽപ്പേഷിന് എല്ലാം അറിയാം**

തട്ടിപ്പിന്റെ മുഖ്യ ആസൂത്രകൻ കൽപ്പേഷെന്നാണ് പോറ്റിയുടെ മൊഴി. സ്വർണം പൂശലിനു ശേഷം ബാക്കിവന്ന 474.9 ഗ്രാം സ്വർണം സ്മാർട്ട് ക്രിയേഷൻസിൽ നിന്ന് കൈപ്പറ്റിയത് കൽപ്പേഷാണ്. സ്വർണപ്പാളികൾ ബംഗളൂരുവിലേക്കും പിന്നീട് ചെന്നൈയിലേക്കും കൊണ്ടുപോയതിലും കൽപ്പേഷിന് പങ്കുണ്ട്. സ്പോൺസർ എന്ന നിലയിലായിരുന്നു ഇത്. വേർതിരിച്ച സ്വർണം വീതംവച്ചതും കൽപ്പേഷാണ്. പോറ്റിയുടെ കൂട്ടാളികളായ കൽപ്പേഷും നാഗേഷും മറ്റാരെയെങ്കിലും രക്ഷിക്കാനാണോ ശ്രമിക്കുന്നതെന്നും സംശയമുണ്ട്.

**തിരക്കഥ ബംഗളുരുവിൽ**

സ്വർണക്കൊള്ളയുടെ തിരക്കഥയുണ്ടാക്കിയത് ബംഗളുരുവിലാണെന്നാണ് പോറ്റി വെളിപ്പെടുത്തൽ. ഓരോ ഘട്ടത്തിലും ചെയ്യേണ്ട കാര്യങ്ങൾ മുൻകൂട്ടി നിശ്ചയിച്ചിരുന്നു.



## രാഷ്ട്രപതി ഇരുമുടിക്കെട്ട് നിറയ്ക്കുന്നത് രാജ് ഭവനിൽ

**ശബരിമല:** 22ന് ശബരിമല ദർശനത്തിനെത്തുന്ന രാഷ്ട്രപതി ദ്രൗപതി മുർമു ഇരുമുടിക്കെട്ട് നിറയ്ക്കുന്നത് രാജ്ഭവനിൽ വച്ച്. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറും ഇരുമുടിക്കെട്ട് നിറയ്ക്കും. ഇവിടെ നിന്ന് ഇരുവരും ഹെലികോപ്ടറിൽ നിലയ്ക്കലെത്തും. തുടർന്ന് റോഡ്മാർഗം പമ്പയിലേക്ക് പോകും. പമ്പയിൽ നിന്ന് നടന്ന് മലകയറും. ആവശ്യമായി വന്നാൽ സഞ്ചരിക്കാൻ അഞ്ച് ആംബുലൻസുകൾ തയ്യാറാക്കിയിട്ടുണ്ട്. ശരണപാതയിലൂടെ വാഹനയാത്രയ്ക്ക് കോടതി പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. നിലയ്ക്കലിൽ നിന്ന് പമ്പയിലേക്കും പമ്പയിൽ നിന്ന് സന്നിധാനത്തേക്കും വാഹനങ്ങളുടെ ട്രയൽ റൺ ആരംഭിച്ചിട്ടുണ്ട്. രാഷ്ട്രപതിയുടെ ദർശനവുമായി ബന്ധപ്പെട്ട് ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്. ഭക്തർക്ക് 22ന് നിയന്ത്രണമുണ്ടാകും.

## പത്തനംതിട്ട സർക്കാർ

**തിരുവനന്തപുരം:** പത്തനംതിട്ട സർക്കാർ നഴ്സിംഗ് കോളേജിന് ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. ഇതോടെ പുതുതായി ആരംഭിച്ച എല്ലാ സർക്കാർ, സർക്കാർ അനുബന്ധ നഴ്സിംഗ് കോളേജുകൾക്കും അനുമതി ലഭ്യമായി. ഈ സർക്കാരിന്റെ കാലത്ത് 22 സർക്കാർ, സർക്കാർ അനുബന്ധ നഴ്സിംഗ് കോളേജുകളാണ് ആരംഭിച്ചത്. ഇടുക്കി, വയനാട്, പാലക്കാട്, കാസർകോട്, പത്തനംതിട്ട, തിരുവനന്തപുരം ജനറൽ ആശുപത്രി ക്യാമ്പസ്, കൊല്ലം, മഞ്ചേരി എന്നിവിടങ്ങളിലാണ് സർക്കാർ മേഖലയിൽ നഴ്സിംഗ് കോളേജ് ആരംഭിച്ചത്. നാല് മെഡിക്കൽ കോളജുകൾക്കും അനുമതി ലഭിച്ചിരുന്നെന്നും

## കെ.പി.സി.സി പുനഃസംഘടന , ഒതുക്കിയതിൽ അതൃപ്തി കടുത്തു

# പിണങ്ങിയും ഇണങ്ങിയും മുരളീധരൻ



**തിരുവനന്തപുരം:** ജംബോ പുനഃസംഘടനയ്ക്ക് പിന്നാലെ സംസ്ഥാന കോൺഗ്രസിൽ അമർഷവും അതൃപ്തിയും പടരുന്നത് കേന്ദ്ര, സംസ്ഥാന നേതൃത്വങ്ങളെ കുഴക്കി. തദ്ദേശ, നിയമസഭാ തിരഞ്ഞെടുപ്പുകൾ അടുത്തിരിക്കെ ഇതുയർത്തുന്ന തീയും പുകയും ആളിക്കത്താതെ നോക്കാനുള്ള പെടാപ്പാടിലാണ് ആവർ. കെ.പി.സി.സി സെക്രട്ടറി,? ഡി.സി.സി പ്രസിഡന്റ് പുനഃസംഘടനയിൽ എല്ലാം ശരിയാക്കാമെന്ന ഉറപ്പും പാഴാവുന്ന സ്ഥിതിയാണ്. ഈഴവ, പട്ടികവിഭാഗങ്ങളെ തഴഞ്ഞതിലും വെട്ടിനിരത്തിയതിലും അമർഷം ശക്തമാണ്. ചാണ്ടി ഉമ്മനെ തഴഞ്ഞതിൽ ഓർത്തഡോക്സ് സഭയും രംഗത്തെത്തി. കെ.പി.സി.സിയുടെ നേതൃത്വത്തിൽ നടന്ന ശബരിമല സംരക്ഷണ പ്രചാരണ ജാഥകളുടെ പന്തളത്തെ സമാപനസമ്മേളനം അലങ്കോലമാവുമെന്ന പ്രചരണങ്ങൾ നേതൃത്വത്തെ വെള്ളം കുടിപ്പിച്ചു. കാസർകോട് നിന്നാരംഭിച്ച ജാഥയുടെ ക്യാപ്ടനായ കെ.മുരളീധരൻ വെള്ളിയാഴ്ച വൈകിട്ട് ജാഥ ചെങ്ങന്നൂരിലെത്തിയ ശേഷം മിണ്ടാതെ ഗുരുവായൂരിലേക്ക് പോയി. തുലാം ഒന്നായ ഇന്നലെ ഗുരുവായൂർ ക്ഷേത്രദർശനമായിരുന്നു ലക്ഷ്യമെങ്കിലും, കെ.പി.സി.സി പുനഃസംഘടനയിൽ അമർഷമുള്ള അദ്ദേഹം പന്തളത്തെ സമാപനസമ്മേളനം ബഹിഷ്കരിച്ചതാണെന്ന പ്രചാരണം ശക്തമായി. മുരളീധരന്റെ മൗനവും അതിന് ആക്കംകൂട്ടിയതോടെ, നേതൃത്വം നെട്ടോട്ടത്തിലായി. കെ.പി.സി സി പ്രസിഡന്റ് സണ്ണി ജോസഫും വർക്കിംഗ് പ്രസിഡന്റുമാരായ ഷാഫി പറമ്പിൽ, പി.സി.വിഷ്ണുനാഥ്, എ.പി. അനിൽകുമാർ എന്നിവരും, കൊടിക്കുന്നിൽ സുരേഷും അദ്ദേഹത്തെ മൊബൈൽ ഫോണിൽ നിരന്തരം ബന്ധപ്പെട്ട് അനുനയത്തിന് ശ്രമിച്ചു. ഒടുവിൽ, ഇന്നലെ ഉച്ചയോടെയാണ് സമാപന സമ്മേളനത്തിൽ പങ്കെടുക്കാമെന്ന് മുരളി സമ്മതിച്ചത്.

### മുരളിക്ക് ഉറപ്പ് കിട്ടിയെന്ന്

***പിതാവ് കെ.കരുണാകരന്റെയും ഇപ്പോൾ തന്റെയും ഉറ്റ അനുയായിയായ മര്യാപുരം ശ്രീകുമാറിനെ കെ.പി.സി.സി ജനറൽ സെക്രട്ടറി സ്ഥാനത്തു നിന്ന് നീക്കിയത് കെ.മുരളീധരനെ അസ്വസ്ഥനാക്കി.***

***താൻ നിർദ്ദേശിച്ച ഏക നോമിനിയും പാർട്ടി ന്യൂനപക്ഷ സെൽ ചെയർമാനുമായ കെ.പി.ഹാരിസിനെ ജനറൽ സെക്രട്ടറിയാക്കാത്തതും മുരളിയെ ചൊടിപ്പിച്ചു. മര്യാപുരം ശ്രീകുമാറിനെ കെ.പി.സി.സി നിർവാഹക സമിതിയംഗവും ഹാരിസിനെ സെക്രട്ടറിയുമാക്കാമെന്ന നേതൃത്വത്തിന്റെ ഉറപ്പിലാണ് മുരളി മയപ്പെട്ടതെന്നറിയുന്നു.***

**ആർക്കും കൊട്ടാവുന്നചെണ്ടയല്ലെന്ന് സഭ**

ചാണ്ടി ഉമ്മനും അബിൻ വർക്കിയും ആർക്കും കൊട്ടാവുന്ന ചെണ്ടയല്ലെന്നാണ് കോട്ടയം ദേവലോകം അരമനയിൽ നടന്ന പരിപാടിയിൽ സഭ യുവജന വിഭാഗം അദ്ധ്യക്ഷനും കുന്നംകുളം ഭദ്രാസനാധിപനുമായ ഗീവർഗീസ് മാർ യൂലിയോസ് നൽകിയ മുന്നറിയിപ്പ്. ചാണ്ടി ഉമ്മനും പങ്കെടുത്തു. കെ.പി.സി.സി പുനഃസംഘടനയിൽ താൻ ഇത്രയും സംതൃപ്തനായ സന്ദർഭം ഇതിന് മുമ്പ് ഉണ്ടായിട്ടില്ലെന്ന മുൻ കെ.പി.സി.സി പ്രസിഡന്റ് കെ.സുധാകരന്റെയും, 'ഉത്തരമില്ലെന്ന ഉത്തരം കിട്ടിയില്ലേ' എന്ന പി.ജെ.കുര്യന്റെയും പ്രതികരണങ്ങൾ പരിഹാസ ധ്വനിയുള്ളതായി. പുനഃസംഘടനയെപ്പറ്റി ചോദിച്ച് മാദ്ധ്യമങ്ങളോട് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ പൊട്ടിത്തെറിച്ചു.

## കേരളത്തെ വികസന ഹബ്ബാക്കും: മന്ത്രി റിയാസ്



**കോഴിക്കോട്:** സംസ്ഥാനം 75ാം വർഷത്തിലേക്ക് കടക്കുന്ന 2031ൽ രാജ്യത്തെ ഏറ്റവും മികച്ച പശ്ചാത്തല സൗകര്യമുള്ള സംസ്ഥാനമായി കേരളത്തെ മാറ്റുകയാണ് സർക്കാർ ലക്ഷ്യമെന്ന് പൊതുമരാമത്ത് മന്ത്രി പി.എ മുഹമ്മദ് റിയാസ്. വിഷൻ 2031ന്റെ ഭാഗമായി കോഴിക്കോട് ബീച്ചിലെ ആസ്പിൻ കോർട്ട് യാർഡിൽ സംഘടിപ്പിച്ച പൊതുമരാമത്ത് വകുപ്പ് സെമിനാറിൽ വികസന നയരേഖ അവതരിപ്പിക്കുകയായിരുന്നു മന്ത്രി. ഗ്രാമീണ മേഖലയിലടക്കം ബി.എം ബി.സി റോഡുകൾ പണിത് പശ്ചാത്തല വികസനത്തിലൂടെ ജനജീവിതം വികസനത്തിലേക്ക് എത്തിക്കാനായി. കുതിരാൻ ടണൽ,മൂന്നാർ ബോഡിമെട്ട്,നാട്ടുകാൽ താണാവ് എന്നീ ദേശീയപാത വികസന പ്രവൃത്തികളും പൂർത്തീകരിച്ചു. ദേശീയപാത 85ൽ കൊച്ചി –മൂന്നാർ 125 കിലോമീറ്റർ പാത നവീകരണം പുരോഗമിക്കുകയാണ്. മൂന്ന് വർഷം കൊണ്ട് നൂറ് പാലങ്ങൾ പൂർത്തിയാക്കി. 150ാമത് പാലം തിരുവനന്തപുരത്തെ പാറശാലയിൽ മുഖ്യമന്ത്രി പിണറായി വിജയൻ നവം. അഞ്ചിന് നാടിന് സമർപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

## ഇ.ഡി.പ്രസാദ് ശബരിമല മേൽശാന്തി, മനു നമ്പൂതിരി മാളികപ്പുറത്ത്



**ശബരിമല:** കലിയുഗവരദൻ അയ്യപ്പസ്വാമിയെ അടുത്ത ഒരുവർഷം സേവിക്കാനുള്ള സൗഭാഗ്യം ചാലക്കുടി വാസുപുരം മറ്റത്തൂർകുന്ന് ഏറന്നൂർ മനയിൽ ഇ.ഡി. പ്രസാദിന്. സന്നിധാനത്ത് ഇന്നലെ നടന്ന നറുക്കെടുപ്പിലാണ് നിയുക്ത മേൽശാന്തിയായി തിരഞ്ഞെടുക്കപ്പെട്ടത്. കൊല്ലം മയ്യനാട് കൂട്ടിക്കട ആയിരംതെങ്ങ് മുട്ടത്തുമഠം എം.ജി.മനു നമ്പൂതിരിയാണ് മാളികപ്പുറം മേൽശാന്തി. വൃശ്ചികം ഒന്നുമുതൽ ഒരുവർഷം ഇരുവരും പുറപ്പെടാ മേൽശാന്തിമാരാകും. തൃശൂർ കോടശ്ശേരി ആറേശ്വരം ധർമ്മശാസ്താ ക്ഷേത്ര ശാന്തിയാണ് പ്രസാദ്. മനു കൊല്ലം കൂട്ടിക്കട ധർമ്മശാസ്താ ക്ഷേത്രത്തിലെയും. പന്തളം കൊട്ടാരത്തിലെ കശ്യപ് വർമ്മ, മൈഥിലി വർമ്മ എന്നീ കുട്ടികളാണ് നറുക്കെടുത്തത്. ഇന്നലെ രാവിലെ സോപാനത്തായിരുന്നു ശബരിമല മേൽശാന്തി നറുക്കെടുപ്പ്. പട്ടികയിലെ 14 പേരുകളെഴുതി വെള്ളിക്കുടത്തിൽ ചുരുട്ടിയിട്ടു. മറ്റൊരു വെള്ളിക്കുടത്തിൽ 13 വെള്ളപ്പേപ്പറും മേൽശാന്തി എന്നെഴുതിയ ഒരു പേപ്പറും ഇട്ടു. തന്ത്രി കണ്ഠരര് മഹേഷ് മോഹനര് കുടങ്ങൾ ശ്രീലകത്ത് പൂജിച്ച ശേഷം സ്പെഷ്യൽ കമ്മിഷണർ ആർ.ജയകൃഷ്ണന് കൈമാറി. കശ്യപ വർമ്മയാണ് നറുക്കെടുത്തത്. എട്ടാമത്തെ നറുക്കിൽ പ്രസാദ് തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് മാളികപ്പുറം മേൽശാന്തി നറുക്കെടുപ്പ് മാളികപ്പുറം ക്ഷേത്രത്തിൽ നടന്നു. 13 പേരാണ് അന്തിമ പട്ടികയിൽ ഉണ്ടായിരുന്നത്. മൈഥിലി വർമ്മ നറുക്കെടുത്തു. ഇവിടെയും എട്ടാമത്തെ നറുക്കിലാണ് മനു തിരഞ്ഞെടുക്കപ്പെട്ടത്. ഹൈക്കോടതി നിരീക്ഷകനായ റിട്ട. ജസ്റ്റിസ് ടി.ആർ.രാമചന്ദ്രൻ നായർ മേൽനോട്ടം വഹിച്ചു. ദേവസ്വം പ്രസിഡന്റ് പി.എസ്.പ്രശാന്ത്, ദേവസ്വം കമ്മിഷണർ ബി.സുനിൽകുമാർ, ബോർഡ് അംഗങ്ങളായ എ.അജികുമാർ, പി.ഡി.സന്തോഷ്കുമാർ, എക്സിക്യൂട്ടീവ് ഓഫീസർ ഒ.ജി.ബിജു, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീനിവാസ് എന്നിവർ പങ്കെടുത്തു.

## സജിത വധക്കേസിൽ ചെന്താമരയ്ക്ക് ഇരട്ടജീവപര്യന്തം




സജിത

**പാലക്കാട്:** കേരളം ഭയത്തോടെ കാണുന്ന കൊടുംക്രിമിനൽ ചെന്താമരയ്ക്ക് നെന്മാറ പോത്തുണ്ടി സജിത വധക്കേസിൽ ഇരട്ട ജീവപര്യന്തവും 3.25 ലക്ഷം രൂപ പിഴയും ശിക്ഷ. ഈ കേസിൽ ജാമ്യത്തിലിറങ്ങി സജിതയുടെ ഭർത്താവ് സുധാകരൻ, അമ്മ ലക്ഷ്മി എന്നിവരെയും കൊലപ്പെടുത്തിയിരുന്നു. രണ്ടാം കേസിൽ വിചാരണ ഉടനാരംഭിക്കും. പാലക്കാട് അഡി. ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോടതി (4) ജഡ്ജി കെന്നത്ത് ജോർജാണ് ശിക്ഷ വിധിച്ചത്. കൊലപാതകത്തിന് 302,? വീട്ടിൽ കടന്ന് മാരകായുധം ഉപയോഗിച്ച് ആക്രമിച്ചതിന് 449 വകുപ്പുകൾ പ്രകാരമാണ് ഇരട്ട ജീവപര്യന്തം വിധിച്ചത്. തെളിവ് നശിപ്പിക്കലിന് 201 വകുപ്പ് പ്രകാരം അഞ്ചുവർഷം തടവിനും വിധിച്ചു. ശിക്ഷ ഒന്നിച്ച് അനുഭവിച്ചാൽ മതി. സജിത വധക്കേസ് അപൂർവങ്ങളിൽ അപൂർവമല്ലെന്ന് കോടതി പറഞ്ഞു. ജാമ്യത്തിലിറങ്ങി നടത്തിയ ഇരട്ടക്കൊലപാതകത്തെക്കുറിച്ചും പരാമർശിച്ചു. ചെന്താമരയുടെ മാനസികനില ഭദ്രമല്ലെന്ന പ്രതിഭാഗം വാദം കോടതി പൂർണമായും തള്ളിക്കളഞ്ഞു. സ്ഥിരം കുറ്റവാസനയുള്ള ആളെന്നും കൊല കൃത്യമായ ആസൂത്രണത്തോടെയെന്നും വ്യക്തമാക്കി. 2019 ആഗസ്റ്റ് 31ന് അയൽവാസിയായിരുന്ന സജിതയെ (35) ചെന്താമര വീട്ടിൽക്കയറി വെട്ടിക്കൊലപ്പെടുത്തുകയായിരുന്നു. ഭാര്യയും മകളും പിണങ്ങിപ്പോയതിനു പിന്നിൽ സജിതയ്ക്കും പങ്കുണ്ടെന്ന് ആരോപിച്ചായിരുന്നു കൊലപാതകം. പോത്തുണ്ടി വനമേഖലയിൽ ഒളിച്ചിരുന്ന ചെന്താമരയെ രണ്ടുദിവസത്തെ തെരിച്ചിലിനൊടുവിലാണ് പിടികൂടിയത്. കഴിഞ്ഞ ജനുവരി 27നായിരുന്നു ഇരട്ടക്കൊല. നെന്മാറ മുൻ എസ്.എച്ച്.ഒ എ.ദീപകുമാറാണ് അന്വേഷണ ഉദ്യോഗസ്ഥൻ. എം.വിജയകുമാറാണ് പബ്ലിക് പ്രോസിക്യൂട്ടർ.

### ആശാൻ

കേരളത്തെ വികസന ഹബ്ബാക്കും: മന്ത്രി റിയാസ്



വികസനംവന്ന് ജനത്തിന് റോഡിൽനടക്കാൻ പറ്റാതായി



# വർക്കല കായൽപ്പുറം ഗവ. ഡബ്ല്യൂ.എൽ.പി.സ്കൂൾ പുതിയ മന്ദിരം ഇന്ന് ഉദ്ഘാടനം ചെയ്യും

ദീപ സജീവ്

**വർക്കല:** നിയോജകമണ്ഡലത്തിൽ ഇലകമൺ ഗ്രാമപഞ്ചായത്തിലെ ഗവ. ഡബ്ല്യൂ.എൽ.പി.എസ് കായൽപുറം സ്കൂളിന് പുതുതായി നിർമ്മിച്ച ബഹുനില മന്ദിരത്തിന്റെ ഉദ്ഘാടനം ഒക്ടോബർ 19 ഞായറാഴ്ച രാവിലെ 9.30 ന് പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി .വി .ശിവൻകുട്ടി നിർവഹിക്കുമെന്ന് അഡ്വ.വി.ജോയി എംഎൽഎ അറിയിച്ചു. എംഎൽഎയുടെ അശ്രാന്ത പരിശ്രമത്തിന്റെ ഭാഗമായാണ് പ്രസ്തുത സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചത്.ഒരു കോടി രൂപ വിനിയോഗിച്ചാണ് അത്യാധുനിക സംവിധാനത്തോടുകൂടിയ കെട്ടിടം നിർമ്മിച്ചിരിക്കുന്നത്.ഏറെ നാളത്തെ ആവശ്യമായിരുന്നു ഈ സ്കൂളിന് പുതിയ മന്ദിരം എന്നത്.ഇതിലൂടെ ഒരുപാട് നാളത്തെ കാത്തിരിപ്പിനാണ് വിരാമം കുറിക്കുന്നത്.ഇരുനിലകളിലായി നാല് ക്ലാസ് റൂം, സ്റ്റെയർ റൂം, ടവർ റൂം ഉൾപ്പെടെ 3050 ഠൂളേ ലാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. ചടങ്ങിൽ മറ്റു ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.






''വർക്കല:1965 ലാണ് ഈ വിദ്യാലയം ഹരിജൻ ക്ഷേമ വകുപ്പിന്റെ കീഴിൽ സ്ഥാപിക്കപ്പെട്ടത്.1975ൽ വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുക്കുകയും ചെയ്തു.ആരംഭ ഘട്ടം മുതൽ 1998 വരെ ഓരോ ഡിവിഷനിലും ഉള്ള കുട്ടികൾ ഇവിടെ ഉണ്ടായിരുന്നു.പിൽക്കാലത്ത് കുട്ടികളുടെ എണ്ണത്തിൽ ക്രമാതീതമായ കുറവ് സംഭവിച്ചു.2016 ൽ ഞാൻ നിയമസഭാംഗമായി വരുമ്പോൾ ഈ സ്കൂൾ അടച്ചുപൂട്ടലിന്റെ വക്കിലായിരുന്നു.വളരെയധികം പരിമിതികൾ ഈ സ്കൂളിന് ഉണ്ടായിരുന്നു.അതാണ് ഈ സ്കൂളിൽ വിദ്യാർഥികളുടെ എണ്ണത്തിലെ കുറവ് വരുന്നതിന് കാരണമെന്ന് മനസ്സിലാക്കി.അതു പരിഹരിക്കുന്നതിനായി അടിയന്തര ഇടപെടൽ നടത്തുകയുണ്ടായി.പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഒരു കോടി രൂപ അനുവദിക്കുകയും ചെയ്തു.അതുകൂടാതെ മറ്റൊരു സുപ്രധാന ഇടപെടൽ നടത്തുന്നതിനും സാധിച്ചു.സ്കൂളിൻറെ ആദ്യകാല പേര് വേടർകുന്ന് ഗവ. എൽപിഎസ് എന്നായിരുന്നു. ആ പേര് 2020ൽ കേരള ഗവൺമെന്റ് ഗവ.ഡബ്ല്യൂ.എൽ.പി.എസ് കായൽപ്പുറം എന്നാക്കി മാറ്റുന്നതിനും സാധിച്ചു. ഈ ഉദ്ഘാടന വേളയിൽ വളരെയധികം സന്തോഷത്തോടുകൂടിയാണ് ഞാൻ നിൽക്കുന്നത്.ഈ സ്കൂളിന് ഇനിയും കൂടുതൽ പുരോഗതി ഉണ്ടാകട്ടെ എന്നും ആശിക്കുന്നു''. ***അഡ്വ.വി.ജോയി എം.എൽ.എ***

# മാർക്കറ്റുകളിൽ രാസവസ്തുക്കൾ ചേർത്ത് മത്സ്യവില്പന

**കിളിമാനൂർ**: ഗ്രാമങ്ങളിലെ മാർക്കറ്റുകളിൽ രാസവസ്തുക്കൾ ചേർത്തും ഐസിലിടാതെയും മത്സ്യവിൽപ്പന തകൃതിയാകുന്നു. ഭൂരിഭാഗം മാർക്കറ്റുകളിലും ഐസില്ലാതെ രാസവസ്തുക്കൾ ചേർത്ത് മത്സ്യങ്ങൾ വിൽക്കുമ്പോളും ഇതുമായി ബന്ധപ്പെട്ട പരിശോധന പ്രഹസനം മാത്രമാണ്. ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പരിശോധകൾ മാസങ്ങളായി കാര്യക്ഷമമല്ലെന്ന പരാതിയും ശക്തമാണ്.

വിപണികളിലെത്തുന്ന മത്സ്യങ്ങളിൽ ഭൂരിഭാഗവും പഴകിയതും ഫോമാലിൻ, അമോണിയ തുടങ്ങിയ രാസവസ്തുക്കൾ ചേർത്തതുമാണ്. ഇതിന്റെ വീര്യം കൂടുന്നതിനനുസരിച്ച് മത്സ്യം കൂടുതൽ നാളുകൾ കേടാകാതെ സൂക്ഷിക്കാനാകും. ഉൾക്കടലിൽ നിന്ന് പിടിച്ച മത്സ്യം ഹാർബറുകളിലേക്കും പിന്നീട് നാട്ടിൻപുറങ്ങളിലും എത്തുമ്പോഴേക്കും മണിക്കൂറുകൾ പിന്നിടും. മത്സ്യം ഐസിടാതെ സൂക്ഷിക്കുമ്പോൾ അവ വേഗത്തിൽ ചീഞ്ഞു പോകും.

**ഐസിൽ സൂക്ഷിച്ചില്ലെങ്കിലും ഫ്രഷ്**

ചിലർ മത്സ്യത്തിൽ ഐസുകൾക്കൊപ്പം അമോണിയ വിതറി പെട്ടിയിലാക്കുന്നുണ്ട്. ഇവ മൊത്തവിതരണ കേന്ദ്രങ്ങളിലും ചില്ലറ വിൽപ്പനകേന്ദ്രങ്ങളിലേക്കും എത്തിക്കുമ്പോൾ വീണ്ടും രാസവസ്തുക്കൾ ചേർക്കും. ഇങ്ങനെ രാസവസ്തുക്കൾ ചേർന്ന മത്സ്യം ഐസിൽ സൂക്ഷിച്ചില്ലെങ്കിലും പുറംതോട് ചീയാതെ ഫ്രഷായിരിക്കും.



ഒരു കിലോ മത്സ്യം കേടുവരാതെ സൂക്ഷിക്കാൻ ഒരു കിലോ ഐസ് വേണം. എന്നാൽ പലപ്പോഴും കുറഞ്ഞ അളവ് ഐസിൽ കൂടുതൽ മത്സ്യം സൂക്ഷിക്കുന്ന സ്ഥിതിയാണ്. മാർക്കറ്റിൽ നിന്ന് ചെറുകിട വ്യാപാരികളിലേക്ക് മത്സ്യം എത്തുമ്പോഴാണ് ഐസ് ഇടാതെ വിൽപ്പന നടത്തുന്നത്. ഇത്തരം കേടായ മത്സ്യങ്ങൾ കഴിക്കുന്നത് ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്ക് വഴിയൊരുക്കും

**പരിശോധന പേരിനു മാത്രം**

മൊത്തകച്ചവട മാർക്കറ്റിലും ചെറുകിടമാർക്കറ്റുകളിലും വിഷം ചേർത്ത മത്സ്യം വിൽക്കുന്നതായി വ്യാപക പരാതി ഉയർന്നാലും പരിശോധന പേരിന് മാത്രം. ആഴ്ചയിൽ ഒരിക്കലെങ്കിലും കൃത്യമായ പരിശോധന നടത്തണമെന്നാണ് ജനങ്ങളുടെ ആവശ്യം.

# തലസ്ഥാനത്ത് മഴയ്ക്കു പിന്നാലെ; പനിപ്പേടിയും

**തിരുവനന്തപുരം** : മഴ ശക്തമായതോടെ തലസ്ഥാനത്ത് വീണ്ടും പനിയും മറ്റു പകർച്ചവ്യാധികളും പടരുന്നു. 6 ദിവസത്തിനിടയിൽ 3476 പേർ പനിയുടെ പിടിയിലായി. ആശുപത്രികളിൽ പനിയും അനുബന്ധ പ്രശ്നങ്ങളുമായി ചികിത്സ തേടി എത്തുന്നവരുടെ എണ്ണം ഉയർന്നു. ജനറൽ ആശുപത്രിയിൽ അതിരാവിലെ മുതൽ വലിയ തിരക്കാണ്. ഡെങ്കി എലിപ്പനിബാധിതരുടെ എണ്ണവും വർധിക്കുന്നു. കഴിഞ്ഞ 4ന് എലിപ്പനി ബാധിച്ച് വെള്ളറട സ്വദേശി മരിച്ചു. 9ന് കിഴുവില്ലം സ്വദേശിയും 10നു മുക്കോല പാറവിള സ്വദേശിയും എലിപ്പനി സംശയിച്ച് ചികിത്സയിൽ ഇരിക്കെ മരിച്ചു. അതിർത്തി ഗ്രാമങ്ങളിലും നഗരത്തിലുമാണ് പനി ബാധിതർ ഏറെയും. 6 ദിവസത്തിനിടയിൽ 20 പേർ ഡെങ്കിക്കും 18 പേർ എലിപ്പനിക്കും ചികിത്സ തേടി. 704 പേർക്ക് വയറിളക്ക അനുബന്ധ രോഗങ്ങളുമുണ്ടായി. 32 പേർക്ക് ചിക്കൻ പോക്സ് സ്ഥിരീകരിച്ചു.

കളിപ്പാൻകുളം, കണ്ണമൂല, പാങ്ങപ്പാറ, ചെട്ടിവിളാകം, കല്ലിയൂർ, കിളിമാനൂർ, കടകംപള്ളി, നന്തൻകോട്, രാജാജി നഗർ, ആറ്റുകാൽ, ചാല, കരകുളം, പുത്തൻതോപ്പ് , വെള്ളനാട്, വിതുര, വെള്ളറട, അമ്പൂരി തുടങ്ങിയ സ്ഥലങ്ങളിലുള്ളവർക്കാണ് ഡെങ്കിയും എലിപ്പനിയും സ്ഥിരീകരിച്ചത്. പനിയും പകർച്ച വ്യാധികളും ഉയർന്നിട്ടും ജില്ലാ ആരോഗ്യവകുപ്പ് അലംഭാവം തുടരുകയാണ്. ആശുപത്രികളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ ഒരുക്കാൻ തയാറായിട്ടില്ലെന്ന് ആരോപണം ഉയർന്നിട്ടുണ്ട്.





*തൈക്കാട് ഗണേശത്തിൽ നടക്കുന്ന സൂര്യാഫെസ്റ്റിവലിൽഷർമിളാബിശ്വാസ് അവതരിപ്പിച്ച ഒഡീസിനൃത്തത്തിൽനിന്ന്*

# മകളുമായി പ്രണയബന്ധം അവസാനിപ്പിച്ചതിലുള്ള ദേഷ്യംകാരണം വർക്കലയിൽ യുവാവിനെ തല്ലിക്കൊന്ന് യുവതിയുടെ പിതാവ്

**വർക്കല** :പ്രണയബന്ധം പിരിഞ്ഞതിന് വർക്കലയിൽ യുവാവിനെ ക്രൂരമായി മർദ്ദിച്ച് കൊലപ്പെടുത്തി യുവതിയുടെ പിതാവ്. കൊല്ലം ചിറ്റുമല സ്വദേശി അമലാണ് ക്രൂര മർദ്ദനത്തിന് ഇരയായി കൊല്ലപ്പെട്ടത്. പ്രണയബന്ധം വേർപിരിഞ്ഞതിന് പിന്നാലെ അമലിനെ യുവതിയുടെ പിതാവ് സുരേഷ് എന്നയാളാണ് ക്രൂരമായി മർദ്ദിച്ചത്. സുരേഷ് മൺവെട്ടി കൊണ്ട് അമലിന്റെ തലയ്ക്ക് അടിക്കുകയായിരുന്നു. നിലത്തു വീണ അമലിനെ സുരേഷും സംഘവും തുടർച്ചയായി ചവിട്ടി. ഗുരുതരമായി പരിക്കേറ്റ് മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെയാണ് അമൽ മരിച്ചത്





# കൊല്ലം ബീച്ച് സംരക്ഷണം: പ്രതീക്ഷയായി 2 പദ്ധതികൾ

**കൊല്ലം** :കടലിലേക്കിറങ്ങുന്നത് വിലക്കിയും വടം കെട്ടി നിയന്ത്രിച്ചും എത്രനാൾ കൊല്ലം ബീച്ചിലെ അപകടങ്ങൾ നമുക്ക് കുറയ്ക്കാനാകും. ജില്ലയുടെ അടയാളങ്ങളിലൊന്നായ ബീച്ചിനെ സംരക്ഷിക്കാനും മെലിഞ്ഞുണങ്ങുന്ന ബീച്ചിലെ അപകടസാധ്യത കുറയ്ക്കാനും ശാശ്വതമായ പരിഹാരമാണ് ആവശ്യം. കൊല്ലം ബീച്ചിന്റെ പ്രത്യേകതകൾ കണക്കാക്കി വിവിധ പഠനങ്ങൾ നടത്തുകയും പദ്ധതികൾ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. കടലിൽ ജിയോ ട്യൂബുകൾ സ്ഥാപിച്ചുള്ള ഓഫ് ഷോർ ബ്രേക്ക് വാട്ടർ പദ്ധതിയാണ് പ്രധാനപ്പെട്ടത്. പഠനങ്ങളെല്ലാം പൂർത്തിയാക്കിയ പദ്ധതി നിലവിൽ ധനാനുമതി കാക്കുകയാണ്. വെടിക്കുന്ന് ഭാഗത്തെ പുലിമുട്ടും കൊല്ലം ബീച്ചിലെ പ്രശ്നം കുറയ്ക്കാൻ സാധിക്കുന്ന പദ്ധതിയായാണ് കണക്കാക്കുന്നത്.

തിരക്കരുത്ത് കുറയ്ക്കാൻ ഓഫ് ഷോർ ബ്രേക്ക് വാട്ടർ പദ്ധതി തീരത്തു നിന്നു 150200 മീറ്റർ മാറി, ബീച്ചിനു സമാന്തരമായി കടലിലെ ആഴം കുറഞ്ഞ ഭാഗത്തു ജിയോ ട്യൂബുകൾ സ്ഥാപിക്കുന്ന പദ്ധതിയാണ് ഓഫ് ഷോർ ബ്രേക്ക് വാട്ടർ പദ്ധതി. കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ (കെഎസ്സിഎഡിസി) ചെന്നൈ ഐഐടിയുമായി ചേർന്നു തയാറാക്കിയ റിപ്പോർട്ടിലാണ് കൊല്ലം ബീച്ചിനെ സുരക്ഷിതമായി വികസിപ്പിക്കാനുള്ള ഈ പദ്ധതി നിർദേശിച്ചത്. 200 മീറ്റർ നീളത്തിലായി ഇടയിൽ 100 മീറ്റർ സ്ഥലം ഒഴിച്ചിട്ടു കൊണ്ടു 3 ജിയോ ട്യൂബുകളാണു സ്ഥാപിക്കുക.

ഇതിന്റെ ഒരു കിലോമീറ്റർ പരിധിയിലെ 2 വശങ്ങളിൽ ചെറിയ പുലിമുട്ടുകളും സ്ഥാപിക്കും. ഇതിലൂടെ തിരമാലകളുടെ ശക്തി കുറച്ചു അപകടം ഒഴിവാക്കുകയാണ് ലക്ഷ്യമിട്ടത്. 2023 ൽ 10 കോടി രൂപ ചെലവ് പ്രതീക്ഷിച്ച പദ്ധതി ഇപ്പോൾ ധനവകുപ്പിന്റെ പരിഗണനയിലാണ്. കഴിഞ്ഞ ബജറ്റിൽ സംസ്ഥാന സർക്കാർ കൊല്ലം ബീച്ചിലെയും എറണാകുളം വൈപ്പിനിലും ജിയോ ട്യൂബുകൾ സ്ഥാപിക്കാനായി 5 കോടി രൂപ വകയിരുത്തിയിരുന്നു. നിർമാണത്തിന് 3 മാസം വേണ്ടി വരുമെന്ന് പ്രതീക്ഷിക്കുന്ന പദ്ധതി അടുത്ത മൺസൂണിന് മുൻപ് പൂർത്തിയാക്കുമെന്ന് കെഎസ്സിഎഡിസി എംഡി പി.ഐ.ഷേക് പരീത് പറഞ്ഞു.

ജിയോ ട്യൂബുകൾ സ്ഥാപിക്കുന്നതോടെ വലിയ തിരമാലകൾ അതിലടിക്കുകയും ശക്തി കുറയുകയും ചെയ്യുമെന്നും തീരത്തേക്കു തിരമാലകൾ ശക്തിയില്ലാതെ എത്തുന്നതോടെ അപകട സാധ്യത വലിയ അളവിൽ കുറയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പദ്ധതി നടപ്പാക്കുന്ന ഒരു വർഷം കൊണ്ടു ബീച്ചിന്റെ കുത്തനെയുള്ള ചെരിവ് കുറച്ചു കൊണ്ടുവരുകയും ചരിഞ്ഞു കടലിലേക്ക് ഇറങ്ങുന്ന വിധത്തിലേക്കു മാറ്റാനുമാണു ലക്ഷ്യമിടുന്നത്. ഇതോടെ 200 മീറ്റർ ദൂരത്തേക്കു കൂടി ബീച്ചിൽ ആളുകൾക്കു സഞ്ചരിക്കാനും കാൽ നനയ്ക്കാനും കഴിഞ്ഞേക്കും. ഇതോടെ ബീച്ചിലെ ലൈഫ് ഗാർഡുമാർക്ക് ഈ വെള്ളത്തിൽ നിന്ന് തന്നെ ബീച്ചിനെ നിരീക്ഷിക്കാനും ജലകേളി പദ്ധതികൾ ഈ ഭാഗത്ത് നടപ്പാക്കാനും കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്.



**വെടിക്കുന്ന് തീരത്തെ പുലിമുട്ട് നിർമാണം**

മുണ്ടയ്ക്കൽ പാപനാശനം മുതൽ കൊല്ലം ബീച്ച് വരെയുള്ള വെടിക്കുന്ന് തീരത്ത് പുലിമുട്ട് നിർമിച്ചാൽ മേഖലയിലെ കടലാക്രമണം കുറക്കാനാകുമെന്നാണ് കണക്കാക്കുന്നത്. കഴിഞ്ഞ കുറച്ചു വർഷങ്ങളായി വലിയ കടലാക്രമണമാണ് ഈ പ്രദേശം നേരിടുന്നത്. ഇവിടെ പുലിമുട്ട് നിർമിക്കാനുള്ള 9.8 കോടിയുടെ പദ്ധതിക്ക് മന്ത്രിസഭാ യോഗം കഴിഞ്ഞ ജൂലൈയിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതി നിലവിൽ കിഫ്ബിയുടെ പരിഗണനയിലാണ്. ചെന്നൈ ഐഐടിയുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ 60 മീറ്റർ നീളത്തിലുള്ള 2 പുലിമുട്ടുകളും 30 മീറ്റർ നീളത്തിലുള്ള 4 പുലിമുട്ടുകളുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പുലിമുട്ടുകൾ ടെട്രാപോഡുകൾ ഉപയോഗിച്ച് ആവരണം ചെയ്യും. ഇത് ശക്തമായ തിരമാലകളെ പ്രതിരോധിക്കാൻ സഹായിക്കുമെന്ന് പഠനം ചൂണ്ടിക്കാട്ടിയിരുന്നു. ഈ പുലിമുട്ടുകൾ സ്ഥാപിക്കുന്നതിലൂടെ, വെടിക്കുന്ന് പ്രദേശം അഭിമുഖീകരിക്കുന്ന കഠിനമായ കടലാക്രമണത്തിന് ശാശ്വത പരിഹാരവും കൊല്ലം ബീച്ചിലെ കടൽശോഷണം കുറയ്ക്കാനും സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ഒരുമിച്ചു വേണം ഇരു പദ്ധതികളും**

ഇരു പദ്ധതികളും ഒരുമിച്ചു പൂർത്തിയായാൽ മാത്രമേ കൊല്ലം ബീച്ചിന്റെ പ്രശ്നത്തിന് പരിഹാരം കാണാനാവൂ. വെടിക്കുന്ന് ഭാഗത്ത് പുലിമുട്ടുകൾ വരുന്നതോടെ കൊല്ലം ബീച്ചിൽ കടലാക്രമണം ശക്തമാകുമെന്ന് ഇതിനോടകം ആശങ്ക ഉയർന്നിട്ടുണ്ട്. താന്നി മുതൽ പാപനാശനം വരെ പുലിമുട്ടുകൾ സ്ഥാപിച്ചതിന് പിന്നാലെയാണ് വെടിക്കുന്ന് ഭാഗത്ത് കടലാക്രമണം ശക്തമായതെന്ന് ആരോപണമുണ്ടായിരുന്നു.അതിനാൽ തന്നെ ഇരു പദ്ധതികളും ഒരുമിച്ചു പൂർത്തിയാക്കിയാൽ മാത്രമേ പദ്ധതികളുടെ ഗുണം ലഭിക്കൂ. ഇനിയും കാലതാമസില്ലാതെ ഇരു പദ്ധതികളും മികച്ച രീതിയിൽ നടപ്പാക്കിയാൽ കൊല്ലം ബീച്ചിനെയും വെടിക്കുന്ന് ഭാഗത്തെയും കടലാക്രമണത്തിൽ നിന്നും അപകടങ്ങളിൽ നിന്നും മുക്തമാക്കാൻ സാധിക്കും.

# നവീകരിച്ച അണ്ടൂർ ക്ഷേത്രക്കുളം ഉദ്ഘാടനം നാളെ




**കൊട്ടാരക്കര** ജില്ലാ പഞ്ചായത്ത് സുജലം പദ്ധതിയിൽ ഉൾപ്പെടുത്തി 41.51 ലക്ഷം രൂപ ചെലവഴിച്ചു നവീകരിച്ച അണ്ടൂർ ക്ഷേത്രക്കുളത്തിന്റെ ഉദ്ഘാടനം നാളെ 4നു ക്ഷേത്ര മൈതാനിയിൽ ജില്ലാ പഞ്ചായത്തംഗം ബ്രിജേഷ് ഏബ്രഹാം നിർവഹിക്കും. പഞ്ചായത്തംഗം അണ്ടൂർ സുനിൽ അധ്യക്ഷനാകും. ചിറ 65 സെന്റ് വിസ്തൃതിയിലാണ്. 1500 ക്യുബിക് മീറ്റർ അളവിൽ ചെളിയാണു നീക്കം ചെയ്തത്.

കുളത്തിനു ചുറ്റും 200 മീറ്റർ നീളത്തിലും അടിയിൽ നിന്ന് 3 മീറ്റർ ഉയരത്തിലും കരിങ്കല്ല് കെട്ടി സംരക്ഷണം ഒരുക്കി. കൂടാതെ കുളത്തിനു ചുറ്റും ഒരു മീറ്റർ വീതിയിൽ ഇന്റർലോക്ക് പാകി നടപ്പാതയും ഒരുക്കി. ഒന്നര മീറ്റർ ഉയരത്തിൽ ചെയിൻ ലിങ്ക് സ്ഥാപിക്കുകയും പൊതുജനങ്ങൾക്കു കുളം ഉപയോഗിക്കുന്നതിനു കൈവരിയോടു കൂടി 2 കൽപടവുകളും നിർമിച്ചു. ജില്ലാ മണ്ണു സംരക്ഷണ ഓഫിസിന് ആയിരുന്നു നിർമാണച്ചുമതല.

# അതുല്യയുടെ മരണം: ഭർത്താവിനെതിരായ കൊലപാതകക്കുറ്റം ഒഴിവാക്കി ക്രൈംബ്രാഞ്ച്

**കൊല്ലം :** ഷാർജയിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയ തേവലക്കര കോയിവിള അതുല്യ ഭവനിൽ അതുല്യയുടെ ഭർത്താവ് ശാസ്താംകോട്ട സ്വദേശി സതീഷ് ശങ്കറിനെതിരായ കൊലപാതകക്കുറ്റം ഒഴിവാക്കി ക്രൈംബ്രാഞ്ച്. സതീഷിനെതിരെ ചുമത്തിയ കൊലപാതക കുറ്റത്തിന് തെളിവ് കണ്ടെത്താനാകാത്തതിനെ തുടർന്നാണ് ഒഴിവാക്കിയത്. പ്രതിക്കെതിരെ ആത്മഹത്യാപ്രേരണ ചുമത്തി. മുൻപ് ഉൾപ്പെടുത്തിയിരുന്ന സ്ത്രീധന പീഡനം ഉൾപ്പെടെയുള്ള വകുപ്പുകൾ നിലനിൽക്കും. പുതിയ വകുപ്പുകൾ ചേർത്ത റിപ്പോർട്ട് കഴിഞ്ഞ 14 ന് അന്വേഷണസംഘം പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ സമർപ്പിച്ചു.

എഫ്ഐആർ പ്രകാരം സതീഷിൽ ആരോപിക്കുന്ന കൊലപാതക കുറ്റത്തിനു പ്രഥമദൃഷ്ട്യാ തെളിവില്ലെന്നു ജാമ്യം റദ്ദാക്കിയുള്ള സെഷൻസ് കോടതി വിധിയിൽ വ്യക്തമാക്കിയിരുന്നു. ആത്മഹത്യാ പ്രേരണാക്കുറ്റമെന്ന ആവശ്യം പ്രോസിക്യൂഷൻ ഉന്നയിച്ചിട്ടില്ലെന്നും കോടതി നിരീക്ഷിച്ചിരുന്നു. അതുല്യ കൊല്ലപ്പെട്ടതാണെന്നും അതിന് കാരണക്കാരൻ സതീഷാണ് എന്നാണ് മാതാപിതാക്കൾ ചവറ തെക്കുംഭാഗം പൊലീസിൽ നൽകിയ പരാതിയിൽ പറയുന്നത്.

കഴിഞ്ഞമാസം അവസാനം സതീഷിന്റെ മുൻകൂർ ജാമ്യം പ്രിൻസിപ്പൽ സെഷൻസ് കോടതി റദ്ദാക്കിയിരുന്നു. തുടർന്ന് കൊല്ലം ക്രൈംബ്രാഞ്ച് ഓഫിസിൽ ഹാജരായ സതീഷിനെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തിരുന്നു. 3 തവണ കസ്റ്റഡിയിൽ വാങ്ങി ചോദ്യം ചെയ്യുകയും ചെയ്തു. കഴിഞ്ഞ ജൂലൈ 19ന് ആണ് ഷാർജയിലെ ഫ്ലാറ്റിൽ അതുല്യയെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത



# കാമുകനുമായി പിണങ്ങി അഷ്ടമുടിക്കായലിൽ ചാടിയ യുവതിയെ ഓട്ടോറിക്ഷ യാത്രികൻ രക്ഷപ്പെടുത്തി



**കൊല്ലം** കായലിൽ ചാടി ആത്മഹത്യയ്ക്കു ശ്രമിച്ച യുവതിയെ ഓട്ടോറിക്ഷ യാത്രക്കാരൻ രക്ഷപ്പെടുത്തി. ഇന്നലെ രാവിലെ 11.15ന് ആശ്രാമം ലിങ്ക് റോഡിലെ പാലത്തിലാണു സംഭവം. കൊല്ലത്ത് ബാങ്ക് കോച്ചിങ് സ്ഥാപനത്തിൽ പഠിക്കുന്ന കോട്ടയം കാഞ്ഞിരപ്പള്ളി സ്വദേശിയായ 22 കാരിയാണ് ആത്മഹത്യയ്ക്കു ശ്രമിച്ചത്. കെഎസ്ആർടിസി ബസ് സ്റ്റാൻഡിനു മുന്നിൽ നിന്ന് ഓലയിൽക്കടവിലേക്കു പ്രവേശിക്കുന്ന ഭാഗത്തെ പാലത്തിൽ നിന്നാണ് യുവതി അഷ്ടമുടിക്കായലിലേക്ക് ചാടിയത്. പ്രദേശവാസിയായ രാജേഷാണ് യുവതി കായലിലേക്ക് ചാടുന്നത് ആദ്യം കണ്ടത്. ഈ സമയത്ത് രാജേഷിന്റെ സുഹൃത്തായ പള്ളിത്തോട്ടം സ്വദേശി മുനീർ ആശ്രാമം സ്വദേശി ശ്യാമിന്റെ ഓട്ടോറിക്ഷയിൽ അവിടെ എത്തി. ഒരു യുവതി കായലിലേക്ക് ചാടിയിട്ടുണ്ടെന്ന് രാജേഷ് പറഞ്ഞതിനെ തുടർന്നു മുനീറും കായലിലേക്ക് ചാടി. മുങ്ങിത്താഴ്ന്ന യുവതിയുടെ മുടിയിൽ പിടിച്ചു പാലത്തിന്റെ തൂണിലേക്കു കയറാൻ മുനീർ ശ്രമിച്ചെങ്കിലും സാധിച്ചില്ല. രാജേഷും മറ്റുള്ളവരും അതുവഴി കടന്നു പോയ ജലഗതാഗത വകുപ്പിന്റെ ബോട്ടിലെ ജീവനക്കാരെ ഉച്ചത്തിൽ വിളിച്ചു സഹായം അഭ്യർഥിച്ചു. ജീവനക്കാർ ഉടൻ ബോട്ട് സ്ഥലത്തേക്ക് അടുപ്പിച്ചു കയറും ലൈഫ് ബോയും ഇട്ടു കൊടുത്തു. ബോട്ടിലെ ജീവനക്കാരനും കായലിലേക്കു ചാടി യുവതിയെ പിടിച്ചു കയറ്റി. പ്രഥമ ശുശ്രൂഷയ്ക്കു ശേഷം ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പിന്നീട് സ്വകാര്യ ആശുപത്രിയിലേക്കു മാറ്റി. ഈരാറ്റുപേട്ട സ്വദേശിയായ കാമുകനുമായി പിണങ്ങിയതിനെ തുടർന്നാണ് ആത്മഹത്യയ്ക്കു ശ്രമിച്ചതെന്ന് യുവതി പൊലീസിനു മൊഴി നൽകി. യുവതി ഓലയിൽക്കടവിനടുത്തുള്ള ഹോസ്റ്റലിലാണ് താമസിക്കുന്നത്. സംഭവം അറിഞ്ഞ് ഹോസ്റ്റൽ ജീവനക്കാർ ആശുപത്രിയിൽ എത്തി. വിവരം യുവതിയുടെ വീട്ടുകാരെ അറിയിച്ചെന്ന് ഹോസ്റ്റൽ ജീവനക്കാർ പറഞ്ഞു.തുണയായത് മുനീറിന്റെ മനസ്സാന്നിധ്യം

മുനീറിന്റെ മനസ്സാന്നിധ്യം ഒന്നു കണ്ടു മാത്രമാണ് കായലിൽ ചാടി ആത്മഹത്യയ്ക്കു ശ്രമിച്ച യുവതിയെ ജീവിതത്തിലേക്ക് തിരികെ പിടിച്ചു കയറ്റാനായത്. ഇന്നലെ രാവിലെ ആശ്രാമം ലിങ്ക് റോഡിൽ നിന്ന് അഷ്ടമുടി കായലിലേക്ക് ചാടി ആത്മഹത്യയ്ക്കു ശ്രമിച്ച കോട്ടയം സ്വദേശിയായ യുവതിയെയാണ് പള്ളിത്തോട്ടം ഗാന്ധി നഗർ ഏച്ച് ആൻഡ് സി കോംപൗണ്ടിൽ മുനീർ(28) രക്ഷപ്പെടുത്തിയത്. വെള്ളത്തിൽ വീഴുന്നവരെ രക്ഷപ്പെടുത്താനായി മുനീറിന് നേരത്തേ ലഭിച്ച പരിശീലനം മുതൽക്കൂട്ടായി. അലുമിനിയം ഫാബ്രിക്കേഷൻ തൊഴിലാളിയാണ് മുനീർ. ഓലയിലുള്ള സുഹൃത്ത് രാജേഷിനെയും കൂട്ടി പടപ്പനാലിൽ ജോലിക്കായി പോകാനായി ആശ്രാമം സ്വദേശി ശ്യാമിന്റെ ഓട്ടോയിൽ ഓലയിൽക്കടവിലേക്കു വരുമ്പോഴാണ് യുവതി കായലിലേക്കു ചാടിയ വിവരം അറിയുന്നത്. മറ്റൊന്നും ചിന്തിക്കാതെ മുനീറും കായലിലേക്കു ചാടുകയായിരുന്നു. മുൻപ് തമിഴ്നാട്ടിൽ കടലിൽ വീണ മറ്റൊരാളെയും മുനീർ രക്ഷപ്പെടുത്തിയിട്ടുണ്ട്.

# രാഷ്ട്രപതി സന്നിധാനത്തെത്തുക ഗൂർഖ ജീപ്പിൽ, നിലയ്ക്കലിലേക്ക് ഹെലിക്കോപ്റ്ററിൽ; യാത്രാ ഷെഡ്യൂൾ പുറത്ത്

**പത്തനംതിട്ട:** രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ശബരിമല സന്ദർശനത്തിന്റെ യാത്രാ പരിപാടിയുടെ വിശദാംശങ്ങൾ രാഷ്ട്രപതി ഭവൻ പ്രോട്ടോക്കോൾ വിഭാഗത്തിനു കൈമാറി. ഈ മാസം 21-ന് തിരുവനന്തപുരത്തെത്തുന്ന രാഷ്ട്രപതി, വൈകീട്ട് രാജ്ഭവനിൽ വിശ്രമിക്കും. 22-ന് രാവിലെ ഒൻപത് മണിയോടെ പുറപ്പെട്ട് ഉച്ചയ്ക്ക് 12 മണിയോടെ സന്നിധാനത്തെത്തുന്ന വിധത്തിലാണ് ഷെഡ്യൂൾ തയാറാക്കിയിരിക്കുന്നത്. പമ്പയിൽ നിന്ന് സന്നിധാനത്തേക്ക് ദേവസ്വം ബോർഡിന്റെ ഗൂർഖ ജീപ്പിലായിരിക്കും യാത്ര. ഇതാദ്യമായാണ് ഒരു രാഷ്ട്രപതി ശബരിമല സന്ദർശനം നടത്തുന്നത്.

21-ന് തിരുവനന്തപുരത്തെത്തുന്ന രാഷ്ട്രപതി, വൈകീട്ട് രാജ്ഭവനിൽ വിശ്രമിക്കും. പിറ്റേന്ന് രാവിലെ ഒൻപത് മണിയോടെ തിരുവനന്തപുരത്തുനിന്ന് ഹെലിക്കോപ്റ്ററിൽ നിലയ്ക്കലിലെത്തും. അവിടെനിന്ന് കാർ മാർഗം പമ്പയിലെത്തിയ ശേഷം മരാമത്ത് കോംപ്ലക്സിൽ അല്പസമയം വിശ്രമം. തുടർന്ന് പമ്പാ സ്നാനം നടത്തുന്നതിനുള്ള ആലോചനയും



ഷെഡ്യൂളിലുണ്ട്. രാഷ്ട്രപതി ഭവനിൽ നിന്നുള്ള അറിയിപ്പ്, പ്രോട്ടോക്കോൾ വിഭാഗത്തിനും പോലീസ് സുരക്ഷാ വിഭാഗത്തിനും ലഭിച്ചു. ഇതുപ്രകാരമാണ് പമ്പാ സ്നാനത്തിനുള്ള ഒരു സാധ്യത കുറിച്ചിട്ടത്. രാഷ്ട്രപതി മലകയറുന്നതിന് മുൻപ് പമ്പയിൽനിന്ന് ഇരുമുടിക്കെട്ട് നിറയ്ക്കും. തുടർന്ന് രാവിലെ 11.15-ഓടെ സന്നിധാനത്തേക്ക്. ദേവസ്വം ബോർഡിന്റെ ഗൂർഖ ജീപ്പിലായിരിക്കും യാത്ര.

ബ്ലൂബുക്ക് പ്രകാരമുള്ള സുരക്ഷ ബാധകമായതിനാൽ കനത്ത സുരക്ഷയൊരുക്കും. ഗൂർഖ എങ്ങനെയായിരിക്കണം പമ്പയിൽനിന്ന് സന്നിധാനത്തേക്ക് പോവേണ്ടത് എന്നത് സംബന്ധിച്ച റിഹേഴ്സൽ ചെയ്യുന്നതിന് ഹൈക്കോടതിയുടെ അനുമതി തേടിയിട്ടുണ്ട്. അനുമതിക്ക് ശേഷം റിഹേഴ്സൽ നടക്കും. രാഷ്ട്രപതിയുടെ വാഹനത്തിൽ അഞ്ചുപേരുണ്ടാകും. മറ്റു അകമ്പടി ജീപ്പുകൾ, മെഡിക്കൽ സംഘം, സുരക്ഷാ സംഘം എന്നിവരുമുണ്ടാകും. ഉച്ചയ്ക്ക് 12 മണിയോടെ സന്നിധാനത്തെത്തി ദർശനം നടത്തും. പിന്നീട് ദേവസ്വം ഗസ്റ്റ് ഹൗസിലെത്തും. തുടർന്ന് ഇതേ ജീപ്പിൽത്തന്നെ മടങ്ങി മൂന്നേകാലോടെ താഴെ പമ്പയിലെത്തും. പിന്നീട് നിലയ്ക്കലിലേക്കും അവിടെനിന്ന് ഹെലിക്കോപ്റ്ററിൽ തിരികെ തിരുവനന്തപുരത്തേക്കുമെത്തും. ദർശനം കണക്കിലെടുത്ത് 21, 22 തീയതികളിൽ ദേവസ്വം ബോർഡ് വെർച്വൽ ക്യൂ ബുക്കിങ്ങിനുള്ള സ്ലോട്ട് ഓപ്പൺ ചെയ്തിട്ടില്ല. അതിനാൽ ഭക്തർക്ക് ഈ ദിവസങ്ങളിൽ ശബരിമല ദർശനം ഉണ്ടായിരിക്കില്ല.

# ശബരിമല സ്വർണക്കൊള്ള: അസിസ്റ്റന്റ് എൻജിനീയർക്ക് സസ്പെൻഷൻ

**പത്തനംതിട്ട:** ശബരിമല സ്വർണക്കൊള്ളയിൽ വീണ്ടും നടപടി. ഉദ്യോഗസ്ഥനെ സ്പെൻഡ് ചെയ്തു. ചൊവ്വാഴ്ച ചേർന്ന പ്രതിവാര ദേവസ്വം ബോർഡ് യോഗമാണ് അസിസ്റ്റന്റ് എൻജിനീയർ സുനിൽകുമാറിനെ സസ്പെൻഡ് ചെയ്തത്. ദേവസ്വം വിജിലൻസിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി.

2019-ലെ സ്വർണക്കൊള്ളയുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്ത് പ്രത്യേക അന്വേഷണസംഘം അന്വേഷണവുമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഉണ്ണിക്കൃഷ്ണൻ പോറ്റി അടക്കം പത്തുപേർക്കെതിരേയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ നിലവിൽ സർവീസിലുള്ളത് രണ്ട് ഉദ്യോഗസ്ഥരാണ്. ഇതിൽ ഒരാളായ മുരാരി ബാബുവിനെ ദേവസ്വം ബോർഡിന്റെ കഴിഞ്ഞയോഗം സസ്പെൻഡ് ചെയ്തിരുന്നു. പിന്നാലെയാണ് സുനിൽകുമാറിനെതിരേയും നടപടി എടുത്തിട്ടുള്ളത്.

2019-ൽ ദ്വാരപാലകശിൽപങ്ങളിൽനിന്ന് സ്വർണം അഴിച്ചെടുത്ത സമയത്ത് അവിടെയുണ്ടായിരുന്ന ആളാണ് സുനിൽകുമാർ. മഹസ്സറിൽ ഒപ്പിടുകയും ചെയ്തിട്ടുണ്ട്. അവിടെയുണ്ടായിരുന്നത് ചെമ്പുപാളിയല്ല സ്വർണപ്പാളിയാണ് എന്ന് സുനിൽകുമാറിന് അറിയാമായിരുന്നെന്ന് ദേവസ്വം വിജിലൻസിന്റെ റിപ്പോർട്ടിലുണ്ട്.

# അടൂർ റവന്യൂ ടവറിൽ അഗ്നിസുരക്ഷയില്ല; അഗ്നിവന്നാൽ രക്ഷയില്ല

**അടൂർ :** സർക്കാർ ഓഫിസുകളുടെ സിരാകേന്ദ്രമായ അടൂർ റവന്യൂടവറിൽ ഒരു തീപിടിത്തമുണ്ടായാൽ പെട്ടെന്ന് കെടുത്താനുള്ള അഗ്നിസുരക്ഷാ സംവിധാനം പ്രവർത്തനരഹിതമായിട്ട് വർഷങ്ങൾ ഏറെയായിട്ടും ഇതു നവീകരിച്ച് സുരക്ഷ ഒരുക്കുന്ന കാര്യത്തിൽ ഹൗസിങ് ബോർഡ് അധികൃതരുടെ അനാസ്ഥ തുടരുന്നു. അഗ്നിസുരക്ഷാ സംവിധാനങ്ങൾ തകരാറിലായതിനാൽ അഗ്നിരക്ഷാസേനയുടെ എൻഒസി ഇല്ലാതെയാണു ഈ കെട്ടിടം പ്രവർത്തിക്കുന്നത്. റവന്യൂടവറിലെ മുകളിലത്തെ നിലയിൽ എവിടെങ്കിലും ഒരു തീപിടിത്തം ഉണ്ടായാൽ അതു പെട്ടെന്നു കെടുത്തണമെങ്കിൽ അഗ്നിരക്ഷാസേന എത്തണം. അല്ലാതെ ഇവിടുത്തെ അഗ്നിസുരക്ഷാ സംവിധാനം ഒന്നും ഉപയോഗിക്കാൻ പറ്റില്ല. അഗ്നിസുരക്ഷാ സംവിധാനത്തിന്റെ പൈപ്പുകൾ എല്ലാം തുരുമ്പെടുത്ത് നശിച്ചിട്ടു നാളുകളായി. തീപിടിത്തം മൂലമുള്ള അപകടങ്ങൾ നടന്നാൽ പ്രവർത്തിക്കേണ്ട അലാറങ്ങളും ഇതിന്റെ അനുബന്ധ ഉപകരണങ്ങളുമെല്ലാം തകരാറിലാണ്.



ടവറിന്റെ മുകളിലത്തെ നിലയിൽ തീപടിത്തമുണ്ടാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ അഗ്നിരക്ഷാസേന എത്തിയാൽ പോലും മുകളിലത്തെ നിലയിൽ വെള്ളം പമ്പു ചെയ്യുന്നതു പ്രയാസമാണ്. ചുരുക്കത്തിൽ തീപിടിത്തമുണ്ടായാൽ റവന്യൂടവർ വൻ ദുരന്തത്തിനു സാക്ഷ്യം വഹിക്കേണ്ട സ്ഥിതിയാണ്. 2001ലാണു റവന്യൂടവർ തുറന്നത്. ഇതു കഴിഞ്ഞ 18 വർഷത്തിനു ശേഷം പി.പ്രസാദ് ഹൗസിങ് ബോർഡ് ചെയർമാനായിരുന്ന സമയത്ത് ചില്ലറ അറ്റകുറ്റപണികൾ നടത്തിയ പെയിന്റു ചെയ്തെങ്കിലും തകരാറിലായ അഗ്നിസുരക്ഷാ സംവിധാനം മാത്രം അന്ന് ഒന്നും ചെയ്തില്ല.

ഇവിടെ താലൂക്ക് ഓഫിസ്, ട്രഷറി, സപ്ലൈ ഓഫിസ്, ജില്ലാ ഹോമിയോപ്പതി ഓഫിസ്, റീസർവേ ഓഫിസ്, ജോയിന്റ് ആർടി ഓഫിസ് സഹകരണവകുപ്പിന്റെ ഓഫിസ് തുടങ്ങി മുപ്പത്തിയഞ്ചോളം സർക്കാർ ഓഫിസുകളും ഇരുനൂറോളം വ്യാപാര സ്ഥാപനങ്ങളുമാണ് റവന്യൂടവറിൽ പ്രവർത്തിക്കുന്നത്. ഇത്രയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന ബഹുനില മന്ദിരത്തിൽ അഗ്നിസുരക്ഷാ സംവിധാനം പ്രവർത്തിക്കാതെ കിടക്കുന്നത് ഗുരുതരമായ പ്രശ്നമാണ്. ഈ സംവിധാനം നവീകരിച്ച് എൻഒസി പുതുക്കണമെന്ന് അഗ്നിരക്ഷാ സേനാ അധികൃതർ പറയാൻ തുടങ്ങിയിട്ടു തന്നെ വർഷങ്ങളായി. പക്ഷെ ഹൗസിങ് ബോർഡ് അധികൃതർ ഈ പ്രശ്നം ഗൗരവമായി എടുക്കുന്നേയില്ലെന്നാണു പരാതി.

ഒരു ദുരന്തം ഉണ്ടായെങ്കിലേ എന്തെങ്കിലും ചെയ്യൂ എന്ന നിലപാടിലാണ് അധികൃതർ എന്നാണ് ആക്ഷേപമുയർന്നിരിക്കുന്നത്. അഗ്നിസുരക്ഷാ സംവിധാനത്തിന്റെ നവീകരണം വൈകുന്നതിനെക്കുറിച്ച് ഹൗസിങ് ബോർഡ് അധികൃതരുടെ അടുത്ത് തിരക്കിയപ്പോൾ അഗ്നിസുരക്ഷാ സംവിധാനം നവീകരിക്കുന്നതിനു 2 തവണ ടെൻഡർ ക്ഷണിച്ചിട്ടും എടുക്കാൻ ആരും മുന്നോട്ടു വന്നില്ലെന്നാണു പറയുന്നത്. ഇപ്പോൾ വീണ്ടും റീ ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരികയാണെന്നും അധികൃതർ പറഞ്ഞു. അഗ്നിസുരക്ഷയുടെ കാര്യമായതിനാൽ ഇതിന്റെ ഫയലുകൾ എത്രയും വേഗം നീക്കി ടെൻഡർ നടപടികൾ പൂർത്തിയാക്കി നവീകരണം തുടങ്ങാനുള്ള നടപടി സ്വീകരിക്കണമെന്നാണാവശ്യം.

# 2031ൽ എല്ലാവർക്കും ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന സംസ്ഥാനമാക്കുകയാണ് ലക്ഷ്യം– ആരോഗ്യമന്ത്രി

**പത്തനംതിട്ട:** 2031ൽ എല്ലാവർക്കും ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന സംസ്ഥാനമാക്കി കേരളത്തെ മാറ്റുകയാണ് ലക്ഷ്യമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. സ്പെഷ്യാലിറ്റി ചികിത്സകൾ വികേന്ദ്രീകരിക്കും. അടിസ്ഥാന സൗകര്യ വികസനം കൂടുതൽ മെച്ചപ്പെടുത്തും. ട്രോമാ കെയർ, എമർജൻസി സംവിധാനം കൂടുതൽ ശക്തിപ്പെടുത്തും. ആരോഗ്യ സേവനങ്ങളിൽ തുല്യത ഉറപ്പാക്കുമെന്നും മന്ത്രി വ്യക്തമാക്കി. വിഷൻ 2031- ആരോഗ്യ സെമിനാറിൽ 'കേരളത്തിന്റെ ആരോഗ്യ മേഖല വിഷൻ 2031' നയരേഖ അവതരിപ്പിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി വീണാ ജോർജ്.

വിവിധ സ്കീമുകളെ ഏകോപിപ്പിച്ചാണ് സംസ്ഥാനത്ത് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയതെന്നും മന്ത്രി പറഞ്ഞു. ഈ പദ്ധതി വഴി 42.2 ലക്ഷം കുടുംബങ്ങൾക്ക് പരിരക്ഷ നൽകുന്നു. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയും നിലവിലുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി 5 ലക്ഷം രൂപയാണ് ഒരു കുടുംബത്തിന് ചികിത്സ നൽകുന്നത്. കൂടുതൽ പേർക്ക് ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ പദ്ധതി ആവിഷ്ക്കരിക്കാനും ലക്ഷ്യമിടുന്നുണ്ടെന്ന് മന്ത്രി വ്യക്തമാക്കി.

രോഗാതുരത കുറയ്ക്കുക എന്നതാണ് മറ്റൊരു ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. ജീവിതശൈലീ രോഗങ്ങൾ കുറയ്ക്കുന്നതിനായി ഹെൽത്തി ലൈഫ് ക്യാമ്പയിൻ നടപ്പിലാക്കുന്നുണ്ട്. ആയുഷ് വകുപ്പിന് കീഴിൽ 10,000 യോഗ ക്ലബ്ബുകൾ ആവിഷ്ക്കരിച്ചു. സ്കൂൾ ഹെൽത്ത് പദ്ധതി നടപ്പിലാക്കും. മാനസികാരോഗ്യം ഉറപ്പാക്കാനായി സംവിധാനങ്ങൾ മെച്ചപ്പെടുത്തും. ജീവിതശൈലീ രോഗങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സിക്കുന്നതിനായി ആർദ്രം ജനകീയ ക്യാമ്പയിൻ ആവിഷ്ക്കരിച്ചു. 30 വയസിന് മുകളിലുള്ളവർക്ക് വീട്ടിലെത്തി ജീവിതശൈലീ രോഗ സ്ക്രീനിംഗ് നടത്തി ആവശ്യമായവർക്ക് ചികിത്സ ഉറപ്പാക്കി. കാൻസർ പ്രതിരോധത്തിനായി ആരോഗ്യം ആനന്ദം അകറ്റാം അർബുദം ജനകീയ ക്യാമ്പയിൻ ആവിഷ്ക്കരിച്ചു. ഇതുവരെ 20 ലക്ഷത്തിലധികം പേരെ സ്ക്രീനിംഗ് നടത്തി. അത്യാധുനിക കാൻസർ ചികിത്സാ സംവിധാനങ്ങൾ നടപ്പിലാക്കി.- മന്ത്രി പറഞ്ഞു.

പകർച്ചവ്യാധി പ്രതിരോധത്തിന് വളരെ പ്രാധാന്യം നൽകുന്നുണ്ടെന്നും ആരോഗ്യ മേഖല പുതിയ വെല്ലുവിളികളാണ് നേരിടുന്നതെന്നും മന്ത്രി പറഞ്ഞു. വർധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങൾ, അമീബിക് മെനിഞ്ചോഎൻസെഫലൈറ്റിസ് തുടങ്ങിയ രോഗങ്ങളെ പ്രതിരോധിക്കുകയും പ്രധാനമാണ്. ഈ ലക്ഷ്യം മുൻനിർത്തി എപ്പിഡമിക് ഇന്റലിജൻസ് സംവിധാനം വികസിപ്പിക്കും. പ്രാദേശിക അടിസ്ഥാനത്തിൽ മൈക്രോപ്ലാനുകൾ തയ്യാറാക്കി പ്രതിരോധം ശക്തിപ്പെടുത്തുന്നുണ്ട്.

മെഡിക്കൽ കോളേജുകളെ പൂർണമായും ടെർഷ്യറി കെയറുകളാക്കും. ചികിത്സാ മേഖലയിലെന്ന പോലെ അക്കാഡമിക് രംഗത്തും മുന്നേറ്റം നടത്തും. ആയുർവേദ രംഗത്ത് അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം വലിയ മുന്നേറ്റമുണ്ടാക്കും. കേരളത്തെ ഹെൽത്ത് ഹബ്ബാക്കി മാറ്റുകയാണ് ലക്ഷ്യം. അതിനായുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. എഎംആർ പ്രതിരോധത്തിൽ രാജ്യത്തിന് മാതൃകയായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ആരോഗ്യ രംഗത്തെ സംബന്ധിച്ച് ശാസ്ത്രീയമല്ലാത്ത തെറ്റായ കാര്യങ്ങൾ പ്രചരിപ്പിക്കരുത്- മന്ത്രി വ്യക്തമാക്കി.



'ആരോഗ്യ രംഗത്തെ കഴിഞ്ഞ ദശകത്തിലെ നേട്ടങ്ങൾ' ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡെ അവതരിപ്പിച്ചു. പ്ലാനിംഗ് ബോർഡ് അംഗം ഡോ. പി.കെ. ജമീല, എസ്.എച്ച്.എ. എക്സി. ഡയറക്ടർ ഡോ. അരുൺ എസ്. നായർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോർജ് എബ്രഹം, ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ഷീബ ജോർജ്, നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. സജിത് ബാബു, ഔഷധി ചെയർപേഴ്സൺ ശോഭനാ ജോർജ്, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. വിനയ് ഗോയൽ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. വിശ്വനാഥൻ, ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ഡോ കെ.എസ്. പ്രിയ, ആയുർവേദ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. ടി.ഡി. ശ്രീകുമാർ, ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ഡോ. എം.പി. ബീന, ഹോമിയോപ്പതി പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ ഡോ. ടി.കെ. വിജയൻ, ഡ്രഗ്സ് കൺട്രോളർ ഡോ. സുജിത് കുമാർ തുടങ്ങിയവർ പങ്കെടുത്തു.



# സ്റ്റാർ ലൊക്കേഷൻ ആയിരുന്ന മുപ്പാലം ഇന്നുമുതൽ നാൽപാലം



**ആലപ്പുഴ :** നഗരത്തിന്റെ പ്രതാപക്കാഴ്ചയായിരുന്ന പഴയ മുപ്പാലം നവീകരിച്ച് നാൽപാലമാക്കിയതിന്റെ ഉദ്ഘാടനം ഇന്ന് വൈകിട്ട് 6ന് മന്ത്രി പി.എ.മുഹമ്മദ് റിയാസ് നിർവഹിക്കും. പി.പി. ചിത്തരഞ്ജൻ എംഎൽഎ അധ്യക്ഷത വഹിക്കും. ചടങ്ങിന് മുന്നോടിയായി വയലിനിസ്റ്റ് ബിജു മല്ലാരി അവതരിപ്പിക്കുന്ന ഫ്യൂഷൻ സംഗീതവും അരങ്ങേറും. കൊമേഴ്സ്യൽ കനാലിനും വാടക്കനാലിനും ചുറ്റുമുള്ള കരകളെ ബന്ധിപ്പിക്കുന്ന പഴയ മുപ്പാലമാണ് നാലു ദിക്കിലേക്കും തുറക്കുന്ന നാൽപാലമായി മാറിയത്.

ബ്രിട്ടിഷ് ഭരണകാലത്ത് നിർമിച്ച മുപ്പാലത്തിന്റെ ബലക്ഷയം മൂലമാണു പുതുക്കിപ്പണിതത്.23 മീറ്റർ നീളവും 7.5 മീറ്റർ കാര്യേജ് വിസ്തൃതിയുമുള്ള മൂന്നു പാലങ്ങളും 26 മീറ്റർ നീളവും 7.5 മീറ്റർ കാര്യേജ് വിസ്തൃതിയുമുള്ള നാലാം പാലവും ഉൾപ്പെടുന്നതാണ് പുതിയ പാലം. 17.82 കോടി രൂപയാണ് നിർമാണച്ചെലവ്. ആലപ്പുഴ നഗരത്തിന്റെ ചരിത്രത്തോളം പഴക്കമുള്ള മുപ്പാലം രാജാ കേശവദാസിന്റെ കാലത്താണ് നിർമിച്ചത്.

**സ്റ്റാർ ലൊക്കേഷൻ**

നഗരഹൃദയത്തിലെ സിനിമകളുടെ ലൊക്കേഷൻ കൂടിയായിരുന്നു പഴയ മുപ്പാലം. വിവിധ ഇന്ത്യൻ ഭാഷകളിലെ സിനിമകൾക്ക് പാലം പശ്ചാത്തലമായി. പ്രേംനസീർ മുതൽ ഷാരൂഖ് ഖാൻ വരെ അഭിനയിച്ച സിനിമകൾ ഇവിടെ ചിത്രീകരിച്ചു.

**ചരിത്രം ചൂണ്ടിക്കാട്ടുന്നില്ലെന്ന് ജി.സുധാകരന്റെ വിമർശനം**

ആലപ്പുഴ : നാൽപാലത്തിന്റെ ഉദ്ഘാടനത്തെക്കുറിച്ച് പറയുമ്പോൾ അതിന്റെ ചരിത്രം ചൂണ്ടിക്കാട്ടുന്നില്ലെന്നു മുൻ മന്ത്രി ജി.സുധാകരന്റെ വിമർശനം. താൻ പൊതുമരാമത്ത് മന്ത്രിയായിരുന്ന കാലത്താണ് നാൽപാലം രൂപകൽപന ചെയ്തു നിർമാണം ആരംഭിച്ചത്. ആർക്കും ഒന്നും ഓർമയില്ല. ഓർമയില്ലാത്ത ഒരു തലമുറയെ വളർത്തിക്കൊണ്ടുവന്നാൽ പിന്നെ ചരിത്രമുണ്ടോയെന്നും അദ്ദേഹം ചോദിച്ചു. നിർമാണം പൂർത്തിയായ അഞ്ചു പാലങ്ങൾ കഴിഞ്ഞ മാർച്ചിൽ ജി.സുധാകരൻ സന്ദർശിച്ചിരുന്നു. അതിന്റെ പേരിലും സൈബർ ആക്രമണം നടന്നതായി അദ്ദേഹം പറഞ്ഞിരുന്നു.

# വീട്ടമ്മയെ പരുക്കേൽപിച്ച് സ്വർണ മാല കവർന്ന പ്രതികൾ അറസ്റ്റിൽ



**കുട്ടനാട് :** ചമ്പക്കുളത്തു വീട്ടമ്മയെ പരുക്കേൽപിച്ച് സ്വർണമാല കവർന്ന പ്രതികളെ പുളിങ്കുന്ന് പൊലീസ് സാഹസികമായി പിടികൂടി. വൈക്കം ഉദയനാപുരം സ്വദേശി പിതൃകുന്നതൊടിയിൽ സജീഷ് കുമാർ (കണ്ണൻ 29), കൈനകരി പൊങ്ങ ആലുംതറ വീട്ടിൽ അഖിൽ(26) എന്നിവരാണ് പിടിയിലായത്. ചമ്പക്കുളം കണ്ടങ്കരി ഭാഗത്ത് കഴിഞ്ഞ നാലിനാണ് ബൈക്കിലെത്തി വീട്ടമ്മയെ ആക്രമിച്ചു സ്വർണമാല കവർന്നത്. തട്ടാശ്ശേരി ജങ്കാർ ഇറങ്ങി വന്ന ബൈക്ക് യാത്രക്കാരനായ സജീഷ് കുമാർ വാഹന പരിശോധനയ്ക്കിടെ പൊലീസ് കൈ കാണിച്ചിട്ടു നിർത്താതെ പോവുകയായിരുന്നു. പട്രോളിങ്ങിലുണ്ടായിരുന്ന പൊലീസ് സംഘം ഇയാളെ പിന്തുടർന്നപ്പോൾ ബൈക്ക് ഉപേക്ഷിച്ച് പുഴയിൽ ചാടി. പുളിങ്കുന്ന് എസ്ഐമാരായ സജികുമാർ, സെബാസ്റ്റ്യൻ, സിപിഒമാരായ നിഖിൽ, സിജിത്ത്, വിഷ്ണു, ചിപ്പി, സനീഷ്, ദിനു, ഉല്ലാസ് എന്നിവർ ചേർന്നാണ് സാഹസികമായി കീഴ്പ്പെടുത്തിയത്. ഇയാളിൽ നിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ അമ്പലപ്പുഴ ഡിവൈഎസ്പി കെ.എൻ.രാജേഷ്, പുളിങ്കുന്ന് ഇൻസ്പെക്ടർ ആനന്ദബാബു, നെടുമുടി ഇൻസ്പെക്ടർ നൗഫൽ എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ തിരച്ചിലിലാണ് രണ്ടാമത്തെ പ്രതിയായ അഖിലിനെ പിടികൂടിയത്. ഇവർ പോക്സോ അടക്കം പല ക്രിമിനൽ കേസുകളിലും പ്രതികളാണ്. രാമങ്കരി കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

# അരൂക്കുറ്റി പാലത്തിൽ വിവിധ സ്ഥലങ്ങളിലായി ഇരുപതോളം കുഴികൾ



**പൂച്ചാക്കൽ :** അരൂക്കുറ്റി പാലത്തിൽ വിവിധ സ്ഥലങ്ങളിലായി ഇരുപതോളം കുഴികൾ. പലയിടത്തും കോൺക്രീറ്റ് കമ്പികൾ തെളിഞ്ഞിട്ടുമുണ്ട്. പതിറ്റാണ്ടുകൾ പഴക്കമുണ്ട് അരൂക്കുറ്റി പാലത്തിന്. ഒട്ടേറെത്തവണ കുഴികൾ രൂപപ്പെട്ടത് താൽക്കാലികമായി അടച്ചതാണ്. അടച്ച സ്ഥലങ്ങളിലെ കോൺക്രീറ്റ് ആവരണം മാറി വീണ്ടും കുഴികളായിട്ടുണ്ട്. ഇവയിൽ ചിലതിലാണ് അടിത്തട്ടിനോടു ചേർന്ന കോൺക്രീറ്റ് കമ്പിയും തെളിഞ്ഞ്, ഉയർന്നു നിൽക്കുന്നത്. ഇരുചക്ര വാഹനങ്ങളുടെ ടയറിന് ഉൾപ്പെടെ ഇത് ഭീഷണിയാണ്. കാൽനട യാത്രികർക്കു പരുക്കേൽക്കാനും സാധ്യത. ഒട്ടേറെപ്പേർ പ്രഭാത, സായാഹ്ന വ്യായാമത്തിന് അരൂക്കുറ്റി പാലം വഴി നടക്കാറുണ്ട്. പാലത്തിൽ തെരുവു വിളക്കുകൾ മുഴുവനായും കത്തുന്നില്ലെന്ന പരാതിയുമുണ്ട്. ദിവസവും നൂറുകണക്കിനു വാഹനങ്ങൾ കടന്നു പോകുന്നതാണ് അരൂക്കുറ്റി പാലം. അരൂർ തുറവൂർ ഉയരപ്പാത നിർമാണം നടക്കുന്നതിനാൽ കൂടുതൽ വാഹനങ്ങൾ സമാന്തര റോഡായ അരൂക്കുറ്റി ചേർത്തല റോഡിലൂടെയെത്തി പാലത്തിലൂടെ പോകുന്നുണ്ട്.

# ചെങ്ങന്നൂർ കെഎസ്ആർടിസി ഡിപ്പോയിലെ കാത്തിരിപ്പുകേന്ദ്രം; കാത്തിരിപ്പ് നീളുന്നു



**ചെങ്ങന്നൂർ** തുക അനുവദിച്ചിട്ടും തടസ്സങ്ങൾ ഒഴിഞ്ഞിട്ടും കെഎസ്ആർടിസി ഡിപ്പോയിൽ താൽക്കാലിക കാത്തിരിപ്പു കേന്ദ്രത്തിന്റെ നിർമാണം വൈകുന്നു. താൽക്കാലിക കാത്തിരിപ്പു കേന്ദ്രം നിർമിക്കാൻ എംഎൽഎ ഫണ്ടിൽ നിന്ന് 4.40 ലക്ഷം രൂപ അനുവദിച്ചിരുന്നു. സാങ്കേതികതടസ്സം ചൂണ്ടിക്കാട്ടി ധനവകുപ്പ് ആദ്യം ഫയൽ നിരസിച്ചിരുന്നു. പിന്നീടാണ് തുക അനുവദിച്ചത്.

ഡിപ്പോയിലെ പഴയ കെട്ടിടങ്ങൾ പൊളിച്ചു നീക്കിയിട്ട് 7 മാസങ്ങളായിട്ടും താൽക്കാലിക കാത്തിരിപ്പു കേന്ദ്രം നിർമിക്കാത്തതു യാത്രക്കാരെ വലയ്ക്കുകയാണ്. താൽക്കാലികമായി ഇൻഫർമേഷൻ സെന്ററും നൂറു പേർക്ക് ഇരിക്കാവുന്ന കാത്തിരിപ്പ് കേന്ദ്രവും എംസി റോഡിനോടു ചേർന്നു നിർമിക്കാനാണുപദ്ധതിയിട്ടത്.

മഴ പെയ്യുമ്പോൾ ബസ് സ്റ്റാൻഡിലെ കുഴികളിൽ വെള്ളവും ചെളിയും നിറഞ്ഞു കിടക്കുന്നതു യാത്രക്കാർക്കു ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. മഴയും വെയിലും കൊള്ളാതെ കയറിനിൽക്കാൻ ഇടമില്ല. പുതിയ ബസ് സ്റ്റാൻഡ് നിർമാണത്തിനു പൈലിങ് നടത്തിയിരുന്നു. 11.5 കോടി രൂപ ചെലവിലാണ് 32,000 ചതുരശ്ര അടി വിസ്തീർണത്തിൽ ഡിപ്പോയിൽ പുതിയ കെട്ടിടസമുച്ചയം നിർമിക്കുന്നത്. രണ്ടു നിലകളിൽ ഫ്രണ്ട് ബ്ലോക്കും നാലു നിലകളിൽ മെയിൻ ബ്ലോക്കുമാണു പുതുതായി നിർമിക്കുക.

കേരള പ്രണാമം
സത്യം വദ: ധർമ്മം ചര:



# കൈപ്പട്ടൂർ പരിശുദ്ധ വ്യാകുലമാതാ പള്ളിയിൽ ജപമാല തിരുനാൾ 17 മുതൽ 25 വരെ



**കൈപ്പട്ടൂർ** :പരിശുദ്ധ വ്യാകുലമാതാ പള്ളിയിൽ ജപമാല രാജ്ഞിയുടെ തിരുനാൾ 17 മുതൽ 26 വരെ തീയതികളിൽ ആഘോഷിക്കും. വെള്ളിയാഴ്ച വൈകിട്ട് 6ന് വികാരി ഫാ. മാത്യു മണവാളൻ കൊടിയേറ്റും. തുടർന്ന് ജപമാല രാജ്ഞിയുടെ തിരുസ്വരൂപം എഴുന്നള്ളിച്ച് വെക്കുകയും തൂക്ക് വിളക്കിൽ എണ്ണ പകരുകയും ചെയ്യും. തുടർന്ന് ആഘോഷമായ ദിവ്യബലി, പ്രസംഗം, ജപമാല, പരിശുദ്ധ കുർബാനയുടെ ആശീവാദം എന്നിവയുണ്ടാകും. തുടർന്നുള്ള ദിവസങ്ങളിൽ വൈകിട്ട് 6.15 ന് തിരുകർമ്മങ്ങൾ ആരംഭിക്കും. എട്ടാം ദിവസമായ വെള്ളിയാഴ്ച 5.30ന് കുട്ടികൾക്ക് വിദ്യാരംഭം ( ആദ്യാക്ഷരം കുറിക്കൽ) ഉണ്ടായിരിക്കും. ശനിയാഴ്ച 6 മണിക്ക് തിരുകർമ്മങ്ങൾ ആരംഭിക്കും. തേമാലി കരയായിരിക്കും അന്നത്തെ തിരുനാൾ പ്രസുദേന്തി. തിരുകർമ്മങ്ങൾക്ക് ശേഷം നടക്കുന്ന പള്ളി ചുറ്റി പ്രദക്ഷിണത്തിന് കത്തിച്ച മെഴുക് തിരിയും, ജപമാലയുമേന്തി ആയിരങ്ങൾ പങ്കെടുക്കും. സമാപന ദിവസമായ 26 ഞായറാഴ്ച 4.30 ന് പ്രസുദേന്തി വാഴ്ച ആരംഭിക്കും. നാനാ ജാതി മതസ്ഥരായ 3700 പ്രസുദേന്തിമാർ ചേർന്നാണ് തിരുനാൾ നടത്തുന്നത്. ആഘോഷമായ ദിവ്യബലിക്ക് ഫാ.ജോസഫ് ഇടശ്ശേരി. ഫാ.ഫ്രാൻസിസ് കുരിശിങ്കൽ എന്നിവർ മുഖ്യകാർമ്മികരാകും. തുടർന്ന് കാലടി പോലീസ്റ്റേഷൻ കവലയിലേക്ക് ജപമാല പ്രദക്ഷിണത്തിന് 101 പൊൻ കുരിശുകളും, 500 മുത്ത് കുടകളും, ചെണ്ടമേളം, ശിങ്കാരിമേളം, ബാൻറ് സെറ്റുകൾ എന്നിവ അണിനിരക്കും. 7000 മുഴം മുല്ലപ്പൂവിൽ തീർത്ത രഥത്തിലായിരിക്കും മാതാവിൻറെ തിരുസ്വരൂപം എഴുന്നള്ളിക്കുക. രണ്ട് ദിവസവും പുഷ്പവൃഷ്ടിയോടെയായിരിക്കും പള്ളിയിൽ പ്രവേശിക്കുക. മാതാവിന് പൂമാല ചാർത്തലാണ് പ്രധാന നേർച്ച. രോഗശാന്തിക്കായി തൂക്ക് വിളക്കിലെ എണ്ണ ഭക്തജനങ്ങൾ കൊണ്ട് പോകാറുണ്ട്. ഈ വർഷവും തിരുനാളിനോടനുബന്ധിച്ച് വിവിധ ചാരിറ്റി പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

തിരുനാൾ കമ്മറ്റിക്ക് വേണ്ടി വികാരി ഫാ.മാത്യു മണവാളൻ,കൈകാരൻമാരായ എം.വി. ജോയി മരോട്ടി കുടി, ടി.വി. ജോസ് താനത്താൻ, ജനറൽ കൺവീനർ സിബി ആൻറണി തോട്ടത്തിൽ, വൈസ് ചെയർമാൻ പീറ്റർ ഇത്താപ്പിരി, പബ്ലിസിറ്റി കൺവീനർ സെയിൻ തോമസ് കൈപ്രമ്പാടൻ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

## ലോറിയിൽ നിന്ന് ആസിഡ് തെറിച്ചുവീണു; ബൈക്ക് യാത്രികനായ യുവാവിന് ഗുരുതര പൊള്ളൽ

**കൊച്ചി:** ലോറിയിൽ നിന്ന് ആസിഡ് ശരീരത്തിൽ വീണ് ബൈക്ക് യാത്രികനായ യുവാവിന് ഗുരുതര പരിക്ക്. കൊച്ചിയിൽ വെണ്ടുരുത്തി പാലത്തിനും തേവര ജംഗ്ഷനും ഇടയിൽ വച്ചാണ് സംഭവം. ഇന്നലെ വൈകിട്ട് ഏഴുമണിയോടെയാണ് അപകടമുണ്ടായത്. തോപ്പുംപടി സ്വദേശി ബിനീഷിനാണ് ഗുരുതരമായി പൊള്ളലേറ്റത്.ലോറി റോഡിലെ ഗട്ടറിൽ വീണതോടെ പിന്നിൽ ബൈക്കിൽ വരികയായിരുന്ന ബിനീഷിന്റെ ശരീരത്തേയ്ക്ക് ആസിഡ് തെറിച്ചുവീഴുകയായിരുന്നു. യുവാവിന്റെ കൈകളിലാണ് കൂടുതൽ ആസിഡ് വീണത്. കഴുത്തിന്റെ ഭാഗത്തും പൊള്ളലേറ്റു. അപകടത്തിന് പിന്നാലെ ബിനീഷിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ലോറിയുടെ മുകൾ ഭാഗം അടച്ചിരുന്നില്ലെന്നാണ് വിവരം. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് ലോറിയിൽ ആഡിഡ് കൊണ്ടുപോയതെന്നും ആരോപണമുണ്ട്.

## കൂട്ട മാനഭംഗം:രണ്ട് യുവാക്കൾ അറസ്റ്റിൽ

**കളമശേരി:** രാസലഹരി നൽകി ബോധരഹിതയാക്കി കൂട്ട മാനഭംഗത്തിന് ഇരയാക്കിയെന്ന യുവതിയുടെ പരാതിയിൽ യുവാക്കൾ അറസ്റ്റിൽ. കോട്ടയം പുത്തൻ പറമ്പിൽ വീട്ടിൽ മാർട്ടിൻ ആന്റണി (27), മലപ്പുറം വടക്കേപ്പുറത്ത് വീട്ടിൽ ഫിറോസ് (28) എന്നിവരാണ് കളമശേരി പിടിയിലായത്. മലപ്പുറം സ്വദേശിനിയാണ് തിങ്കളാഴ്ച രാത്രി കളമശേരി പൊലീസിൽ പരാതി നൽകിയത്. നെടുമ്പാശേരിയിലെയും കളമശേരിയിലെയും ഫ്ലാറ്റുകളിൽ കൊണ്ടുപോയി നിർബന്ധിപ്പിച്ച് എം.ഡി.എം.എയും കഞ്ചാവും നൽകി ബോധരഹിതയാക്കി പീഡിപ്പിച്ചെന്ന് പരാതിയിൽ പറയുന്നു. നേരത്തേ കോളേജിൽ അദ്ധ്യാപികയായിരുന്ന യുവതിയും പ്രതികളും ഒരു ആഘോഷച്ചടങ്ങിലാണ് പരിചയപ്പെട്ടത്. പ്രതികൾ യൂസ്ഡ് കാർ വില്പനയും റെന്റ് എ കാർ ബിസിനസും നടത്തുന്നവരാണ്.

## മാനനഷ്ടക്കേസ്: ശോഭ സുരേന്ദ്രൻ നേരിൽ ഹാജരാകേണ്ട

**കൊച്ചി:** ആലപ്പുഴ എം.പി കെ.സി. വേണുഗോപാൽ നൽകിയ മാനനഷ്ടക്കേസിൽ ബി.ജെ.പി നേതാവ് ശോഭ സുരേന്ദ്രൻ ആലപ്പുഴ ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ നേരിട്ട് ഹാജരാകുന്നത് രണ്ടു മാസത്തേക്ക് ഹൈക്കോടതി തടഞ്ഞു. മജിസ്ട്രേറ്റ് കോടതിയുടെ തുടർനടപടികൾ റദ്ദാക്കണമെന്നാവശ്യപ്പെട്ട് ശോഭ നൽകിയ ഹർജിയിലാണ് ജസ്റ്റിസ് വി.ജി. അരുണിന്റെ നടപടി. മാനനഷ്ടക്കേസ് വിചാരണക്കോടതി പരിഗണിക്കുന്നതിനിടെ ഭാരതീയ നാഗരിക സുരക്ഷാ സംഹിത നിലവിൽ വന്നതിനാൽ സി.ആർ.പി.സി വകുപ്പുകൾ പ്രകാരമുള്ള തുടർനടപടി നിയമപരമല്ലെന്നാണ് ഹർജിക്കാരിയുടെ വാദം. ഇക്കാര്യം വിശദമായി പരിശോധിക്കണമെന്ന് വിലയിരുത്തിയാണ് ശോഭ വിചാരണക്കോടതിയിൽ നേരിട്ട് ഹാജരാകുന്നത് താത്കാലികമായി ഒഴിവാക്കിയത്. കരിമണൽ കച്ചവടത്തിന് കൂട്ടുനിന്ന് വേണുഗോപാൽ കോടികളുണ്ടാക്കിയെന്ന് അഭിമുഖത്തിൽ ശോഭ ആരോപിച്ചതാണ് കേസിന് ഇടയാക്കിയത്.



## പൂതംകുറ്റി പള്ളിയിൽ തോമസ് പ്രഥമൻ ബാവായുടെ ആണ്ട് ശ്രാദ്ധം 19

**അങ്കമാലി:** പൂതംകുറ്റി സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളിയിൽ ഇടവക സ്ഥാപകനായ ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവായുടെ ആണ്ട് ശ്രാദ്ധം ഒക്ടോബർ 19ന് വിപുലമായ പരിപാടികളോടെ നടത്തും. രാവിലെ 7.30ന് പ്രഭാതപ്രാർത്ഥനയും 8.15ന് വിശുദ്ധ കുർബ്ബാനയും 9.45 ന് ബാവായുടെ നാമത്തിൽ പ്രത്യേക ധൂപപ്രാർത്ഥനയും നടത്തും. അഭിവന്ദ്യ തോമസ് മാർ അലക്സന്ത്രിയോസ് മെത്രാപ്പോലീത്ത മുഖ്യകാർമ്മികത്വം വഹിക്കും. 10 ന് അനുസ്മരണ സമ്മേളനം ബെന്നി ബഹ്നാൻ എം. പി. ഉദ്ഘാടനം ചെയ്യും. വികാരി ഫാ. ജോസഫ് പള്ളിക്കൽ അദ്ധ്യക്ഷത വഹിക്കും. ബാവായുടെ സ്മരണാർത്ഥം ഇടവക ഏർപ്പെടുത്തിയിട്ടുള്ള മാർ ബസ്സോലിയോസ് തോമസ് പ്രഥമൻ ബാവ സ്മാരക എക്സലൻസ് അവാർഡ് ഗാർഡിയൻ ഏയ്ഞ്ചൽ പരീസ് മിഷൻ പാലിയേറ്റീവ് സെന്ററിന് ബെന്നി ബഹ്നാൻ എം. പി സമ്മാനിക്കും. പള്ളിയിൽ സ്ഥാപിക്കുന്ന ശ്രേഷ്ഠ ബാവായുടെ ഛായചിത്രം അഭിവന്ദ്യ തോമസ് മാർ അലക്സന്ത്രിയോസ് മെത്രാപ്പോലീത്ത അനാഛാദനം ചെയ്യും. മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. വി. ബിബീഷ് വാർഡ് മെമ്പർ കെ. എസ്. മൈക്കിൾ എന്നിവർ പ്രസംഗിക്കും. തുടർന്ന് ശ്രാദ്ധസദ്യയും ക്രമീകരിച്ചിട്ടുണ്ട്. വികാരി ഫാ. വർഗീസ് പള്ളിയ്ക്കൽ, ട്രസ്റ്റിമാരായ കെ. ടി.ഷാജി, എൽദോസ് കരേടത്ത്, സെക്രട്ടറി ടി. എം. യാക്കോബ്, കൺവീനർ പി. പി. എൽദോ എന്നിവർ നേതൃത്വം നൽകും

## 'കുട്ടിക്ക് മാത്രമല്ല സ്ഥാപനത്തിനും അവകാശമുണ്ട്, ശിരോവസ്ത്ര നയത്തിൽ മാറ്റമില്ല'; വിദ്യാഭ്യാസ മന്ത്രിയെ തള്ളി പിടിഎ പ്രസിഡന്റ്

**കൊച്ചി:** പള്ളുരുത്തി സെയ്ന്റ് റീത്താസ് പബ്ലിക് സ്കൂളിലെ ശിരോവസ്ത്ര തർക്കത്തിൽ വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടിയെ തള്ളി പിടിഎ പ്രസിഡന്റ് ജോഷി കൈതവളപ്പിൽ. ശിരോവസ്ത്രം അനുവദിക്കില്ലെന്ന സ്കൂളിന്റെ നയത്തിൽ മാറ്റമില്ലെന്നും നിയമം എല്ലാവർക്കും ബാധകമാണെന്നും പിടിഎ പ്രസിഡന്റ് പറഞ്ഞു. വിദ്യാർത്ഥിനിയെ ശിരോവസ്ത്രം ധരിക്കാൻ അനുവദിക്കാത്തത് ഗുരുതര വീഴ്ചയാണെന്നും ഭരണഘടന ഉറപ്പുനൽകുന്ന മതാചാര സ്വാതന്ത്ര്യത്തിന് വിരുദ്ധവുമാണെന്ന് മന്ത്രി ശിവൻകുട്ടി പറഞ്ഞിരുന്നു. മതവിശ്വാസത്തിന്റെ ഭാഗമായി ശിരോവസ്ത്രം ധരിച്ച് തുടർപഠനം നടത്താൻ കുട്ടിയെ അനുവദിക്കണം. ശിരോവസ്ത്രത്തിന്റെ നിറവും ഡിസൈനും സ്കൂൾ അധികൃതർക്ക് തീരുമാനിക്കാമെന്നും മന്ത്രി വ്യക്തമാക്കി.ഇതുസംബന്ധിച്ച് സ്കൂൾ മാനേജറും പ്രിൻസിപ്പളും ഇന്ന് റിപ്പോർട്ട് നൽകാനും വിദ്യാഭ്യാസ മന്ത്രി നിർദേശിച്ചിരുന്നു. ഈ പശ്ചാത്തലത്തിലാണ് പിടിഎ പ്രസിഡന്റ് രംഗത്തെത്തിയിരിക്കുന്നത്. കുട്ടിയുടെ അവകാശലംഘനത്തേക്കാളുപരി സ്ഥാപനത്തിന് അവകാശമുണ്ട്. 2018ൽ ഇതുസംബന്ധിച്ച് ഹൈക്കോടതി വിധിയുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് പ്രശ്നം പരിശോധിക്കപ്പെടേണ്ടത്. കുട്ടിയ്ക്ക് സ്കൂളിന്റെ നിയമത്തിനനുസരിച്ച് പഠനം തുടരാം. മന്ത്രിക്ക് റിപ്പോർട്ട് നൽകുന്നത് സംബന്ധിച്ച് തങ്ങൾക്ക് വിവരമൊന്നും ലഭിച്ചിട്ടില്ലെന്നും പിടിഎ പ്രസിഡന്റ് കൂട്ടിച്ചേർത്തു.പ്രശ്നങ്ങളെത്തുടർന്ന് കഴിഞ്ഞ കുറച്ച് ദിവസങ്ങളായി അടച്ചിട്ടിരുന്ന സ്കൂൾ ഇന്നാണ് തുറന്നത്. ക്രമസമാധാന പ്രശ്നം ചൂണ്ടിക്കാട്ടി സ്കൂൾ അധികൃതർ കോടതിയിൽ നിന്ന് പൊലീസ് സംരക്ഷണത്തിനുള്ള അനുമതിയും വാങ്ങിയിട്ടുണ്ട്.





## ലോറി വൈദ്യുതി ലെയിനിൽ തട്ടി കത്ത് പിടിച്ചു

**അങ്കമാലി:** കാലടി പഞ്ചായത്തിലെ വട്ടപ്പറമ്പിൽ ബെഡ് കൈറ്റി കൊണ്ടു കാലടിയിൽ നിന്നു തുറവൂർക്ക് പോയി കൊണ്ടിരുന്ന ലോറി വൈദ്യുതി ലെയിനിൽ തട്ടി കത്ത് പടിച്ചു ലോറിയിൽ ഉണ്ടായിരുന്ന ബഡ്കൾക്ക് കത്ത് പിടിച്ചു ലോറിയും കത്തി നശിച്ചു അങ്കമാലിയിൽ നിന്നു ഫയർഫോഴ്സും കാലടി പോലീസും വട്ടപ്പറമ്പിലെ നാട്ടുകാരും ചേർന്നു തീയച്ചു വൈദുതി മുടങ്ങി ലോറിയിൽ വലിയ പൊക്കത്തിലാണു ബെഡു കൈറ്റി കൊണ്ടുവന്നതിനാൽ വൈദ്യുതിലെ ചിനയിൽ തട്ടി കമ്പികുട്ടിയിടിച്ചു തീ പടരുകയായിരുന്നു ഡ്രൈവർ ഇറങ്ങി ഓടി രക്ഷപ്പെട്ടു മറ്റുനാശനഷ്ടങ്ങൾ ഒന്നും സംഭവിച്ചില്ല





# രോഗമില്ലാത്ത സമൂഹത്തെ സൃഷ്ടിക്കണം: ഗവർണർ

**മുളങ്കുന്നത്തുകാവ്:** രോഗമില്ലാത്ത സമൂഹത്തെ സൃഷ്ടിക്കുകയെന്നതാവണം ആരോഗ്യസംരക്ഷകരുടെ ലക്ഷ്യമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ 21-ാം ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു ഗവർണർ. നമ്മുടെ നാട്ടിൽ ഭിഷഗ്വര രോഗി അനുപാതം തൃപ്തികരമല്ല. നല്ല ആരോഗ്യമുള്ള സമൂഹത്തെ സൃഷ്ടിക്കുകയെന്നതാകണം പഠനോദ്ദേശ്യം. അതിനായി ആധുനിക വൈദ്യശാസ്ത്രത്തെയും പാരമ്പര്യ ചികിത്സാരീതികളെയും അവലംബിക്കാം. ജനങ്ങൾ വൈദ്യശാസ്ത്രജ്ഞരെ അത്യുന്നത വ്യക്തിത്വങ്ങളായി കണക്കാക്കുന്നു. ഗ്രാമങ്ങളിൽ വരെ സേവനം എത്തിച്ചേരേണ്ടതാണെന്നും ഗവർണർ കൂട്ടിച്ചേർത്തു.സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജിൽ പഠനം പൂർത്തീകരിച്ച 17,062 പേർക്കുള്ള ബിരുദ പ്രഖ്യാപനം നടന്നു. ബിരുദാനന്തര ബിരുദം, പി.ജി ഡിപ്ലോമ, പി.എച്ച്.ഡി നേടിയ 2,099 (പി.ജി: 2,093, പി.എച്ച്.ഡി: 6) പേർക്ക് ബിരുദ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. വിവിധ വിഷയങ്ങളിൽ ഒന്നാം റാങ്ക് നേടിയ 12 വിദ്യാർത്ഥികളെ മെമന്റോയും ക്യാഷ് അവാർഡും നൽകി ആദരിച്ചു. രണ്ടാംവർഷ എം.ബി.ബി.എസ് മൈക്രോബയോളജി റെഗുലർ പരീക്ഷകളിൽ കൂടുതൽ മാർക്ക് നേടിയ തൃശൂർ ഗവ. മെഡിക്കൽ കോളേജ് വിദ്യാർത്ഥിയായ അരുൺ ജയ് വാര്യർക്ക് ഡോ. സി.കെ.ജയറാം പണിക്കർ അവാർഡ് നൽകി. വൈസ് ചാൻസലർ ഡോ.മോഹനൻ കുന്നുമ്മൽ, പ്രൊ വൈസ് ചാൻസലർ സി.പി.വിജയൻ, രജിസ്ട്രാർ ഡോ.എസ്.ഗോപകുമാർ, പരീക്ഷാ കൺട്രോളർ ഡോ.എസ്.അനിൽ കുമാർ, ഫിനാൻസ് ഓഫീസർ എം.എസ്.സുധീർ തുടങ്ങിയവരും അറുന്നൂറോളം വിദ്യാർത്ഥികളും പങ്കെടുത്തു.



## 18 പഞ്ചായത്തുകളിലെ സംവരണ വാർഡ് കൂടി നിശ്ചയിച്ചു

**തൃശൂർ** :തദ്ദേശ തെരഞ്ഞെടുപ്പിനായി ജില്ലയിലെ തളിക്കുളം, അന്തിക്കാട്, ചേർപ്പ്, ഇരിങ്ങാലക്കുട ബ്ലോക്കുകളിൽ ഉൾപ്പെട്ട പഞ്ചായത്തുകളുടെ സംവരണ വാർഡുകൾ നറുക്കെടുപ്പിലൂടെ തീരുമാനിച്ചു. കലക്ടർ അർജുൻ പാണ്ഡ്യന്റെ നേതൃത്വത്തിലായിരുന്നു നറുക്കെടുപ്പ്. പട്ടികജാതി, പട്ടികജാതി വനിത, വനിത എന്നീ വിഭാഗങ്ങൾക്കായുള്ള വാർഡുകളാണ് നിശ്ചയിച്ചത്. തളിക്കുളം, അന്തിക്കാട്, ചേർപ്പ്, ഇരിങ്ങാലക്കുട എന്നീ നാല് ബ്ലോക്കുകളിലെ 18 പഞ്ചായത്തുകളിൽ ആകെ 204 വാർഡുകളാണ് സംവരണം ചെയ്യപ്പെട്ടിട്ടുള്ളത്. പഞ്ചായത്തുകളിലേക്കുള്ള നറുക്കെടുപ്പ് ഒക്ടോബർ 16 വരെ തുടരും. 18 ന് ബ്ലോക്ക് പഞ്ചായത്തുകളിലേക്കും 21ന് തൃശൂർ ജില്ലാപഞ്ചായത്തിലേക്കുമുള്ള നറുക്കെടുപ്പും നടക്കും. ഇരിങ്ങാലക്കുട?ബ്ലോക്ക് പഞ്ചായത്ത് കാറളം 13 പവർഹൗസ് (പട്ടികജാതി സ്ത്രീ സംവരണം), 10 -ഹരിപു (പട്ടികജാതി സംവരണം), 3 -ഇളംപുഴ, 4- ചെമ്മണ്ട, 6- കിഴുത്താണി ഈസ്റ്റ്, 11- താണിശ്ശേരി, 12- കല്ലട, 15- വെള്ളാനി ഈസ്റ്റ്, 16- കാറളം (സ്ത്രീ സംവരണം). കാട്ടൂർ 7 പൊഞ്ഞനം ഈസ്റ്റ് (പട്ടികജാതി സ്ത്രീ സംവരണം), 14- നെടുമ്പുര (പട്ടികജാതി സംവരണം), 1- കരാഞ്ചിറ നോർത്ത്, 2- കരാഞ്ചിറ സൗത്ത്, 3- ലേബർ സെന്റർ, 5- നരിക്കുഴി, 6- പൊഞ്ഞനം നോർത്ത്, 9 -മധുരംപിള്ളി, 12- കാട്ടൂർ ബസാർ (സ്ത്രീ സംവരണം). മുരിയാട് 8 തങ്കരാജ് നഗർ, 17- കപ്പാറ (പട്ടികജാതി സ്ത്രീ സംവരണം), 2- പാലക്കുഴി (പട്ടികജാതി സംവരണം), 4- പാറക്കാട്ടുക്കര, 6 -വട്ടപ്പറമ്പ്, 7-മുരിയാട് സെന്റർ, 10- പുല്ലൂർ അണ്ടികമ്പിനി, 11-ഊരകം ഈസ്റ്റ്, 13 -മുല്ലക്കാട്, 16 -ചേർപ്പുംകുന്ന് (സ്ത്രീ സംവരണം). പറപ്പൂക്കര 4 കുറുമാലി, 15- മുത്രത്തിക്കര വെസ്റ്റ് (പട്ടികജാതി സ്ത്രീ സംവരണം), 11 വൈലൂർ (പട്ടികജാതി സംവരണം), 1- മുളങ്ങ്, 2- പറപ്പൂക്കര പള്ളം, 3- രാപ്പാൾ, 6- പന്തല്ലൂർ, 9-ആലത്തൂർ നോർത്ത്, 10- കൊളത്തൂർ, 13- പേരാങ്കോത്ര, 14- മുത്രത്തിക്കര ( സ്ത്രീ സംവരണം)

## നിരോധിത വലകൾ ഉപയോഗിച്ച് മീൻപിടിത്തം:15 ലക്ഷം പിഴ

**കൊടുങ്ങല്ലൂർ** :നിരോധിത പെലാജിക് വല ഉപയോഗിച്ച് മീൻ പിടിച്ച രണ്ട് കർണാടക ബോട്ടുകൾക്ക് ഫിഷറീസ് വകുപ്പ് 15 ലക്ഷം രൂപ പിഴ ചുമത്തി. മംഗലാപുരം സ്വദേശികളായ മുഹമ്മദ് ഇഫ്ത്തിക്കർ, റിസാന മുഹമ്മദ് ഫിറോസ് എന്നിവരുടെ ഉടമസ്ഥതയിലുള്ള ബോട്ടുകൾക്കാണ് പിഴയിട്ടത്. നിരോധിച്ച മൂന്ന് പെലാജിക് വലകൾ ബോട്ടുകളിൽ നിന്ന് പിടിച്ചെടുത്തു. 16 സെന്റീമീറ്ററിൽ താഴെയുള്ള 5000 കിലോ അരണ മീനും പിടിച്ചെടുത്തു. അഴീക്കോട് ലൈറ്റ് ഹൗസ് പടിഞ്ഞാറ് ഭാഗത്ത് നിന്ന് പരമ്പരാഗത മത്സ്യനങ്ങൾക്ക് കേരള തീരത്ത് 12 നോട്ടിക്കൽ മൈലിനുള്ളിൽ മീൻപിടിത്തം നടത്താനുള്ള സ്പെഷ്യൽ പെർമിറ്റ് ഈ ബോട്ടുകൾക്ക് ഉണ്ടായിരുന്നില്ലെന്ന് ഫിഷറീസ് എക്സ്റ്റഷൻ ഓഫീസർ സി കെ മനോജിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തി. ബോട്ടുകളിൽ നിന്ന് കണ്ടുകെട്ടിയ ചെറുമത്സ്യങ്ങളെ പുറംകടലിൽ ഒഴുക്കി കളഞ്ഞു. അഴീക്കോട് ഫിഷറീസ് സ്റ്റേഷൻ അസിസ്റ്റന്റ് ഡയറക്ടർ കെ പി ഗ്രേസി നൽകിയ പ്രത്യേക അന്വേഷണ റിപ്പോർട്ടിൽ ജില്ലാ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറാണ് നടപടി സ്വീകരിച്ചത്.





ത്തൊഴിലാളികളാണ് ബോട്ടുകളെ തടഞ്ഞ് വച്ച് ഫിഷറീസ് മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പൊലീസ് ഉദ്യോഗസ്ഥരെ വിവരമറിയിച്ചത്. ഉദ്യോഗസ്ഥസംഘം രണ്ട് പട്രോളിങ് ബോട്ടുകളിലെത്തി കസ്റ്റഡിയിലെടുക്കുകയായിരുന്നു. ഇതര സംസ്ഥാന മത്സ്യബന്ധന യാബോട്ടുകളിൽ നിന്ന് കണ്ട് കെട്ടിയ ഉപയോഗയോഗ്യമായ മീനുകൾ അഴീക്കോട് ഫിഷ് ലാന്റിങ് സെന്ററിൽ പരസ്യലേലം ചെയ്ത് കിട്ടിയ 6,60,450 രൂപ ട്രഷറിയിൽ അടച്ചു. ആദ്യമായാണ് ഇത്രയും വലിയ തുക പിഴയിനത്തിൽ ഫിഷറീസ് വകുപ്പ് ഇടാക്കുന്നത്.

## ആൽഫ പാലിയേറ്റീവ് കെയർ വാക്കത്തോണിന് സമാപനം





*ലോക പാലിയേറ്റീവ് കെയർ ദിനാചരണത്തിന്റെ ഭാഗമായി ആൽഫ പാലിയേറ്റീവ് കെയറിന്റെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ നടത്തിയ വാക്കത്തോണിന്റെ സമാപനം തൃശൂർ തെക്കേ ഗോപുരനടയിൽ സിറ്റി പൊലീസ് കമീഷണർ നകുൽ രാജേന്ദ്ര ദേശ്മുഖ് ഫ്ളാഗ് ഓഫ് ചെയ്യുന്നു*

**തൃശൂർ** :ലോക പാലിയേറ്റീവ് കെയർ ദിനാചരണത്തിന്റെ ഭാഗമായി ആൽഫ പാലിയേറ്റീവ് കെയറും സ്റ്റുഡന്റ്സ് അസോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയറും സംയുക്തമായി സംഘടിപ്പിച്ച കംപാഷണേറ്റ് യൂത്ത് വാക്കത്തോണിന് സമാപനം. കാരുണ്യകേരളത്തിനായി യുവസമൂഹം എന്ന മുദ്രാവാക്യവുമായി ഒക്ടോബർ മൂന്നിന് തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിനു മുന്നിൽ നിന്ന് ആരംഭിച്ച വാക്കത്തോൺ ആൽഫയുടെ സെന്ററുകൾ പ്രവർത്തിക്കുന്ന കാസർകോട് അടക്കമുള്ള എട്ട് ജില്ലകൾ പിന്നിട്ടാണ് തൃശൂരിൽ സമാപിച്ചത്. തൃശൂർ തെക്കേ ഗോപുരനടയിൽനിന്നാരംഭിച്ച വാക്കത്തോൺ പി ബാലചന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. സിറ്റി പൊലീസ് കമീഷണർ നകുൽ രാജേന്ദ്ര ദേശ്മുഖ് ഫ്ലാഗ്ഓഫ് ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി എസ് പ്രിൻസ് മുഖ്യപ്രഭാഷണം നടത്തി. ആൽഫ പാലിയേറ്റീവ് കെയർ ചെയർമാൻ കെ എം നൂർദീൻ ദിനാചരണ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളജ് ബാൻഡിന്റെ അകമ്പടിയോടെയായിരുന്നു വാക്കത്തോൺ. തൃശൂർ വിമല കോളജ് വിദ്യാർഥിനികൾ മൂകാഭിനയം അവതരിപ്പിച്ചു. തൃശൂർ വാക്കേഴ്സ് ക്ലബംഗങ്ങളുടെ ബൈക്ക് റാലിയും അകമ്പടിയായുണ്ടായിരുന്നു. തെക്കേ ഗോപുരനടയിൽ സമാപന സമ്മേളനം കെ എം നൂർദീൻ ഉദ്ഘാടനം ചെയ്തു. മണപ്പുറം ഫൗണ്ടേഷൻ സമർപ്പിച്ച എൽഇഡി ഡിസ്പ്ലേ വാഹനത്തിന്റെ പ്രതീകാത്മക കൈമാറ്റം മണപ്പുറം ഫൗണ്ടേഷൻ സിഎസ്ആർ ഹെഡ് ശിൽപ്പ ട്രീസ സെബാസ്റ്റ്യൻ ആൽഫ ചെയർമാൻ കെ എം നൂർദീന് ചെക്ക് നൽകി നിർവഹിച്ചു.

## നാട്ടിക ജൂബിലി മന്ദിരം ഓപ്പൺ ഓഡിറ്റോറിയം ഉദ്ഘാടനം ഇന്ന്

**തൃപ്രയാർ** :നിർമാണം പൂർത്തിയാക്കിയ നാട്ടിക ജൂബിലി മന്ദിരം- ഓപ്പൺ ഓഡിറ്റോറിയത്തിന്റെ ഉദ്ഘാടനം വ്യാഴാഴ്ച നടക്കും. നാട്ടിക പഞ്ചായത്തിലെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക കൂട്ടായ്മകൾക്ക് ഒരു പൊതു ഇടം എന്ന സ്വപ്നം ഇതോടെ യാഥാർഥ്യമാവുകയാണ്. 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമാണം പൂർത്തിയാക്കിയ മന്ദിരം പകൽ മൂന്നിന് സി സി മുകുന്ദൻ എംഎൽഎ നാടിന് സമർപ്പിക്കും. 65 ലക്ഷം രൂപ വകയിരുത്തിയാണ് നിർമിച്ചത്. തൃപ്രയാർ പോളി ജങ്ഷന് തെക്ക് വശത്ത് പാർക്കിങ് സൗകര്യത്തോടെയുള്ള ഓപ്പൺ സ്റ്റേഡിയത്തിൽ വിദ്യാഭ്യാസ, കുടുംബശ്രീ, ക്യാമ്പുകൾ, വിവിധ കലാ സാംസ്കാരിക രാഷ്ട്രീയ പരിപാടികളും നടക്കും



## ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷന് പിഴ

**ആളൂർ:** ശുചിത്വം, മാലിന്യ സംസ്കരണം എന്നിവ ഉറപ്പാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ നേതൃത്വത്തിൽ ആളൂർ പഞ്ചായത്തിലെ പ്രധാന സ്ഥാപനങ്ങളിൽ പരിശോധന നടത്തി. പരിശോധനയിൽ മാലിന്യം അലക്ഷ്യമായി കൈകാര്യം ചെയ്തതിന് ഇരിങ്ങാലക്കുട റെയിൽവെ സ്റ്റേഷന് പിഴ ചുമത്തി നോട്ടീസ് നൽകി. പഞ്ചായത്തിലെ ആശുപത്രികൾ, ഓഡിറ്റോറിയങ്ങൾ, ബാർ ഹോട്ടലുകൾ, ലോഡ്ജുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിലും വ്യാപാര സ്ഥാപനങ്ങളിലും കേന്ദ്രീകരിച്ചാണ് പരിശോധന നടന്നത്. ജൈവ അജൈവ മാലിന്യ സംസ്കരണത്തിൽ വീഴ്ച പറ്റിയതും ഉപയോഗിച്ച വെള്ളം ജലാശയത്തിലേക്ക് ഒഴുക്കിയ സ്ഥാപനങ്ങൾക്കും ഉൾപ്പെടെ 55000 രൂപ പിഴ ചുമത്തി നോട്ടീസ് നൽകി. ജില്ലാ സ്ക്വാഡ് ടീം ലീഡർ രജിനേഷ് രാജൻ, ടീം അംഗം ജസ്റ്റിൻ സെബാസ്റ്റ്യൻ, ആളൂർ പഞ്ചായത്ത് അസി. സെക്രട്ടറി പി എം ഗംഗേഷ്, ഹെൽത്ത് ഇൻസ്പെക്ടർ കെ എസ് രൂപ എന്നിവരാണ് പരിശോധനയ്ക്ക് നേതൃത്വം നൽകിയത്. നിയമലംഘനം നടത്തിയ സ്ഥാപനങ്ങൾ പിഴ അടയ്ക്കണമെന്നും എത്രയും പെട്ടെന്ന് മാലിന്യ സംസ്കരണ സംവിധാനങ്ങൾ ശാസ്ത്രീയമായി മെച്ചപ്പെടുത്തണമെന്നും അധികൃതർ നിർദേശം നൽകി.

## പാലക്കാട് രണ്ട് യുവാക്കൾ വെടിയേറ്റ് മരിച്ച നിലയിൽ

**പാലക്കാട്:** കല്ലടിക്കോട് രണ്ട് യുവാക്കളെ വെടിയേറ്റ് മരിച്ച നിലയിൽ കണ്ടെത്തി. മൂന്നേക്കർ മരുതംകോട് സ്വദേശികളായ ബിനു, നിതിൻ എന്നിവരാണ് മരിച്ചത്. നിതിനെ വെടിവച്ച് കൊലപ്പെടുത്തിയ ശേഷം ബിനു ആത്മഹത്യ ചെയ്തതാണെന്നാണ് പ്രാഥമിക നിഗമനം. മരുതംകോട് സർക്കാർ സ്കൂളിന് സമീപത്തെ റോഡിലാണ് ഇവരെ മരിച്ച നിലയിൽ കണ്ടെത്തിയത്. ഇരുവരും അയൽവാസികളാണെന്നാണ് വിവരം. തൊട്ടടുത്ത് നിന്ന് ഒരു നാടൻ തോക്കും കണ്ടെടുത്തിട്ടുണ്ട്. നിതിനും ബിനുവും സുഹൃത്തുക്കളാണെന്നാണ് നാട്ടുകാർ പറയുന്നത്.

## നെന്മാറ സജിത കൊലക്കേസ്; ചെന്താമര കുറ്റക്കാരൻ, ശിക്ഷാ വിധി മറ്റന്നാൾ

**പാലക്കാട്:** പോത്തുണ്ടി സജിതാ കൊലക്കേസിൽ ചെന്താമര കുറ്റക്കാരനാണെന്ന് കോടതി. പാലക്കാട് നാലാം അഡീഷണൽ ജില്ലാ കോടതിയുടേതാണ് വിധി. കൊലപാതകം, തെളിവ് നശിപ്പിക്കൽ, അതിക്രമം എന്നീ കുറ്റങ്ങളാണ് തെളിഞ്ഞിരിക്കുന്നത്. മറ്റന്നാളായിരിക്കും കേസിൽ ശിക്ഷാ വിധി പ്രഖ്യാപിക്കുക. വിധി കേൾക്കാൻ സജിതയുടെ മക്കളായ അതുല്യയും അഖിലയും കോടതിയിലെത്തിയിരുന്നു. രാവിലെ 10.45ഓടെ തന്നെ പ്രതിയായ ചെന്താമരയെയും കോടതിയിലെത്തിച്ചിരുന്നു.2 019ഓഗസ്റ്റ് 31നാണ് അയൽവാസിയായ നെന്മാറ പോത്തുണ്ടി തിരുത്തമ്പാടം ബോയൻസ് കോളനിയിലെ സജിതയെ വീട്ടിൽ കയറി ചെന്താമര എന്ന ചെന്താമരാക്ഷൻ വെട്ടിക്കൊന്നത്. കടുത്ത അന്ധവിശ്വാസത്തിന് അടിമയായിരുന്നു ചെന്താമര. ഇയാളുടെ കുടുംബം തകർന്നതിന് പിന്നിൽ മുടിനീട്ടി വളർത്തിയ ഒരു യുവതിയാണെന്ന് ജ്യോത്സ്യൻ പറഞ്ഞിരുന്നു. ഭാര്യ പിണങ്ങിപ്പോകാൻ കാരണക്കാരിയാണെന്ന് സംശയിച്ചാണ് സജിതയെ കൊലപ്പെടുത്തിയത്. സാഹചര്യതെളിവുകളും പ്രതിയുടെ ഭാര്യ അടക്കം അൻപത് സാക്ഷികളുടെ മൊഴിയുമാണ് കേസിൽ നിർണായകമായത്. സജിത വീട്ടിൽ ഒറ്റയ്ക്കുള്ളതക്കം നോക്കിയായിരുന്നു ക്രൂരകൊലപാതകം നടത്തിയത്. കൊല നടന്ന ദിവസം മക്കൾ സ്കൂളിലും ലോറി ഡ്രൈവറായ ഭർത്താവ് സുധാകരൻ തമിഴ്നാട്ടിലുമായിരുന്നു. സജിത അടുക്കളയിൽ ഭക്ഷണം പാകം ചെയ്തുകൊണ്ടിരിക്കുന്നതിനിടെ ചെന്താമര കൊടുവാളുമായെത്തി ശരീരത്തിൽ തുടരെ തുടരെ വെട്ടി വീഴ്ത്തി. മരിച്ചെന്നുറപ്പായതോടെ രക്തം പുരണ്ട കൊടുവാൾ വീട്ടിൽ ഉപേക്ഷിച്ച് നെല്ലിയാമ്പതി മലയിൽ ഒളിവിൽ പോയി. വിശന്നുവലഞ്ഞതോടെ രണ്ടുദിവസത്തിന് ശേഷം മലയിറങ്ങുകയായിരുന്നു. പിന്നാലെയാണ് പൊലീസ് അറസ്റ്റ് ചെയ്തത്.

## 14 കർഷക ആശ്രയകേന്ദ്രങ്ങൾ സംസ്ഥാനത്ത് തുറക്കുന്നു

**പാലക്കാട്:** സംസ്ഥാനത്ത് കർഷകരെ സഹായിക്കാൻ 14 കർഷക ആശ്രയകേന്ദ്രങ്ങൾ തുറക്കുന്നു. നെല്ലു സംഭരണ രജിസ്ട്രേഷൻ മുതൽ കാർഷികവായ്പാ അപേക്ഷവരെ ഓൺലൈൻ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലേക്ക് മാറിയതോടെ കർഷകർക്കുള്ള ഡിജിറ്റൽ സേവനങ്ങൾ ഇവിടെ ലഭ്യമാകും. 14 ജില്ലകളിലും ഒന്നുവീതം തുറക്കാൻ നടപടിയായി. കർഷകസേവന പ്ലാറ്റ്ഫോമുകളായ കതിർ കേരള, എഐഎംഎസ്–1, പിഎം കിസാൻ എന്നിവയുടെ സേവനമാണ് കേന്ദ്രങ്ങളിൽ പ്രധാനമായും ലഭ്യമാവുക. ഇതിനുപുറമേ, ഫാർമർ രജിസ്ട്രി, സേവനപെൻഷൻ, റിലീസ്, സപ്ലൈകോ പാഡി, എഐഎംഎസ്–2, കെ–സിഫിറ്റ്, സ്മാം, പിഎംഎഫ്ബിവൈ, പിഎംകെഎസ്വൈ, എസ്എച്ച്എം, ട്രേസ് നെറ്റ്, കാബ്കോ, നവോധാൻ എന്നീ 13 കാർഷിക പ്ലാറ്റ്ഫോം സേവനങ്ങളും കേന്ദ്രത്തിൽ ലഭിക്കും. കൃഷിക്കൂട്ടങ്ങൾ, കൃഷിശ്രീ സെന്ററുകൾ അഗ്രോസർവീസ് സെന്ററുകൾ, കാർഷിക കർമസേനകൾ എന്നിവയുടെ സഹകരണത്തോടെയാണ് കേന്ദ്രം ആരംഭിക്കുക. കൂട്ടായ്മകളിലെ സാങ്കേതികപരിചയമുള്ള അംഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകി നിയമിക്കും. പരിശീലനത്തിന് കൃഷി ഡയറക്ടറേറ്റ് ഐടി സെൽ നേതൃത്വം നൽകും. പോർട്ടലുകളുടെ ഉപയോഗം ഡിജിറ്റൽ സേവനങ്ങളിലെ പ്രാഥമികതലത്തിലുള്ള ട്രബിൾ ഷൂട്ടിങ് എന്നിവയിലാവും പരിശീലനം.ആശ്രയകേന്ദ്രം തുറക്കുന്നതിന് ഓരോ ജില്ലയിലും ചെറുകിട നാമമാത്ര കർഷകർ കൂടുതലുള്ള അനുയോജ്യമായ സ്ഥലം ഉടൻ കണ്ടെത്തിനൽകാൻ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നിർദേശം നൽകിയതായി കൃഷിവകുപ്പധികൃതർ പറഞ്ഞു. കേന്ദ്രങ്ങളിൽ തടസ്സമില്ലാത്ത ഇന്റർ നെറ്റ് സേവനം കൃഷിവകുപ്പ് ഉറപ്പാക്കും. സർക്കാർ നിശ്ചയിച്ചിട്ടുള്ള സേവനനിരക്കിലാണ് കർഷകർക്ക് ഓൺലൈൻ പ്ലാറ്റ്ഫോം ഉപയോഗിക്കാനാവുക. സേവനങ്ങളും നിരക്കും കേന്ദ്രത്തിലെ ബോർഡിൽ പ്രദർശിപ്പിക്കും. ഉപഭോക്താവിന് രസീതും നൽകും. ഒരു കേന്ദ്രീകൃത ഡിജിറ്റൽ പേമെൻറ് ഗേറ്റ്‌വേയുമായി ആശ്രയകേന്ദ്രങ്ങളെ ബന്ധിപ്പിച്ചാവും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.കൃഷി അസി. ഡയറക്ടർ കർഷകക്കൂട്ടായ്മകളുമായി പ്രത്യേക കരാറുണ്ടാക്കിയാണ് സേവനകേന്ദ്രങ്ങളുടെ നടത്തിപ്പവകാശം കൈമാറുക. കൃഷിവകുപ്പ് നൽകുന്ന നിർദേശങ്ങൾക്കനുസരിച്ചാവും പ്രവർത്തനം. ഇതിനായി മാർഗനിർദേശങ്ങളും പുറത്തിറക്കി. പ്രാരംഭച്ചെലവിനത്തിൽ അരലക്ഷം രൂപവീതം ഓരോകേന്ദ്രത്തിനും അനുവദിച്ചിട്ടുണ്ട്.

## ഇടതുപക്ഷം വീണ്ടും അധികാരത്തിൽ വരുമെന്ന ഭയം, ഇ.ഡിയുടെ സമൻസ് വെറും നാടകം– എ.കെ ബാലൻ



**പാലക്കാട്:** മുഖ്യമന്ത്രി പിണറായി വിജയന്റെ മകൻ വിവേക് കിരണിന് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി) സമൻസ് അയച്ചുവെന്ന ആരോപണത്തിൽ പ്രതികരണവുമായി സിപിഎം കേന്ദ്ര കമ്മിറ്റി അംഗം എ.കെ ബാലൻ. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിൽ വീണ്ടുമൊരു ഗവൺമെന്റ് വരാൻ പോകുന്നുവെന്ന ധാരണ പൊതുവിലുണ്ട്. അത് നടക്കാതിരിക്കാനുള്ള നാടകങ്ങളാണ് ഇപ്പോൾ നടക്കുന്നതെന്ന് എ.കെ ബാലൻ പറഞ്ഞു. തങ്ങൾക്ക് ഇ.ഡിയുടെ സമൻസ് ലഭിച്ചിട്ടില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ തന്നെ വ്യക്തമാക്കിയതാണ്. സമൻസ് വന്നിട്ടും തങ്ങൾക്ക് എതിരേ തുടർനടപടിയെടുക്കാത്തത് എന്തുകൊണ്ടാണെന്ന് പിണറായി വിജയനാണോ ചോദിക്കേണ്ടതെന്നും എ.കെ ബാലൻ ചോദിച്ചു.പേരാമ്പ്രയിൽ യുഡിഎഫ് പ്രവർത്തകർക്കെതിരേ പോലീസ് സ്വീകരിച്ച നടപടിയെക്കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യത്തിന് എംഎൽഎ ആയതുകൊണ്ടോ എംപി ആയതുകൊണ്ടോ ഒരാൾക്ക് നിയമം ഇളവ് നൽകുന്നുണ്ടോയെന്നായിരുന്നു എ.കെ ബാലന്റെ മറുചോദ്യം. ഒരു സ്ഥലത്ത് ലോ ആൻഡ് ഓർഡർ പ്രശ്നമുണ്ടായാൽ പോലീസ് ഇടപെടും. അതിൽ എന്തെങ്കിലും പിഴവ് സംഭവിച്ചാൽ ഇരകളായവർക്ക് സർക്കാരിനെ സമീപിക്കാം. അതിൽ ഉചിതമായ തീരുമാനം സർക്കാരെടുക്കും. ആഭ്യന്തരവകുപ്പ് കൂടി കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രി പിണറായി വിജയൻ പോലീസുകാർക്കെതിരേ ശക്തമായ നിലപാട് അങ്ങനെ എടുത്തിട്ടുമുണ്ടെന്ന് എ.കെ ബാലൻ കൂട്ടിച്ചേർത്തു.

ശബരിമല സ്വർണപ്പാളി വിഷയത്തിൽ ആരോപണം ഉന്നയിച്ച വ്യക്തിയെ കൈയോടെ പിടിക്കാൻ സാധിച്ചുവെന്നും എ.കെ ബാലൻ വ്യക്തമാക്കി. ശബരിമല വിഷയത്തിൽ ഉപ്പുതിന്നവർ വെള്ളംകുടിക്കുമെന്ന പറഞ്ഞ എ.കെ ബാലൻ ഇതിൽ ഉൾപ്പെട്ട എല്ലാവരെയും വേരോടെ പിഴുതെടുത്ത് നിയമത്തിന് മുന്നിൽകൊണ്ടുവരുമെന്നും പ്രതികരിച്ചു.

## കൊല്ലങ്കോട്ട് അങ്കണവാടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ; അരക്കോടിയിലേറെ രൂപയുടെ ക്രമക്കേട് കണ്ടെത്തി

**കൊല്ലങ്കോട്:** കൊല്ലങ്കോട് ഐസിഡിഎസ് ഓഫീസിനുകീഴിലുള്ള അങ്കണവാടികൾ നവീകരിക്കാൻ അനുവദിച്ച 142 ലക്ഷം രൂപ ചെലവഴിച്ചതിൽ വൻ ക്രമക്കേട് കണ്ടെത്തി. ഫണ്ട് വിനിയോഗത്തിൽ വൻ ക്രമക്കേട് നടന്നിട്ടുള്ളതായി സ്ഥിരീകരിച്ചിട്ടുണ്ടെന്നും വനിത–ശിശുവികസന വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകുമെന്നും കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ. ചിന്നക്കുട്ടൻ പറഞ്ഞു. ഓർഡറിൽ വിലകൂടിയ സാധനങ്ങൾ കാണിക്കയും കുറഞ്ഞവിലയുള്ള സാധനങ്ങൾ ഇറക്കുകയും ചെയ്തതായി പഞ്ചായത്ത് നിയോഗിച്ച അന്വേഷണസമിതി കണ്ടെത്തി. കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 171 അങ്കണവാടികളിൽ 142 അങ്കണവാടികൾക്ക് സാധനസാമഗ്രികൾ വാങ്ങാൻ ഒരുലക്ഷം രൂപവീതം ചെലവഴിച്ച വകയിലാണ് അരക്കോടിയിലധികം രൂപയുടെ ക്രമക്കേട് നടന്നതെന്നാണ് ആരോപണം. സക്ഷം പദ്ധതിയിൽ അങ്കണവാടികൾക്ക് ജലശുദ്ധീകരണി, ടേബിൾ, ചെയറുകൾ, മാഗസിൻ റാക്ക്, ഷൂറാക്ക്, ടിവി, ഗ്രൈൻഡർ, മിക്സി, കയർമാറ്റ്, പെൻഡ്രൈവ് തുടങ്ങിയവ ജെം പോർട്ടൽവഴി വാങ്ങിയതിലാണ് ക്രമക്കേട് നടന്നിട്ടുള്ളതെന്ന് വിവരാവകാശരേഖ വ്യക്തമാക്കുന്നു. ഇടനിലക്കാരെ ഒഴിവാക്കാൻ കേന്ദ്ര സർക്കാർ കൊണ്ടുവന്ന പദ്ധതിയായ ജെംപോർട്ടൽ വഴി പത്തുലക്ഷംരൂപ വരെ വിലയുള്ള സാധനങ്ങൾ വാങ്ങുമ്പോൾ ദർഘാസ് ഒഴിവാക്കാം എന്ന ആനുകൂല്യത്തിന്റെ മറവിലാണ് ക്രമക്കേടെന്നും രേഖ വ്യക്തമാക്കുന്നു. ദർഘാസ് ഒഴിവാക്കാൻ ഒരേസാധനം തന്നെ പത്തുലക്ഷത്തിൽത്താഴെവരുന്ന പല ബില്ലുകളാക്കി നൽകിയാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. ഒരേസാധനം വാങ്ങുമ്പോൾ സ്പ്ലിറ്റ് പർച്ചേസ് പാടില്ലെന്ന നിയമം പാലിക്കയും ചെയ്തിട്ടില്ല. പർച്ചേസ് രേഖകളിൽ കാണിച്ചിട്ടുള്ള 14,358 രൂപ വിലയുള്ള ജലശുദ്ധീകരണിക്ക് പകരം 9,099 രൂപ വിലയുള്ള പ്യൂരിഫയറാണ് ഇറക്കിയിട്ടുള്ളത്. ഈ ഒരിനത്തിൽമാത്രം ഏഴുലക്ഷത്തിലധികം രൂപയുടെ തിരിമറി നടന്നതായാണ് കണ്ടെത്തിയിട്ടുള്ളത്. വിലകൂടിയ ഗ്രൈൻഡറിനുപകരം മിക്സി ഇറക്കിയതായും കണ്ടെത്തിയിട്ടുണ്ട്. ഇതിനുപുറമേ അങ്കണവാടികൾ ഭാഗികമായി പെയിന്റ് ചെയ്തതിലും ഫ്ലോർമാറ്റ് ഭാഗികമായി വിരിച്ചതിലുമുള്ള പരാതികളും ഉയർന്നിട്ടുണ്ട്. വിനിയോഗത്തെക്കുറിച്ച് പരാതി ലഭിച്ചപ്പോൾത്തന്നെ ബ്ലോക്ക് ഭരണസമിതിയിലെ അംഗങ്ങളായ നിസാർ (കൺ.), വൈസ് പ്രസിഡന്റ് മുംതാജ്, കെ.സി. കൃഷ്ണൻ, അനിത, പ്രസന്നകുമാരി എന്നിവരടങ്ങുന്ന അഞ്ചംഗ കമ്മിറ്റി അന്വേഷണം നടത്തിയെന്ന് കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ. ചിന്നക്കുട്ടൻ പറഞ്ഞു.ജില്ലാ ഓഫീസിലെ സീനിയർ സുപ്രണ്ടിന്റെ നേതൃത്വത്തിൽ കൊല്ലങ്കോട് ഐസിഡിഎസ് ഇടപാടുകളെക്കുറിച്ച് ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഈ ആഴ്ച റിപ്പോർട്ട് കിട്ടുമെന്നും ജില്ലാ വനിത–ശിശുവികസന ഓഫീസർ പ്രേംന ശങ്കർ പറഞ്ഞു.

## തിരുപ്പൂർ റെയിൽവേസ്റ്റേഷനിൽ അതിഥിത്തൊഴിലാളികളുടെ തിരക്ക്

തിരുപ്പൂർ : ദീപാവലി അടുത്തതോടെ നാട്ടിലേക്കുപോകാനുള്ള തിരക്കിലാണ് തിരുപ്പൂരിലെ അതിഥിത്തൊഴിലാളികൾ. ഇതിനാൽ, റെയിൽവേസ്റ്റേഷനിലും പരിസരത്തും പ്രധാന വാണിജ്യത്തെരുവുകളിലും വൻ തിരക്ക് അനുഭവപ്പെടുകയാണ്. ബിഹാർ, ഉത്തർപ്രദേശ്, ഝാർഖണ്ഡ്, ബംഗാൾ ഭാഗങ്ങളിലേക്കുള്ള തീവണ്ടികളിലാണ് തിരക്ക് കൂടുതൽ. ഏതാനും നിമിഷങ്ങൾമാത്രം നിർത്തുന്ന തീവണ്ടികളുടെ റിസർവ് ചെയ്യാത്ത ബോഗികളിലേക്ക് വാതിൽവഴിയും അടിയന്തര ജനലുകൾവഴിയും തൊഴിലാളികൾ ഇടിച്ചുകയറുകയാണ്.തിരക്ക് നിയന്ത്രിക്കാനും പടക്കവുമായി തീവണ്ടിയിൽ കയറുന്നുണ്ടോയെന്നടക്കം പരിശോധിക്കാനുമായി ചെന്നൈ, സേലം എന്നിവിടങ്ങളിൽ നിന്ന് കൂടുതൽ റെയിൽവേ സംരക്ഷണസേന (ആർപിഎഫ്) ഉദ്യോഗസ്ഥരെ തിരുപ്പൂരിൽ എത്തിച്ചിട്ടുണ്ട്. പടക്കങ്ങൾ തീവണ്ടിയിൽ കൊണ്ടുപോകുന്നത് ശിക്ഷാർഹമാണെന്ന് തൊഴിലാളികളെ ബോധവത്കരിക്കുന്നുണ്ടെന്ന് ആർപിഎഫ് ഉദ്യോഗസ്ഥർ പറയുന്നു. നല്ലൊരുവിഭാഗം അതിഥിത്തൊഴിലാളികളും ദീപാവലിക്കുമാത്രമാണ് നാട്ടിലേക്ക് പോകാറ്. പലരും ആഴ്ചകൾക്കുശേഷമായിരിക്കും തിരികെയെത്തുക. ഇത്തവണ ബിഹാറിൽനിന്നുള്ളവർ തിരഞ്ഞെടുപ്പിൽ വോട്ടും രേഖപ്പെടുത്തിയശേഷമേ മടങ്ങൂയെന്ന് പറയുന്നു. ഇതിനാൽ, ബന്ധുക്കൾക്കായി തിരുപ്പൂരിൽനിന്ന് വസ്ത്രങ്ങളും മധുരപലഹാരങ്ങളുമടക്കം വാങ്ങാനായി എത്തുന്നതിനാൽ ഖാദർപെട്ട്, ന്യൂ മാർക്കറ്റ് സ്ട്രീറ്റ് തുടങ്ങിയ പലയിടങ്ങളിലും പതിവിലും കൂടുതൽ തിരക്കനുഭവപ്പെടുന്നുണ്ട്. സിസിടിവി ക്യാമറകളിലൂടെയുള്ള നിരീക്ഷണം ശക്തിപ്പെടുത്തിയിട്ടുണ്ട്.



## നിർമാണം തടസ്സപ്പെടുത്തിയാൽ നടപടി: കലക്ടർ

**മലപ്പുറം:** മനുഷ്യവന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി സോളാർ വേലി സ്ഥാപിക്കുന്നത് തടസ്സപ്പെടുത്തുന്നവർക്കെതിരെ കർശനമായ നിയമനടപടി സ്വീകരിക്കുമെന്ന് കലക്ടർ വി ആർ വിനോദ്. വനം വകുപ്പ് നേതൃത്വത്തിൽ നടക്കുന്ന 45 ദിവസത്തെ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി നിലമ്പൂർ നോർത്ത് ഡിവിഷൻ ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെയും വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗത്തിലാണ് പരാമർശം. ഫെൻസിങ് പരിപാലനത്തിന് പഞ്ചായത്തുകൾ ഇന്നവേറ്റീവ് പ്രോജക്ടിൽ ഉൾപ്പെടുത്തി വാച്ചർമാരെ നിയമിക്കണമെന്നും തെരഞ്ഞെടുത്ത വാച്ചർമാർക്ക് വനംവകുപ്പ് പരിശീലനം നൽകണമെന്നും കലക്ടർ നിർദേശിച്ചു. മുണ്ടേരി വിത്ത് ഫാമിലെ തൊഴിലാളികളെ റൊട്ടേഷൻ അടിസ്ഥാനത്തിൽ ഫെൻസിങ് പരിപാലനത്തിന് വിനിയോഗിക്കും. ഇവർക്ക് പരിശീലനം നൽകും. വനമേഖലയോട് ചേർന്ന സ്വകാര്യ തോട്ടങ്ങളിലെ കാട് വെട്ടാൻ ഉടമകൾക്ക് നോട്ടീസ് നൽകും. അവഗണിച്ചാൽ പഞ്ചായത്തിന്റെ ചെലവിൽ കാടുവെട്ടി ഉടമയിൽനിന്ന് തുക ഈടാക്കും.നാടുകാണി ചുരത്തിൽ മാലിന്യം തള്ളുന്നത് തടയാൻ പഞ്ചായത്തുമായി ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിക്കും. ഊട്ടി മാതൃകയിൽ വിനോദസഞ്ചാരികളിൽനിന്ന് ഗ്രീൻ ടാക്സ് ഈടാക്കാനും തുക മനുഷ്യവന്യജീവി സംഘർഷ ലഘൂകരണത്തിന് ഉപയോഗിക്കാനും സർക്കാരിനോട് അനുമതി തേടും.കാട്ടുപന്നി നിയന്ത്രണവുമായി ബന്ധപ്പെട്ട് ഷൂട്ടർമാരുടെ പ്രതിഫലം വർധിപ്പിക്കുന്നത് പരിഗണിക്കാൻ അടിയന്തര യോഗം വിളിക്കും. സാമൂഹ്യസേവനത്തിന്റെ ഭാഗമായും ഈ പ്രവർത്തനം കാണണമെന്ന് കലക്ടർ ആവശ്യപ്പെട്ടു. വനംവകുപ്പിന്റെ ജില്ലാ എമർജൻസി ഓപറേഷൻ സെന്റർ ജില്ലാ ഭരണകേന്ദ്രം സെന്ററുമായി ബന്ധിപ്പിച്ച് പൊതുജനങ്ങൾക്ക് ഒരു നമ്പറിൽ വിളിക്കാനുള്ള സൗകര്യം ഒരുക്കാനും തീരുമാനിച്ചു.

## ലീഗ് ജില്ലാ കമ്മിറ്റിയുടെ സമ്മതത്തോടെയെന്ന് പ്രസിഡന്റ്

**മലപ്പുറം** സംസ്ഥാന സർക്കാർ തദ്ദേശ സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുന്ന വികസന സദസ്സുമായി സഹകരിക്കേണ്ടതില്ലെന്ന യുഡിഎഫ് തീരുമാനത്തിന് വിരുദ്ധമായി മംഗലം പഞ്ചായത്തിൽ സദസ്സ് സംഘടിപ്പിച്ചത് മുസ്ലിംലീഗ് ജില്ലാ കമ്മിറ്റിയുടെ അറിവോടെയാണെന്ന് പ്രസിഡന്റ് സി പി കുഞ്ഞുട്ടി. ജില്ലാ നേതൃത്വത്തിന്റെ സമ്മതത്തോടെയാണ് പരിപാടി നടത്തിയതെന്ന് മലപ്പുറത്ത് മാധ്യമപ്രവർത്തകരുടെ ചോദ്യത്തിന് മറുപടി നൽകി. 'പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളാണ് ചർച്ചചെയ്തത്. കോൺഗ്രസ് ഭരണത്തിലുള്ള വട്ടംകുളം പഞ്ചായത്തിലും വികസന സദസ്സ് നടന്നിട്ടുണ്ട്' കുഞ്ഞുട്ടി പറഞ്ഞു. ജില്ലയിൽ ആദ്യമായി വികസന സദസ്സ് സംഘടിപ്പിച്ചത് യുഡിഎഫ് ഭരണത്തിലുള്ള മംഗലം പഞ്ചായത്തിലായിരുന്നു. സർക്കാരിന്റെ തദ്ദേശ വികസന സദസ്സുമായി സഹകരിക്കേണ്ടെന്നാണ് യുഡിഎഫ് സംസ്ഥാന നേതൃത്വത്തിന്റെ നിർദേശം. എന്നാൽ തദ്ദേശ വികസന സദസ്സുമായി സഹകരിക്കാമെന്ന് ലീഗ് ജില്ലാ കമ്മിറ്റി നേരത്തെ സർക്കുലർ ഇറക്കിയിരുന്നു. കോൺഗ്രസ് നേതൃത്വം ഇടപെട്ട് ഇത് പിൻവലിപ്പിച്ചു. തുടർന്ന് ലീഗ് ജില്ലാ ജനറൽ സെക്രട്ടറിയായ പി അബ്ദുൾ ഹമീദ് എംഎൽഎ സർക്കാരിന്റെ വികസന സദസ്സുമായി സഹകരിക്കില്ലെന്നും സർക്കുലർ സാങ്കേതികപ്പിഴവാണെന്നുമാണ് മാധ്യമങ്ങളോട് പറഞ്ഞത്. യുഡിഎഫ് ഭരണത്തിലുള്ള തദ്ദേശസ്ഥാപനങ്ങളിൽ സ്വന്തം വികസന സദസ്സ് നടത്തുമെന്നും അറിയിച്ചു. എന്നാൽ, മുഖ്യമന്ത്രി പിണറായി വിജയന്റെയും തദ്ദേശമന്ത്രി എം ബി രാജേഷിന്റെയും ചിത്രങ്ങൾവച്ച പോസ്റ്ററടക്കം പ്രചരിപ്പിച്ച് സർക്കാർ പരിപാടിയായാണ് മംഗലം പഞ്ചായത്ത് വികസന സദസ്സ് സംഘടിപ്പിച്ചത്. പിന്നാലെ യുഡിഎഫ് നിർദേശം തള്ളി ജില്ലയിലെ മറ്റ് പഞ്ചായത്തുകളും സർക്കാർ നിർദേശമനുസരിച്ച് വികസന സദസ്സ് സംഘടിപ്പിച്ചു.

## പെരിന്തൽമണ്ണ വട്ടപ്പാറയിൽ പുലിയെ കണ്ടതായി നാട്ടുകാർ



**പെരിന്തൽമണ്ണ :** പെരിന്തൽമണ്ണ നഗരസഭയിലെ ജെ എൻ റോഡ് വട്ടപ്പാറയിൽ പുലിയെ കണ്ടതായി നാട്ടുകാർ. തിങ്കൾ രാത്രി പത്തോടെ പത്തത്ത് ഷമീറിന്റെ വീടിനുസമീപത്താണ് പുലിയെ കണ്ടത്. പൂച്ചയുടെ നിർത്താതെയുള്ള കരച്ചിൽ കേട്ടിരുന്നു. പിന്നീട്ട് വീട്ടുകാർ പുറത്തിറങ്ങി ടോർച്ചടിച്ച് നോക്കിയതിൽ പുലി പൊന്തക്കാട്ടിലേക്ക് പോയി. പേടിച്ച പൂച്ച മരത്തിൽ കയറിയതായും പറയുന്നു. വാർഡ് കൗൺസിലർ പത്തത്ത് ജാഫർ വനംവകുപ്പിൽ അറിയിച്ചതോടെ ചൊവ്വ രാവിലെ നിലമ്പൂർ ആർആർടി ഡെപ്യൂട്ടി ഓഫീസർ മനോജ് കുമാർ, ട്രോമാ കെയർ പെരിന്തൽമണ്ണ സ്റ്റേഷൻ യൂണിറ്റ് ലീഡറുമായ ജബ്ബാർ ജൂബിലി ഉൾപ്പെടെയുള്ളവർ സ്ഥലം സന്ദർശിച്ചു. പ്രദേശത്ത് പൊന്തക്കാടുകൾ നിറഞ്ഞ തെങ്ങിൻതോപ്പുകളാണ്. ഇവിടെ കാട്ടുപന്നി, തെരുവുനായ എന്നിവയുടെ സാന്നിധ്യമുള്ളതിനാൽ പുലി എത്താൻ സാധ്യതയുണ്ടെന്നും ജാഗ്രത വേണമെന്നും ഉദ്യോഗസ്ഥർ നിർദേശിച്ചു.എന്നാൽ മറ്റ് തെളിവുകൾ ലഭിക്കാത്തതിനാൽ പുലിയുടെ സാന്നിധ്യം സ്ഥിരീകരിക്കാനായിട്ടില്ല. ഒരുമാസംമുമ്പ് നഗരസഭ 26–ാം വാർഡിൽ തോട്ടക്കരയിൽ പുലിയെ കണ്ടിരുന്നു.

## വനിതാ ശിശുവികസന വകുപ്പ് സെമിനാർ നാളെ

'വിഷൻ 2031' പദ്ധതിയുടെ ഭാഗമായി വനിതാ ശിശുവികസന വകുപ്പ് സംഘടിപ്പിക്കുന്ന സംസ്ഥാന സെമിനാർ വ്യാഴം രാവിലെ 9.30ന് തിരൂരിലെ ബിയാൻകോ കാസിൽ ഹാളിൽ മന്ത്രി വീണാ ജോർജ് ഉദ്ഘാടനംചെയ്യും. സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായി 2017ൽ രൂപീകരിച്ച വനിതാ ശിശുവികസന വകുപ്പിന്റെ നേട്ടങ്ങൾ വിലയിരുത്തും. 2031നകം കൈവരിക്കേണ്ട ലക്ഷ്യങ്ങൾ, സുരക്ഷാ മാനദണ്ഡങ്ങൾ, ശാക്തീകരണ പദ്ധതികൾ, ശിശുവികസന സംരക്ഷണ രംഗത്തെ നൂതന സമീപനങ്ങൾ എന്നിവയും ചർച്ചചെയ്യും.'വനിതാ ശാക്തീകരണം –തൊഴിൽ പ്രാതിനിധ്യം' വിഷയത്തിൽ സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ചെയർപേഴ്സൺ റോസക്കുട്ടി മോഡറേറ്ററാകും. 'സ്ത്രീസൗഹൃദ കേരളം' സെഷൻ വനിതാ കമീഷൻ അധ്യക്ഷ അഡ്വ. പി സതീദേവി നയിക്കും. 'ബാലസുരക്ഷിത കേരളം' സെഷന് തിരുവനന്തപുരം റെയ്ഞ്ച് ഡിഐജി അജിത ബീഗം നേതൃത്വം നൽകും. 'ശിശു വികസനം: കേരള മാതൃക 2031' സെഷൻ മുൻ പ്ലാനിങ് ബോർഡംഗം മൃദുൽ ഈപ്പൻ മോഡറേറ്റ്ചെയ്യും. കേരളം വിഷൻ– 2031 കായിക സെമിനാർ നവംബർ മൂന്നിന് മലപ്പുറം റോസ് ലോഞ്ചിൽ നടക്കും. മന്ത്രി വി അബ്ദുറഹ്മാൻ ഉദ്ഘാടനംചെയ്യും. ഇതിന്റെ ഭാഗമായി 1973ൽ സന്തോഷ്ട്രോഫി നേടിയ ടീമിലെ അംഗങ്ങളെ നവംബർ രണ്ടിന് ആദരിക്കും. മലപ്പുറം എംഎസ്പി ഹയർ സെക്കൻഡറി സ്കൂളിലാണ് പരിപാടി. എംഎസ്പി കമ്യൂണിറ്റി ഹാളിൽ 'വിഷൻ 2031 എക്സ്പോ' കായിക നേട്ടങ്ങളുടെ പ്രദർശനവും നടത്തും.

## വിദേശമദ്യവുമായി പിടിയിൽ



**കൊണ്ടോട്ടി :** വിമാനത്താവളത്തിലെ ഡ്യൂട്ടിഫ്രീ ഷോപ്പിൽനിന്ന് കടത്തിയ പത്ത് ലിറ്റർ വിദേശമദ്യവുമായി മുൻ സിബിഐ കേസിലെ പ്രതി പിടിയിൽ. തിങ്കളാഴ്ച അർധരാത്രിയോടെ കരിപ്പൂർ പൊലീസ് നടത്തിയ പരിശോധനയിലാണ് കരിപ്പൂർ പറമ്പാട്ട് പള്ളിയാളി അബ്ദുറഹ്മാൻ (പൈതൽ 45) പിടിയിലായത്. വാഹനത്തിന്റെ സീറ്റുകൾക്കിടയിലാണ് 17 മദ്യക്കുപ്പികൾ സൂക്ഷിച്ചിരുന്നത്.അനധികൃത വിൽപ്പനക്കായി സൂക്ഷിച്ചവയായിരുന്നെന്ന് പൊലീസ് പറഞ്ഞു.പരിശോധനയ്ക്കിടെ ഇയാളുടെ സഹായികൾ എത്തുകയും പൊലീസ് ഉദ്യോഗസ്ഥരുടെ ഇരുചക്രവാഹനങ്ങൾ നശിപ്പിക്കുകയുംചെയ്തതായും പരാതിയുണ്ട്.2005ൽ കരിപ്പൂരിൽ നടന്ന സിബിഐ റെയ്ഡുമായി ബന്ധപ്പെട്ട കേസിലും 2023ലെ മറ്റൊരു ക്രിമിനൽ കേസിലും പ്രതിയാണ് അബ്ദുറഹ്മാൻ.

## ട്രാഫിക് ബോധവത്കരണം: ക്ലാസുമായി തിരൂർ പോലീസ്

**തിരൂർ:** കാൽനടയാത്രക്കാർ വാഹനാപകടത്തിൽപ്പെടുന്ന സാഹചര്യത്തിൽ ട്രാഫിക് ബോധവൽക്കരണ ക്ലാസുമായി തിരൂർ പൊലീസ്. വിവിധ സ്ഥലങ്ങളിലെത്തി കാൽനടയാത്രക്കാർക്കും വിദ്യാർത്ഥികൾക്കും ഡ്രൈവർമാർക്കും ബോധവത്കരണം നൽകി. തിരൂർ ടൗൺ, തലക്കടത്തൂർ, ബി.പി അങ്ങാടി, കൂട്ടായി, തിരുനാവായ, ആലത്തിയൂർ എന്നിവിടങ്ങളിലാണ് പരിശീലന പരിപാടികളും ബോധവൽക്കരണവും നടത്തിയത്. ജനമൈത്രി കോഓർഡിനേറ്റർ സബ് ഇൻസ്പെക്ടർ നസീർ തിരൂർക്കാട് പരിശീലന പരിപാടിക്ക് നേതൃത്വം നൽകി. പൊലീസ് ഉദ്യോഗസ്ഥരായ രഘുനാഥ്, എം. ശ്രിജേഷ് ബാൽ എന്നിവരും പങ്കാളികളായി.

## 2200 കിലോ നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടികൂടി



**പരപ്പനങ്ങാടി:** വീട്ടിൽ സൂക്ഷിച്ച പുകയില ഉൽപ്പന്നങ്ങളും വിദേശ സിഗരറ്റും പിടികൂടി. പരപ്പനങ്ങാടി എക്സൈസിന്റെ പരിശോധനയിലാണ് മൂന്നിയൂർ തലപ്പാറ ജങ്ഷനുസമീപം കൈതകത്ത് വീട്ടിൽ ലത്തീഫിന്റെ വീട്ടിൽനിന്ന് പുകയില ഉൽപ്പന്നങ്ങൾ പിടികൂടിയത്. 30 ചാക്കുകളിലായി 2200 കിലോയാണ് പിടിച്ചെടുത്തത്. നിയമപരമായ മുന്നറിയിപ്പില്ലാത്ത വിദേശ നിർമിത സിഗരറ്റുകളാണ് കണ്ടെത്തിയത്. എക്സ്സൈസ് ഇൻസ്പെക്ടർക്ക് ലഭിച്ച രഹസ്യ വിവരത്തെ തുടർന്നായിരുന്നു പരിശോധന. വൻ റാക്കറ്റാണ് ഇതിന് പിന്നിൽ പ്രവർത്തിക്കുന്നതെന്നും ജില്ലയിൽ പുകയില ഉൽപ്പന്നങ്ങൾ വിതരണംചെയ്യുന്ന മൊത്തവിൽപ്പനക്കാരിൽ ഒരാളാണ് പിടിയിലായതെന്നും എക്സൈസ് അധികൃതർ പറഞ്ഞു. ലത്തീഫിന്റെ പേരിൽ പുകയില ഉൽപ്പന്നങ്ങൾ സൂക്ഷിച്ചതിന് കേസെടുത്തിട്ടുണ്ട്. എക്സ്സൈസ് ഇൻസ്പെക്ടർ കെ ടി ഷാനൂജ്, അസി. എക്സ്സൈസ് ഇൻസ്പെക്ടർമാരായ ടി ദിനേശ്, അജിത് കുമാർ, ഇന്റലിജൻസ് ബ്യൂറോ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ മിനുരാജ് എന്നിവരടങ്ങിയ സംഘമാണ് പരിശോധന നടത്തിയത്.

## കുടിവെള്ളപദ്ധതി പഞ്ചായത്ത് രേഖയിലില്ല; ആദിവാസി നഗറിലുള്ളവർ പഞ്ചായത്ത് സെക്രട്ടറിയെ ഉപരോധിച്ചു

**കാളികാവ് :** നെല്ലിയാംപാടം ആദിവാസി നഗറിലെ കുടിവെള്ളപദ്ധതിയുടെ കിണർ പഞ്ചായത്ത് രേഖയിൽനിന്ന് അപ്രത്യക്ഷമായി. അധികൃതരുടെ അനാസ്ഥയിൽ പ്രതിഷേധിച്ച് ചോക്കാട് ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിയെ ആദിവാസികൾ ഉപരോധിച്ചു. കുടിവെള്ളപ്രശ്നത്തിന് പരിഹാരം തേടിയെത്തിയപ്പോൾ കുടിവെള്ളപദ്ധതിയുടെ കിണർതന്നെ ആസ്തിരജിസ്റ്ററിൽ ഇല്ലെന്ന അധികൃതരുടെ മറുപടി ആദിവാസികളെ പ്രകോപിതരാക്കുകയായിരുന്നു. 10 വർഷത്തിലേറെയായി പ്രദേശത്തുകാർ ഉപയോഗിച്ച പൊതു കിണറാണിത്. ജില്ലാപഞ്ചായത്തും ഗ്രാമപ്പഞ്ചായത്തും കുടിവെള്ളപദ്ധതിക്ക് ഒന്നിലധികംതവണ ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. നിലവിലുള്ള ജില്ലാപഞ്ചായത്ത് നിർമിച്ച കുടിവെള്ളപദ്ധതി തകരാറിലായിട്ടുണ്ട്. കുടിവെള്ളപദ്ധതിയുടെ അറ്റകുറ്റപ്പണിക്ക് അനുവദിച്ച ഫണ്ട് പാഴാകുമെന്ന ആശങ്കയിൽ കിണർ രേഖയിൽനിന്നു നീക്കിയതാകാമെന്ന് പ്രതിഷേധക്കാർ ആരോപിച്ചു. കുടിവെള്ളത്തിനായി മറ്റു മാർഗമില്ലാതെ നെല്ലിയാംപാടത്തുകാർ പ്രയാസത്തിലാണ്. രണ്ടുലക്ഷം രൂപ വകയിരുത്തിയ കുടിവെള്ളപദ്ധതി രേഖയിൽ ഇല്ലെന്നത് വിചിത്രമാണെന്ന് ഗ്രാമപ്പഞ്ചായത്തംഗം കെ.ടി. സലീന പറഞ്ഞു. പഞ്ചായത്തിന്റെ അനാസ്ഥയ്ക്കെതിരേ ഗ്രാമപ്പഞ്ചായത്ത് അംഗങ്ങളായ കെ.ടി. സലീന, കെ. ഷാഹിനാബാനു, എം. അൻവർ, കെ.ടി. മജീദ്, സിപിഎം ലോക്കൽ സെക്രട്ടറി കെ.ടി. മുജീബ് എന്നിവരുടെ നേതൃത്വത്തിലാണ് പഞ്ചായത്ത് സെക്രട്ടറിയെ ഉപരോധിച്ചത്. പ്രശ്നം പരിശോധിച്ച് രണ്ടുദിവസത്തിനകം പരിഹരിക്കാം എന്ന ഉറപ്പിലാണ് ഉപരോധം അവസാനിപ്പിച്ചത്. കാളികാവ് എസ്ഐ ഇല്ലിക്കൽ അൻവർ സാദത്തിന്റെ നേതൃത്വത്തിൽ പോലീസും സ്ഥലത്തെത്തി. വാർഡുകളിലെ പദ്ധതികൾ ആസ്തി രേഖയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ഗ്രാമപ്പഞ്ചായത്തുകൾക്ക് നിർദേശം നൽകിയിരുന്നതായി പ്രസിഡന്റ് പറഞ്ഞു.ആസ്തിരേഖയിൽ ഉൾപ്പെടാതെ ഫണ്ട് അനുവദിച്ചതിനെക്കുറിച്ച് അറിയില്ലെന്നും പ്രസിഡൻറ് ഇ.പി. സിറാജുദ്ദീൻ പറഞ്ഞു. ഇപ്പോഴത്തെ സമരം രാഷ്ട്രീയപ്രേരിതമാണെന്നും പ്രസിഡൻറ് പറഞ്ഞു.

# പേരാമ്പ്രയിലെ സംഘർഷം; അഞ്ച് യുഡിഎഫ് പ്രവർത്തകർ അറസ്റ്റിൽ





**കോഴിക്കോട്:** പേരാമ്പ്രയിലെ സംഘർഷത്തിൽ പൊലീസിനുനേരെ സ്ഫോടക വസ്തുവെറിഞ്ഞ കേസിൽ അഞ്ച് യുഡിഎഫ് പ്രവർത്തകർ അറസ്റ്റിൽ. സംഘർഷ സമയത്ത് പൊലീസിനുനേരെ യുഡിഎഫ് പ്രവർത്തകർ സ്ഫോടക വസ്തു എറിഞ്ഞെന്ന എൽഡിഎഫ് ആരോപണത്തിൽ പേരാമ്പ്ര പൊലീസ് അന്വേഷണം ആരംഭിക്കുകയും കേസെടുക്കുകയുമായിരുന്നു.ജീവന് അപായം വരുത്തണമെന്ന ലക്ഷ്യത്തോടെ സ്ഫോടക വസ്തു വലിച്ചെറിഞ്ഞെന്നും പൊലീസുകാർക്കിടയിൽ ഉഗ്ര ശബ്ദത്തോടെ പൊട്ടിത്തെറിച്ചെന്നുമാണ് എഫ്ഐആറിൽ പറയുന്നത്. ദൃശ്യങ്ങൾ പരിശോധിച്ചതിൽ നിന്ന് യുഡിഎഫ് പ്രവർത്തകർ പൊലീസിനുനേരെ കുപ്പി എറിയുന്നത് കണ്ടെത്തിയെന്ന് പൊലീസ് അറിയിച്ചു. പൊട്ടിത്തെറി നടക്കുന്നതും ദൃശ്യങ്ങളിൽ വ്യക്തമാണ്.പൊലീസിന്റെ ഗ്രനേഡോ ,കണ്ണീർവാതകമോ പ്രയോഗിക്കുമ്പോഴുണ്ടാകുന്ന രീതിയിലല്ല സ്ഫോടനത്തിന്റെ ദൃശ്യങ്ങളെന്നും പേരാമ്പ്ര പൊലീസ് പറഞ്ഞു. പേരാമ്പ്രയിൽ സംഘർഷത്തിനിടിയിൽ ഷാഫി പറമ്പിൽ എംപിക്ക് പരിക്കേറ്റിരുന്നു. മേലുദ്യോഗസ്ഥരുടെ ഉത്തരവില്ലാതെയാണ് എംപി ഉൾപ്പെടെയുള്ള കോൺഗ്രസ് നേതാക്കൾക്കെതിരെ പൊലീസ് ലാത്തി പ്രയോഗം നടത്തിയതെന്ന റൂറൽ എസ്പിയുടെ തുറന്നുപറച്ചിലും വിവാദമുണ്ടാക്കിയിട്ടുണ്ട്. സംഘർഷത്തിൽ ഷാഫി ഉൾപ്പെടെ എഴുന്നൂറോളം പേർക്കെതിരെയാണ് കേസെടുത്തിട്ടുള്ളത്.ഉത്തരമേഖല ഡിഐജി യതീഷ് ചന്ദ്രയുടെയും വടകര റൂറൽ എസ്പി കെ ഇ ബൈജുവിന്റെയും നേതൃത്വത്തിലാണ് അന്വേഷണം നടക്കുന്നത്. കഴിഞ്ഞ ദിവസം കൂടുതൽ പരിശോധനയ്ക്കായി സ്ഫോടനം നടന്ന സ്ഥലം അന്വേഷണസംഘം സന്ദർശിച്ചിരുന്നു. ഡോഗ് സ്ക്വാഡും ഫോറൻസിക് ഉദ്യോഗസ്ഥരും സ്ഥലത്തെത്തി പരിശോധിച്ചു.

## മലബാർ ദേവസ്വത്തിലും തട്ടിപ്പ് വീരന്മാർ ? 3 പേർക്കെതിരെ നടപടിയെടുത്ത് ബോർഡ്



**കോഴിക്കോട്:** മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ബാലുശ്ശേരി കോട്ട പരദേവതാ ക്ഷേത്ര സ്വർണം തട്ടിയ സംഭവം പുറത്തുവന്നതിന് പിന്നാലെ കൂടുതൽ ക്ഷേത്രങ്ങളിലെ ക്രമക്കേടുകൾ പുറത്ത്. ക്ഷേത്ര സ്വത്തുക്കൾ തട്ടിയെടുത്ത മൂന്ന് എക്സിക്യൂട്ടീവ് ഓഫീസർമാർക്കെതിരെ ബോർഡ് അടുത്ത കാലത്ത് നടപടിയെടുത്തിട്ടുണ്ട്. രാഷ്ട്രീയ സ്വാധീനമുള്ളതിനാൽ പല സംഭവങ്ങളിലും നടപടി ഉണ്ടായിട്ടില്ലെന്നാണ് വിവരം. ഒരു എക്സിക്യുട്ടീവ് ഓഫീസറുടെ അനാസ്ഥ കാരണം വട്ടോളി ശിവ പാർവതി ക്ഷേത്രത്തിലെ 10 ഏക്കർ ഭൂമി നഷ്ടമായി. ഇയാൾക്കെതിരെ നടപടിയെടുത്തിരുന്നു.കോട്ട പരദേവതാ ക്ഷേത്രത്തിൽ മുൻ എക്സിക്യൂട്ടീവ് ഓഫീസർ ടി.ടി. വിനോദൻ 60 പവന്റെ ക്രമക്കേടാണ് നടത്തിയതെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് ഒ.കെ. വാസു പറഞ്ഞു.

പ്രശ്നമായതോടെ 40 പവനോളം തിരിച്ചേൽപ്പിച്ചു. ക്രിമിനൽ കേസ് കൊടുത്തിട്ടുണ്ട്. വിനോദന് ചുമതലയുണ്ടായിരുന്ന 10 ക്ഷേത്രങ്ങളിൽ രണ്ടിടത്തെ കണക്കുകൾ മാത്രമാണ് കൃത്യമായി നൽകിയത്.മലബാർ ദേവസ്വം ബോർഡിൽ പാരമ്പര്യ ട്രസ്റ്റിമാരുടെ ഭരണമാണ്. ബോർഡിന് ഇടപെടാൻ പരിമിതികളുണ്ട്. നടപടികളുണ്ടാകുമ്പോൾസംരക്ഷിക്കാൻ യൂണിയനുകളും ഇറങ്ങും

## കോഴിക്കോട് അവയവമാറ്റ ആശുപത്രി വരുന്നു

**കോഴിക്കോട്:** ചേവായൂരിലൊരുങ്ങുന്ന സംസ്ഥാനത്തെ ആദ്യത്തെ അവയവമാറ്റ ആശുപത്രിയുടെ ( ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂഷൻ) പ്രാഥമിക പദ്ധതി രേഖ(ഡി.പി.ആർ) ആരോഗ്യവകുപ്പിന് സമർപ്പിച്ചു.ഇൻസ്റ്റിറ്റ്യൂട്ടിന്റെയും പുതുക്കിപ്പണിയുന്ന ഡെർമറ്റോളജി ഹോസ്പിറ്റലിന്റെയും ആർക്കിടെക്ചറൽ പ്ലാനുകൾ, ഹോസ്പിറ്റൽ ക്യാമ്പസിന്റെ മാസ്റ്റർ പ്ലാൻ എന്നിവയാണ് നിർവഹണ ഏജൻസിയായ എച്ച്.എൽ.എൽ ഇൻഫ്രാടെക് സർവീസസ് ലിമിറ്റഡ് തയ്യാറാക്കിയത്. 643.88 കോടി രൂപയുടെ കിഫ്ബി ഫണ്ട് വിനിയോഗിച്ചാണ് ചേവായൂർ ത്വക് രോഗാശുപത്രി വളപ്പിലെ 20 ഏക്കറിൽ ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നത്. സാങ്കേതിക അനുമതിക്കായുള്ള നടപടികൾ കിഫ്ബി മുഖാന്തിരം നടന്നുകൊണ്ടിരിക്കുകയാണ്. മൂന്ന് ഘട്ടങ്ങളിലായാണ് പ്രവൃത്തി നടപ്പിലാക്കുക. ആദ്യഘട്ടത്തിൽ 400.21 കോടി, രണ്ടാം ഘട്ടത്തിൽ 183.41 കോടി, 33 കെ.വി പവർ സപ്ലൈ സ്ഥാപിക്കുന്നതിന് 18.52 കോടി രൂപ എന്നിങ്ങനെയാണ് ചെലവഴിക്കുക. സ്ഥലം കൈമാറുന്നതിന്റെ ഭാഗമായുള്ള ഭൂമി സർവ്വേ റവന്യൂ വകുപ്പ് പൂർത്തിയാക്കി. 30 വർഷത്തേക്ക് സ്ഥലം പാട്ടത്തിനെടുക്കുന്ന നടപടി പുരോഗമിക്കുകയാണ്.ആറുനിലകളുള്ള നാല് ബ്ലോക്കുകളിലായാണ് ഇൻസ്റ്റിറ്റ്യൂട്ട്. അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരികയാണ് ലക്ഷ്യം. ആശുപത്രിക്കുപുറമേ ഗവേഷണം,പരിശീലനം, അദ്ധ്യാപനം എന്നിവയുമുണ്ടാകും. 219 ജനറൽ കിടക്കകൾ, 42 പ്രത്യേക വാർഡ് കിടക്കകൾ, 58 ഐ.സി.യു കിടക്കകൾ, 83 എച്ച്.ഡി.യു കിടക്കകൾ, 16 ശസ്ത്രക്രിയാമുറികൾ, ഡയാലിസിസ് സെന്റർ, ട്രാൻസ്പ്ലാന്റേഷൻ ഗവേഷണകേന്ദ്രം എന്നിവയുൾപ്പെടെ 510 കിടക്കകളുള്ള സംവിധാനമാണ് വിഭാവനം ചെയ്തിരിക്കുന്നത്.ആശുപത്രി പ്രവർത്തനങ്ങൾ താത്കാലികമായി ആരംഭിക്കുന്നതിന് കോഴിക്കോട് കോളേജിൽ പി.എം.എസ്.എസ് ബ്ലോക്കിൽ സൗകര്യം ഒരുക്കി. പ്രൊജക്ട് ഓഫീസും ആരംഭിച്ചു. മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ ഹൈറ്റ്സ് സ്ഥാപനത്തിന് അനുമതി നൽകി. 14.40 കോടി രൂപയാണ് ഇതിനായി ചെലവഴിക്കുക.

## പി നിഖിൽ ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്



**കോഴിക്കോട് :**ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റായി പി നിഖിലിനെ തെരഞ്ഞെടുത്തു. ഡോ. വിറോയ് ജോൺ വൈസ് പ്രസിഡന്റ്. സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രതിനിധിയായി ടി എം അബ്ദുറഹിമാനെയും തെരഞ്ഞെടുത്തു. ജില്ലാ റോവിങ് അസോസിയേഷൻ പ്രതിനിധിയായാണ് നിഖിൽ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് സ്ഥാനത്തേക്ക് എത്തുന്നത്. 65 അംഗ ജനറൽ കൗൺസിലിലെ 61 പേർ തെരഞ്ഞെടുപ്പിൽ പങ്കാളികളായി. ഫറോക്ക് സ്വദേശിയായ നിഖിൽ സിപിഐ എം ജില്ലാ സെക്രട്ടറിയറ്റംഗമാണ്. വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഡോ. റോയ് ജോൺ വി അക്വാട്ടിക് അസോസിയേഷൻ പ്രതിനിധിയാണ്. നിലവിൽ ജില്ലാ സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റുമാണ്. സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രതിനിധിയായ ടി എം അബ്ദുറഹിമാൻ പുതുപ്പാടി ഗവ. ഹയർ സെക്കൻഡറി സ്കൂൾ മുൻ കായികാധ്യാപകനാണ്.

## നല്ലളത്ത് തീപിടിത്തം

ഫറോക്ക് നല്ലളം ബസാറിന് സമീപം ജയന്തി റോഡിൽ ഫാമിലി പാലസ് ഓഡിറ്റോറിയ (ഗിരീഷ് തിയേറ്റർ)ത്തിന് മുന്നിലുള്ള പഴയ പ്ലാസ്റ്റിക്- ഇരുമ്പു വസ്തുക്കളുടെ സംഭരണകേന്ദ്രത്തിൽ വൻ അഗ്നിബാധ. നല്ലളം സ്വദേശി അഷ്റഫിന്റെ ഉടമസ്ഥതയിലുള്ള ആക്രി സംഭരണ കേന്ദ്രം പൂർണമായും നല്ലളം സ്വദേശി പി നിസാറിന്റെ എൻഎസ്ആർ മോട്ടോർ പാർട്ട്സ് എന്ന സ്ഥാപനം ഭാഗികമായും കത്തിനശിച്ചു. ചൊവ്വ രാത്രി പതിനൊന്നരയോടെയായിരുന്നു തീപടർന്നത്.മീഞ്ചന്ത, ബീച്ച് സ്റ്റേഷനുകളിൽനിന്ന് നാല് യൂണിറ്റ് അഗ്നിസുരക്ഷാ സേനയെത്തി ഒരുമണിക്കൂറിലേറെ നേരം കഠിനപ്രയത്നത്തിലൂടെയാണ് തീ കൂടുതൽ സ്ഥാപനങ്ങളിലേക്ക് പടരാതെ നിയന്ത്രിച്ചത്.പന്ത്രണ്ടരയോടെ ജെസിബി ഉപയോഗിച്ച് വസ്തുക്കൾ നീക്കിയും വെള്ളമടിച്ചും തീകെടുത്തുകയുംചെയ്തു.



## മലയോരത്ത് തെരുവുനായ്ക്കൾ വിലസുന്നു

**താമശേരി:** മലയോരപ്രദേശങ്ങളിൽ തെരുവുനായശല്യം രൂക്ഷമാകുന്നു. ആഴ്ചകൾക്കുള്ളിൽ തെരുവുനായ കുറുകെ ചാടി ബൈക്കിൽനിന്നുവീണ് വീട്ടമ്മ മരിക്കുകയും രണ്ട് സ്ത്രീകൾക്ക് പരിക്കേൽക്കുകയും ചെയ്തു. താമരശേരി, പുതുപ്പാടി, കട്ടിപ്പാറ പഞ്ചായത്തുകളിൽ തെരുവുനായ്ക്കൾ അക്രമം രൂക്ഷമാണ്. കഴിഞ്ഞ നാലിനാണ് തെരുവുനായ ബൈക്കിനുമുന്നിൽ ചാടി കൂടത്തായി പൂവ്വോട്ടിൽ ആയിശക്കുട്ടി ചികിത്സയിലിരിക്കെ മെഡിക്കൽ കോളേജിൽ മരിച്ചത്. കഴിഞ്ഞ 12ന് രാത്രി താമരശേരിക്ക് സമീപം നെരൂക്കും ചാലിൽ തെരുവുനായ കുറുകെ ചാടിയതിനെ തുടർന്ന് സ്കൂട്ടർ നിയന്ത്രണംവിട്ട് മറിഞ്ഞ് രണ്ട് യുവതികൾക്ക് പരിക്കേറ്റിരുന്നു. പേരാമ്പ്ര സ്വദേശികളായ ആർദ്ര, ആതിര എന്നിവർക്കാണ് പരിക്കേറ്റത്. ചമൽ അങ്ങാടിയിലെയും സമീപപ്രദേശങ്ങളിലെയും ഇടവഴികളും ജങ്ഷനുകളും നായ്ക്കളുടെ വിഹാരകേന്ദ്രമാണ്. വാഹനയാത്രികർ ഭയത്തോടെയാണ് സഞ്ചരിക്കുന്നത്. നായകൾ കുറുകെ ചാടി നിരവധി ഇരുചക്രവാഹന യാത്രക്കാരാണ് അപകടത്തിൽപ്പെട്ടത്. ചമൽ, കോളിക്കൽ, കല്ലുള്ളതോട് പുലോട് തുടങ്ങി എല്ലാ പ്രദേശങ്ങളിലും തെരുവുനായ ശല്യമുണ്ട്. താമരശേരി പഴയ ബസ് സ്റ്റാൻഡ് പരിസരത്ത് രാത്രിയായാൽ നായകയുടെ വിളയാട്ടമാണ്. നഗരത്തിൽ അലക്ഷ്യമായി വലിച്ചെറിയുന്ന മാലിന്യം ഭക്ഷിക്കാൻ കൂട്ടത്തോടെ നായ്ക്കൾ എത്തുന്നതും ഭീഷണിയാണ്. വളർത്തുമൃഗങ്ങളെയും മറ്റും കടിച്ചുകൊല്ലുന്നതും പതിവാണ്.

## ഡിപ്രഷനെക്കുറിച്ചുള്ള വിവാദ പ്രസ്താവന; നടി കൃഷ്ണപ്രഭയ്ക്കെതിരെ മുഖ്യമന്ത്രിക്ക് പരാതി



**കോഴിക്കോട്:** മാനസികാരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് നടി കൃഷ്ണപ്രഭ നടത്തിയ പരാമർശങ്ങൾക്കെതിരെ മുഖ്യമന്ത്രിക്ക് പരാതി. നടി വിഷാദരോഗത്തെ നിസാരവൽക്കരിച്ചുവെന്ന് ആരോപിച്ചാണ് തൃശൂർ കൈപ്പമംഗലം സ്വദേശി ധനഞ്ജയ് മുഖ്യമന്ത്രിക്ക് പരാതി നൽകിയത്. ഒരു യൂട്യൂബ് ചാനലിന് നൽകിയ അഭിമുഖത്തിലെ പരാമർശങ്ങളാണ് വിവാദമായത്.'പണ്ടത്തെ വട്ട്, ഇപ്പോഴത്തെ ഡിപ്രഷൻ' എന്നാണ് നടി അഭിമുഖത്തിൽ തമാശരൂപേണ പരാമർശിച്ചത്. മാനസികാരോഗ്യ പ്രശ്നമുള്ളവരെ കൂടുതൽ ഒറ്റപ്പെടുത്താനും ചികിത്സ തേടുന്നതിൽ നിന്ന് പിന്തിരിപ്പിക്കാനും സാദ്ധ്യതയുള്ള അശാസ്ത്രീയ പ്രസ്താവന, പൊതുസമൂഹത്തിൽ വലിയ സ്വാധീനമുള്ള വ്യക്തിയുടെ ഭാഗത്ത് നിന്ന് വന്നത് അതീവ ഗൗരവത്തോടെ കാണണമെന്നും പരാതിയിൽ പറയുന്നുണ്ട്. വിവാദപരമായ പരാമർശങ്ങൾ ഉൾപ്പെട്ട വീഡിയോ ഭാഗം യൂട്യൂബിൽ നിന്ന് ഉടൻ നീക്കം ചെയ്യാൻ സർക്കാർ ഇടപെടണം, നടി കൃഷ്ണപ്രഭ പൊതുജനങ്ങളോട് നിരുപാധികം ക്ഷമ ചോദിക്കുകയും മാനസികാരോഗ്യത്തെക്കുറിച്ച് ശരിയായ അവബോധം നൽകുകയും ചെയ്യണമെന്നും പരാതിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.മാനസികാരോഗ്യ സംരക്ഷണത്തിന് സർക്കാർ വലിയ പ്രാധാന്യം നൽകുമ്പോൾ, ഇത്തരം പ്രസ്താവനകൾ എല്ലാ ബോധവൽക്കരണ ശ്രമങ്ങളെയും തകർക്കുന്നതാണ്. വിഷാദം കളിയാക്കേണ്ട ഒന്നല്ല, കൃത്യമായ ചികിത്സ ആവശ്യമുള്ള ഒരു രോഗാവസ്ഥയാണെന്നും പരാതിയിൽ പറഞ്ഞിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് വിഷയത്തിൽ അടിയന്തരമായ ഇടപെടൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നതായും ധനഞ്ജയ് കൂട്ടിച്ചേർത്തു.



# വർഷങ്ങൾക്ക് ശേഷം മാനന്തവാടി പുതുശ്ശേരി വളവ് കെഎസ്ആർടിസി സർവീസ് പുനരാരംഭിക്കുന്നു




**കൽപറ്റ** :മാനന്തവാടി-പുതുശ്ശേരി വളവ് റൂട്ടിൽ വർഷങ്ങൾക്ക് ശേഷം കെഎസ് ആർടിസി ബസ് സർവീസ് പുനരാരംഭിക്കുന്നു. എടവക ഗ്രാമ പഞ്ചായത്തിലെ തോണിച്ചാൽ, പയങ്ങാട്ടിരി, പാലമുക്ക്, പള്ളിക്കൽ, കല്ലോടി, അയിലമൂല തുടങ്ങിയ പ്രദേശങ്ങളിലൂടെ സർവീസ് നടത്തുന്ന ബസിനായി പ്രദേശത്തെ ജനങ്ങൾ ഏറെ നാളായി ആവശ്യമുന്നയിച്ചു വരികയായിരുന്നു. മാനന്തവാടി എംഎൽഎയും മന്ത്രിയുമായ ഒ.ആർ.കേളുവിന്റെ ഇടപെടലിലാണ് ബസ് ആരംഭിക്കാൻ സാധ്യത തുറന്നത്.നേരത്തെ പുതുശ്ശേരി വളവിൽ നിന്ന് സർവീസ് നടത്തിയിരുന്ന കെഎസ്ആർടിസി ബസ്, ദൂരസ്ഥലങ്ങളിൽ നിന്ന് രാത്രി സമയങ്ങളിൽ എത്തുന്നവർക്കും, രാവിലെ നേരെ പുറപ്പെടുന്ന യാത്രക്കാർക്കും ഏറെ സഹായകരമായിരുന്നു. പിന്നീട് ഈ സർവീസ് നിലയ്ക്കുകയായിരുന്നു. തവിഞ്ഞാൽ ഗ്രാമ പഞ്ചായത്തിലെ പുതിയിടത്തേക്കും ആദ്യമായി ബസ് സർവീസ് ആരംഭിച്ചു. ഇരുന്നൂറിലധികം കുടുംബങ്ങൾ താമസിക്കുന്ന പ്രദേശത്തെ യാത്രാദുരിതം ഇതോടെ അവസാനിക്കും.പുതിയിടം നിവാസികളുടെ നിരന്തരമായ അഭ്യർഥനയുടെയും ഇടപെടലിന്റെയും അടിസ്ഥാനത്തിൽ മാനന്തവാടി - മക്കിമല റൂട്ടിൽ നിലവിലുള്ള കെഎസ്ആർടിസി സർവീസ് പുനഃക്രമീകരിച്ചാണ് സർവീസ് നടത്തുന്നത്. വിനോദ സഞ്ചാരികളുടെ ഇഷ്ടകേന്ദ്രമായി മാറികൊണ്ടിരിക്കുന്ന പുതിയിടം മുനീശ്വരൻകുന്ന് ഹരിത ടൂറിസം കേന്ദ്രത്തിലേക്കെത്തുന്ന പ്രധാന പാതയിലൂടെയാണ് പുതിയ ബസ് സർവീസെന്നതിനാൽ സഞ്ചാരികൾക്കും ഏറെ പ്രയോജനപ്പെടും. രാവിലെ ഏഴ് മുതൽ വൈകിട്ട് ആറ് വരെ വിവിധ സമയങ്ങളിൽ ബസ് സർവീസ് ഉണ്ടാകും. മാനന്തവാടി -പുതുശ്ശേരി വളവ് ബസ് റൂട്ടും സമയ വിവരവും

രാവിലെ 07:10 മാനന്തവാടി - കല്ലോടി 07:40
07:45 കല്ലോടി - മാനന്തവാടി 08:15
08:20 മാനന്തവാടി - കല്ലോടി 08:50
08:55 കല്ലോടി - മാനന്തവാടി 09:25
വൈകിട്ട് 4:00 മാനന്തവാടി - കല്ലോടി 4:30
4:35 കല്ലോടി - മാനന്തവാടി 5:05
8:50 മാനന്തവാടി - പുതുശ്ശേരി വളവ് 9:45
രാവിലെ 6:00 പുതുശ്ശേരി വളവ് - മാനന്തവാടി 06:55

## മുഖ്യമന്ത്രിയുടെ മകനുള്ള ഇഡി നോട്ടീസ് ബിജെപി അക്കൗണ്ട് തുറക്കാനുള്ള നോട്ടീസെന്ന് മുരളീധരൻ



**കൽപ്പറ്റ:** ശബരിമലയിലെ സ്വർണക്കൊള്ള ഹൈക്കോടതി മേൽനോട്ടത്തിൽ സി.ബി.ഐ അന്വേഷിക്കണമെന്ന് മുൻ കെ.പി.സി.സി പ്രസിഡന്റ് കെ മുരളീധരൻ വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു. ശബരിമല വിഷയത്തിൽ എഡി.ജി.പിയുടെ നേതൃത്വത്തിലുള്ള നിലവിലെ അന്വേഷണ സംഘം ഹൈക്കോടതിക്ക് കൊടുക്കുന്ന റിപ്പോർട്ട് സർക്കാരിന്റെ താത്പര്യത്തിന് ചേർന്നതല്ലെങ്കിൽ മുഖ്യമന്ത്രി അവരെ ഉപദ്രവിക്കാൻ സാദ്ധ്യതയുണ്ട്. യോഗേഷ് ഗുപ്ത ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ അനുഭവം അതാണ്. അതുകൊണ്ട് ഈ റിസ്ക് അന്വേഷണസംഘം എടുക്കുമോയെന്ന സംശയം കോൺഗ്രസിനുണ്ട്.മുഖ്യമന്ത്രിയുടെ മകന് ഇഡി അയച്ച നോട്ടീസ് ഏൽപ്പിച്ച ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയതായാണ് ഒടുവിൽ പുറത്തു വരുന്ന വിവരം. ഇഡിയുടെ നോട്ടീസ് മുതൽ സുരേഷ് ഗോപിയുടെ വിജയം വരെ ചേർത്തു വായിക്കുമ്പോൾ, മുഖ്യമന്ത്രിയുടെ മകന് നൽകിയ ഇഡി നോട്ടീസ് ബി.ജെ. പിയുടെ കേരളത്തിലെ അക്കൗണ്ട് തുറക്കാനുള്ള നോട്ടീസായാണ് മനസിലാകുന്നതെന്നും അദ്ദേഹം പറഞ്ഞു.

## ജില്ലാ സ്കൂൾ ശാസ്ത്രോത്സവത്തിന് ഇന്ന് തുടക്കം

**മാനന്തവാടി:** ജില്ലാ സ്കൂൾ ശാസ്ത്രോത്സവം മുട്ടിൽ ഡബ്ല്യുഎംഒ സ്കൂളിൽ വ്യാഴാഴ്ച ആരംഭിക്കും. രാവിലെ 10ന് മന്ത്രി ജെ ചിഞ്ചുറാണി മേള ഉദ്ഘാടനംചെയ്യും. സമാപന സമ്മേളനം 17ന് മന്ത്രി ഒ ആർ കേളു ഉദ്ഘാടനം ചെയ്യും. ശാസ്ത്ര ഗണിത, സാമൂഹികശാസ്ത്ര, പ്രവൃത്തി പരിചയ, വിവര സാങ്കേതിക വിഭാഗങ്ങളിൽ 1500 ഓളം പ്രതിഭകൾ മാറ്റുരയ്ക്കും. സബ് ജില്ലകളിൽ ഒന്ന്, രണ്ട് സ്ഥാനം നേടിയ ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിദ്യാർഥികളാണ് ജില്ലാതലത്തിൽ മത്സരിക്കുക. ഒരേസമയം മൂന്നൂറ് പേർക്ക് ഭക്ഷണം കഴിക്കുന്നതിന് ഊട്ടുപുര സജ്ജമായിട്ടുണ്ട്. ദിവസവും വൈകിട്ട് 4.30 വരെ മേള കാണാൻ സൗകര്യമുണ്ടാകും. മേള വിളംബരം ചെയ്ത് ബുധനാഴ്ച രാവിലെ മുട്ടിൽ ടൗണിൽ ഘോഷയാത്ര നടത്തി.



## മാനന്തവാടി മുൻസിപ്പാലിറ്റിയിൽ ആദ്യപകൽ വീട് കോട്ടക്കുന്നിൽ ഉദ്ഘാടനം ചെയ്തു

**മാനന്തവാടി:** മാനന്തവാടി മുൻസിപ്പാലിയിൽ ആദ്യ പകൽ വീട് അമ്പുകുത്തി ആറാം ഡിവിഷൻ കോട്ടക്കുന്നിൽ ഉദ്ഘാടനം ചെയ്തു. പ്രായമായ ആളുകൾക്ക് പകൽ ഒത്തു കൂടുവാനും സന്തോഷം പങ്കിടുവാനുള്ള ഇടമാണ് പകൽ വീട് എന്ന ആശയം. 25 ലക്ഷം രൂപ പദ്ധതി വെക്കുകയും ഡിവിഷൻകൗൺസിലറും പൊതുമരാമത്തു സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി.വി.എസ് മൂസ്സ അദ്ദേഹത്തിന്റെ പിതാവ് കാടയംകണ്ടി കുഞ്ഞമ്മദ് കുട്ടിയുടെ പേരിൽ 5 സെന്റ് ഭൂമി സൗജന്യ മായി നൽകിയ സ്ഥലത്താണ് പകൽ വീട് നിർമ്മിച്ചത്.മുൻസിപ്പൽ ചെയർമാൻ സി.കെ രത്നവല്ലി ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി ചെയർമാൻ ജേക്കബ് സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ചു. ക്ഷേമ കാര്യസ്റ്റാന്റിംഗ് ചെയർമാൻ വിപിൻ വേണു ഗോപാൽ, കൗൺസിലിർമാരായ പി.വി ജോർജ്, അരുൺ കുമാർ ബി.ഡി, ലൈലസജി, സ്മിത ടീച്ചർ, അലീസ് സിസിൽ ,ബാബു പുളിക്കൻ, ഷീജ മോബി, അഡ്വ എൻ.കെ വർഗീസ്, എ.ഡി.എസ് പ്രസിഡന്റ് റീജരവി, ആശ വർക്കർ റസീനബായ്, സുപ്രണ്ട് രമ്യ മഹേഷ്, സലീം പി.എച്ച്, ബിജു അലിയാട്ട് കുടി, ഷാജിബാബു, പ്രമോട്ടർ അഭിലാഷ് വിനു ഏലിയാസ്, റഹീം എ.കെ.എം എം.എൽ.എസ് പി. സൗമ്യ, ജെ.പി.എച്ച് എൻ. മിനി, ഹക്കീം പി.എച്ച്, തിത്തുമ്മ എന്നിവർ സംബന്ധിച്ചു. പൊതുമരാമത് സ്റ്റാന്റിംഗ് ചെയർമാൻ പി.വി.എസ് മൂസ്സ സ്വാഗതം പറഞ്ഞു.

## ഇസ്രയേലിന്റേത് കപടയുദ്ധ വിരാമം: എൻ എസ്മാധവൻ




**കൽപ്പറ്റ** :ഇസ്രയേലിന്റേത് കപടയുദ്ധ വിരാമമാണെന്നും പ്രതിരോധം തുടരണമെന്നും എഴുത്തുകാരൻ എൻ എസ് മാധവൻ പറഞ്ഞു. വിവിധ സംഘടനകൾ ചേർന്ന് കൽപ്പറ്റയിൽ സംഘടിപ്പിച്ച 'ഗാസയുടെ പേരുകൾ' പലസ്തീൻ ഐക്യദാർഢ്യ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.യുദ്ധം അവസാനിക്കുമ്പോൾ യുദ്ധം നടന്ന രാജ്യത്തിലെ ജനതയ്ക്ക് ഒരു അവകാശവുമില്ലാതായിരിക്കുന്നു. ഗാസയിൽ 80,000 മനുഷ്യർ കൊല്ലപ്പെട്ടു. ഭാവിയിൽ പ്രതിഷേധം ഉയർത്തുമെന്ന് പറഞ്ഞ് പതിനായിരക്കണക്കിന് കുഞ്ഞുങ്ങളെ കൊന്നൊടുക്കി.ആയിരക്കണക്കിന് വീടുകളും ആശുപത്രികളും തകർന്നു. 21ാം നൂറ്റാണ്ടിലെ ഏറ്റവും വലിയ മനുഷ്യക്കുരുതിയാണ് നടന്നത്. ഈ നഷ്ടത്തിന് ആര് മറുപടി പറയും. ലാറ്റിനമേരിക്കയുടെ ചെറുഗ്രാമങ്ങൾ മുതൽ യൂറോപ്പിൽ വലിയ നഗരങ്ങളിൽവരെ പ്രതിഷേധമുയർന്നു. ലോകം ഒന്നാകെ പലസ്തീനൊപ്പം അണിനിരന്നു. ലോക മനഃസാക്ഷി എതിരായെന്ന് മനസ്സിലാക്കിയാണ് ഇസ്രയേൽ താൽക്കാലികമായി യുദ്ധത്തിൽനിന്ന് പിൻമാറിയത്. തീർന്ന പടക്കോപ്പുകൾ വീണ്ടും സംഭരിച്ച് യുദ്ധത്തിനെത്തും. ജീവിച്ചിരിക്കുന്ന കാലത്തോളം നാം സയണിസ്റ്റ് ഭീകരതയ്ക്കെതിരായി ശബ്ദമുയർത്തണമെന്നും അദ്ദേഹം പറഞ്ഞു.



## ലോമാസ്റ്റ് ലൈറ്റ് ഉദ്ഘാടനം ചെയ്തു

**മാനന്തവാടി:** മന്ത്രി ഒ ആർ കേളുവിന്റെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി മാനന്തവാടി മണ്ഡലത്തിലെ വിവിധയിടങ്ങളിൽ സ്ഥാപിച്ച ലോമാസ്റ്റ് ലൈറ്റുകളുടെ ഉദ്ഘാടനം പിലാക്കാവ് ജെസിയിൽ മന്ത്രി ഒ ആർ കേളു നിർവഹിച്ചു. കൗൺസിലർ സീമന്തിനി സുരേഷ് അധ്യക്ഷയായി. കില ജില്ലാ ഫെസിലിറ്റേറ്റർ പി ടി ബിജു, വി ആർ പ്രവീജ്, എ കെ റൈഷാദ് എന്നിവർ സംസാരിച്ചു.

# വികസനത്തിന്റെ പച്ചത്തുരുത്തായി പിണറായി ഗ്രാമപഞ്ചായത്ത്

**കണ്ണൂർ:** അഞ്ചുവർഷം കൊണ്ട് സമസ്ത മേഖലകളിലും വികസനമെത്തിച്ച് പിണറായി ഗ്രാമപഞ്ചായത്ത്. റോഡുകൾ, പാലങ്ങൾ, കാർഷിക മേഖലയുടെ പുരോഗതിക്കായി കാർഷിക കർമ്മസേന ഉൾപ്പെടെയുള്ള സംരംഭങ്ങൾ, വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്കായി പിണറായി എഡ്യൂക്കേഷൻ ഹബ് അങ്ങനെ നിരവധി പദ്ധതികൾ. നാടിന്റെ സമഗ്ര വികസനത്തിനായി നടപ്പാക്കിയ പദ്ധതികളെ ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിച്ച പിണറായി ഗ്രാമപഞ്ചായത്ത് വികസന സദസ്സ് പിണറായി കൺവെൻഷൻ സെന്ററിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ.കെ. രത്നകുമാരി ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. കെ. രാജീവൻ അധ്യക്ഷനായി. സംസ്ഥാന സർക്കാർ നടത്തിയ വികസനനേട്ടങ്ങൾ കോർത്തിണക്കിയ വീഡിയോ പ്രദർശിപ്പിച്ചു. കില റിസോഴ്സ് പേഴ്സൺ പി. വി. രത്നാകരൻ ആമുഖം അവതരിപ്പിച്ചു. പഞ്ചായത്ത് നടത്തിയ വികസനപ്രവർത്തനങ്ങൾ സെക്രട്ടറി ലവിൻ വിൻസെന്റ് അവതരിപ്പിച്ചു. ഹരിത കർമ്മ സേന, കാർഷിക കർമ്മ സേന പ്രവർത്തകർ, സ്പോർട്സ് കൗൺസിൽ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട പി എം അഖിൽ എന്നിവരെ ചടങ്ങിൽ ആദരിച്ചു. പിണറായി പഞ്ചായത്തിന്റെ വികസനം തുടരുന്നതിനുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഓപ്പൺ ഫോറത്തിൽ ഉയർന്നു. പഞ്ചായത്ത് പരിധിയിലെ കളിക്കളങ്ങളുടെ നിലവാരം ഉയർത്തുക, ഡിജിറ്റൽ ലൈബ്രറി സ്ഥാപിക്കുക, മാലിന്യസംസ്കരണത്തിന് ആധുനിക സാങ്കേതിക വിദ്യകൾ കൂടുതൽ പ്രയോജനപ്പെടുത്തുക, വിവിധ വകുപ്പുകളുടെ ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലം ഏറ്റെടുത്ത് വികസന പ്രവർത്തനങ്ങൾ നടപ്പാക്കുക തുടങ്ങിയ നിർദ്ദേശങ്ങളാണ് പ്രധാനമായും ഉയർന്നത്.തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സിപി അനിത, ജില്ലാ പഞ്ചായത്ത് അംഗം കോങ്കി രവീന്ദ്രൻ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ.അനിത, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ സിഎം സജിത, മുരിക്കോളി പവിത്രൻ, പഞ്ചായത്ത് സ്ഥിരസമിതി അംഗങ്ങളായ പി വി വേണുഗോപാൽ, കെ. പ്രമീള ,കെ ഹംസ, മുൻ പഞ്ചായത്ത് പ്രസിഡന്റുമാരായ ബി ലീല, കക്കോത്ത് രാജൻ, രാഷ്ട്രീയപാർട്ടി പ്രതിനിധികളായ ടി സുധീർ, എ പ്രഭാകരൻ, വി കെ ഗിരിജൻ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ശശിധരൻ എന്നിവർ സംസാരിച്ചു.

## മാടായി ഗ്രാമപഞ്ചായത്ത് വികസന സദസ് സംഘടിപ്പിച്ചു

**കണ്ണൂർ:** ഭരണസമിതി കാലയളവിലെ വികസന നേട്ടങ്ങൾ അവതരിപ്പിച്ചുകൊണ്ട് സംഘടിപ്പിച്ച മാടായി ഗ്രാമപഞ്ചായത്ത് വികസന സദസ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സഹീദ് കായിക്കാരൻ ഉദ്ഘാടനം ചെയ്തു. അഞ്ചുവർഷത്തിനിടെ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ശ്രദ്ധേയമായ വികസനം നടത്താൻ സാധിച്ചിട്ടുണ്ടെന്ന് പ്രസിഡന്റ് പറഞ്ഞു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.വി ധനലക്ഷ്മി അധ്യക്ഷയായി. റിസോഴ്സ് പേഴ്സൺ അഭിലാഷ് കേളോത്ത് സംസ്ഥാന സർക്കാരിന്റെ വികസന റിപ്പോർട്ട് അവതരിപ്പിച്ചു. ഗ്രാമപഞ്ചായത്ത് സെക്രട്ടറി എസ്.ജെ ആര്യ പഞ്ചായത്ത്തല വികസന റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാന വികസന വീഡിയോ പ്രദർശിപ്പിച്ചു. വികസന സദസിനോട് അനുബന്ധിച്ച് കെ സ്മാർട്ട് ക്ലിനിക്, വിജ്ഞാന കേരളം തൊഴിൽ മേള എന്നിവയും സംഘടിപ്പിച്ചു.പഞ്ചായത്ത് ഹാളിൽ നടന്ന പരിപാടിയിൽ സ്ഥിരം സമിതി അധ്യക്ഷരായ എസ്.കെ.പി വഹീദ, എം.പി കുഞ്ഞികാതിരി, റഷീദ ഒടിയിൽ, പഞ്ചായത്തംഗം പി ജനാർദ്ദനൻ, പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി വി.പി അജിത്ത് കുമാർ എന്നിവർ സംസാരിച്ചു.

## ജില്ലയിലെ ആദ്യ ഡബിൾ ചേംബർ ഇൻസിനേറ്റർ സ്ഥാപിക്കാനൊരുങ്ങി ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്

**കണ്ണൂർ:** ഡയപ്പർ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് ജില്ലയിലെ ആദ്യ ഡബിൾ ചേംബർ ഇൻസിനേറ്റർ സ്ഥാപിക്കും. ഒന്നര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്ത് ടെണ്ടർ നടപടികൾ ആരംഭിച്ചു. മൂന്ന് മാസത്തിനകം പ്ലാന്റ് പ്രവർത്തനം ആരംഭിക്കും.ഇരിക്കൂർ ബ്ലോക്ക് പരിധി, സമീപ പഞ്ചായത്തുകൾ, നഗരസഭകളിൽ എന്നിവിടങ്ങളിൽനിന്നും ഡയപ്പർ പോലുള്ള മാലിന്യങ്ങൾ ശേഖരിക്കാനുള്ള വിപുലമായ ശേഖരണ ശൃംഖല സ്ഥാപിച്ചാണ് പ്ലാൻ പ്രവർത്തിക്കുക. പ്രതിവർഷം ടൺ ബയോ മാലിന്യങ്ങൾ സംസ്കരിക്കാനുള്ള ശേഷി ഈ പ്ലാന്റിനുണ്ടാവും.ബ്ലോക്ക് പഞ്ചായത്തിന് പുറമേ ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്തുകൾ, ശുചിത്വ മിഷൻ എന്നിവയുടെ സാമ്പത്തിക പിന്തുണയോടെയാണ് പ്ലാന്റ് സ്ഥാപിക്കുക. ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് 30 ലക്ഷം രൂപയും ജില്ലാപഞ്ചായത്ത് 25 ലക്ഷം രൂപയും പടിയൂർ, പയ്യാവൂർ പഞ്ചായത്തുകൾ 10 ലക്ഷം രൂപ വീതവുംമയ്യിൽ, കുറ്റിയാട്ടൂർ, ഇരിക്കൂർ, എരുവേശ്ശി ഗ്രാമപഞ്ചായത്തുകൾ അഞ്ച് ലക്ഷം രൂപ വീതവും ഉളിക്കൽ ഗ്രാമപഞ്ചായത്ത് രണ്ട് ലക്ഷം രൂപയും ആദ്യ ഘട്ടത്തിൽ പ്ലാന്റിനായ് നീക്കിവെച്ചിട്ടുണ്ട്.പ്ലാന്റിന്റെ ശേഖരണ ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ സെമിനാർ സംഘടിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. റോബർട്ട് ജോർജ് സെമിനാർ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ സ്ഥിരം സമിതി അധ്യക്ഷൻ മുനീർ അധ്യക്ഷനായി. കുറ്റിയാട്ടൂർ പഞ്ചായത്ത് പ്രസിഡന്റ് പി.പി റെജി, ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ കെ.പി രേഷ്മ, എരുവേശ്ശി പഞ്ചായത്ത് വൈസ് പ്രസിഡന്റ് മധു തോട്ടിയിൽ, പയ്യാവൂർ സ്ഥിരം സമിതി ചെയർപേഴ്സൺ മോഹനൻ മാസ്റ്റർ, ഹരിത കേരളം മിഷൻ ജില്ലാ കോ ഓർഡിനേറ്റർ ഇ.കെ സോമശേഖരൻ, ഇരിക്കൂർ സബ് ഇൻസ്പെക്ടർ കെ.വി സത്യനാഥൻ, ശുചിത്വ മിഷൻ ടെക്നിക്കൽ കൺസൾട്ടന്റ് അർജുൻ, ബ്ലോക്ക് പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആർ മനോജ് കുമാർ, ബ്ലോക്ക് ശുചിത്വ ഓഫീസർ ഇൻ ചാർജ് സൽമ എന്നിവർ സംസാരിച്ചു.



## ഇരിട്ടിയിൽ കെഎസ്ആർടിസി സ്വിഫ്റ്റ് ബസ് പാലത്തിലേക്കിടിച്ചുകയറി അപകടം

**കണ്ണൂർ:** ഇരിട്ടിയിൽ കെഎസ്ആർടിസി സ്വിഫ്റ്റ് ബസ് പാലത്തിലേക്കിടിച്ചുകയറി ജീവനക്കാരുൾപ്പെടെ എട്ടുപേർക്ക് പരിക്ക്. ബംഗളൂരുവിൽ നിന്ന് പയ്യന്നൂരിലേക്ക് പോവുകയായിരുന്ന സ്വിഫ്റ്റ് ബസാണ് അപകടത്തിൽപ്പെട്ടത്. ഇരിട്ടി ടൗണിൽ ആളെയിറക്കി പയ്യന്നൂരിലേക്ക് പോകവേ നിയന്ത്രണം വിട്ട് പഴയ ഇരുമ്പ് പാലത്തിലേക്ക് ഇടിച്ചുകയറുകയായിരുന്നു. ഇന്ന് പുലർച്ചെ നാലുമണിയോടെയായിരുന്നു അപകടം.പരിക്കേറ്റവരെ ഇരിട്ടിയിലെയും കണ്ണൂരിലെയും സ്വകാര്യ ആശുപത്രികളിലേക്ക് മാറ്റി. അപകടത്തിൽ അന്വേഷണം ആരംഭിച്ചിട്ടുണ്ട്.



## കത്തെഴുത്ത്, ക്വിസ് മത്സരം ഇന്ന്

**കണ്ണൂർ:** പോസ്റ്റൽ ഡിവിഷൻ സംഘടിപ്പിച്ച കണ്ണൂർ പെക്സ് 2025 സ്റ്റാമ്പ് എക്സിബിഷൻ ജില്ലാ കുടുംബ കോടതി ജഡ്ജി ആർ.എൽ.ബൈജു ഉദ്ഘാടനം ചെയ്തു. നോർത്തേൺ റീജിയൻ പോസ്റ്റ് മാസ്റ്റർ ജനറൽ സയീദ് റഷീദ് അധ്യക്ഷനായി. കണ്ടൽക്കാടിനെ ആസ്പദമാക്കി തയ്യാറാക്കിയ സ്പെഷ്യൽ കവർ പോസ്റ്റ് മാസ്റ്റർ ജനറൽ സയീദ് റഷീദ് ജഡ്ജ് ആർ.എൽ. ബൈജുവിന് നൽകി പ്രകാശനം ചെയ്തു.100 ഫ്രെയിമുകളിലായി 1600 ലധികം സ്റ്റാമ്പുകൾ പ്രദർശനത്തിനായി ഒരുക്കിയിട്ടുണ്ട്. ജില്ലയിലെ വിവിധ സ്കൂളുകളിലെ ആയിരത്തോളം വിദ്യാർഥികൾ പ്രദർശന നഗരിയിലെത്തി. ഒക്ടോബർ 16 ന് രാവിലെ 10 മണിക്ക് ആറാം ക്ലാസ്സ് മുതൽ ഒമ്പതാം ക്ലാസ്സ് വരെയുള്ള വിദ്യാർഥികൾക്കുള്ള കത്തെഴുത്ത് മത്സരവും ഉച്ചയ്ക്ക് രണ്ട് മണിക്ക് ക്വിസ് മത്സരവും നടക്കും. വൈകുന്നേരം മൂന്ന് മണിക്ക് സമാപന സമ്മേളനം ഉത്തര മേഖല പോസ്റ്റ് മാസ്റ്റർ ജനറൽ സയീദ് റഷീദ് ഉദ്ഘാടനം ചെയ്യും. പരിപാടിയിൽ വിവിധ മത്സര വിജയികൾക്കുള്ള സമ്മാനദാനവും നടക്കും.ഉത്തര മേഖല പോസ്റ്റൽ ഡയറക്ടർ വി.ബി ഗണേഷ് കുമാർ, അസിസ്റ്റന്റ് പോസ്റ്റ് മാസ്റ്റർ ജനറൽ വിഷ്ണു അംബരീഷ്, കണ്ണൂർ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഡി ഷൈനി, പോസ്റ്റൽ സൂപ്രണ്ട് സി.കെ മോഹനൻ, തലശ്ശേരി ഡിവിഷൻ പോസ്റ്റൽ സൂപ്രണ്ട് പി.സി സജീവൻ എന്നിവർ സംസാരിച്ചു.

## വിരലമർത്തിയാൽ മതി; സന്നദ്ധസേവകർ തൊട്ടരികിലെത്തും

**കണ്ണൂർ:** എരഞ്ഞോളിയിലെ വയോജനങ്ങൾക്ക് ആശുപത്രിയിൽ കൂട്ടുവരാനോ മറ്റാവശ്യങ്ങൾക്കോ ഇനി ഒരു ആപ്ലിക്കേഷനിൽ വിരലമർത്തിയാൽ മതി. എന്തിനും സഹായിക്കുന്ന സന്നദ്ധസേവകർ ഒരു ആപ്പിലൂടെ തൊട്ടരികിലെത്തും. തലശ്ശേരി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ കംപ്യൂട്ടർ സയൻസ് വിഭാഗം വിദ്യാർഥികളുടെ പ്രൊജക്ടിന്റെ ഭാഗമായാണ് ഇത്തരമൊരു ആശയം വന്നത്. കെ ഡിസ്കും കിലയും ചേർന്ന് നടപ്പാക്കുന്ന 'ഒരു തദ്ദേശസ്ഥാപനം ഒരു ആശയം' പദ്ധതിയുടെ ഭാഗമായുള്ള ബ്ലോക്ക് ഇന്നോവേഷൻ ക്ലസ്റ്ററിൽ തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലാണ് ഇത് നടപ്പാക്കുന്നത്. ഇതിന്റെ പൈലറ്റ് പദ്ധതിയാണ് എരഞ്ഞോളിയിലേത്.സംസ്ഥാനത്തെ 21 ബ്ലോക്ക് പഞ്ചായത്തുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ബ്ലോക്ക് ഇന്നോവേഷൻ ക്ലസ്റ്റർ നടക്കുന്നുണ്ട്. ഓരോ ബ്ലോക്കും കേന്ദ്രീകരിച്ച് സർക്കാർ സംവിധാനങ്ങൾ, അക്കാദമിക സ്ഥാപനങ്ങൾ, വ്യാവസായിക സംരംഭങ്ങൾ, പൊതുസമൂഹം എന്നിവയെ കൂട്ടിയോജിപ്പിച്ച് പരിഹാരം കാണാനാകാത്ത സങ്കീർണ വികസന പ്രശ്നങ്ങൾ പരിഹരിക്കാനും അതിലൂടെ സമഗ്ര ഇന്നവേഷൻ ആവാസവ്യവസ്ഥ ഉണ്ടാക്കിയെടുക്കാനും തദ്ദേശസ്ഥാപനങ്ങളെ സഹായിക്കാനാണ് കെ ഡിസ്കും കിലയും ചേർന്ന് ബ്ലോക്ക് ഇന്നവേഷൻ ക്ലസ്റ്റർ നടപ്പാക്കുന്നത്. ഇന്ത്യയിലാദ്യമായിട്ടാണ് വിജ്ഞാന സമൂഹ സൃഷ്ടിക്കായി ഇന്നവേഷൻ ക്ലസ്റ്റർ രൂപീകരിക്കുന്നത്. മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിലെ ശുദ്ധജല പ്രശ്നത്തിനും ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നതിനും പരിഹാരം കാണാനുള്ള പദ്ധതിയും തലശ്ശേരി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കോളേജിലെ സിവിൽ വകുപ്പിന്റെ സഹകരണത്തോടെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കും. ഇരുവരും ഇതിനായുള്ള ധാരണാപത്രം ഒപ്പിട്ടു. പഞ്ചായത്തുകളുമായുള്ള ധാരണാപത്രവും വൈകാതെ ഒപ്പുവെക്കും.തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ നടന്ന പരിപാടിയിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.പി അനിത, വൈസ് പ്രസിഡന്റ് പി.ആർ വസന്തൻ, ബിഡിഒ ടി.പി പ്രദീപൻ, എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ ഡോ. എബി ഡേവിഡ്, അധ്യാപകരായ കെ രഞ്ജിത്, പി റിനിത, ഷെജിന, ഡോ. ടി.കെ മുനീർ, പ്രൊജക്ട് ജില്ലാ കോ ഓർഡിനേറ്റർ പി.പി സ്വാതി, ബ്ലോക്ക് കോഓർഡിനേറ്റർ പി.വി രത്നാകരൻ എന്നിവർ സംസാരിച്ചു.



## കാഞ്ഞങ്ങാട് നഗരസഭാ വികസന സദസ്സ് ഇ.ചന്ദ്രശേഖരൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു

**കാഞ്ഞങ്ങാട് :**നഗരസഭയുടെ തനത് പദ്ധതികൾക്ക് പുറമെ 130. 15 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് സർക്കാർ കാഞ്ഞങ്ങാട് നഗരസഭയിൽ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ നടപ്പാക്കിയതെന്ന് നടത്തിയതെന്ന് ഇ.ചന്ദ്രശേഖരൻ എം.എൽ.എ പറഞ്ഞു. കാഞ്ഞങ്ങാട് നഗരസഭയുടെ വികസന സദസ്സ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളുടെ ഭാഗമായി എം.എൽ.എ മുഖാന്തരം നഗരസഭാ പ്രദേശത്ത് വിവിധ പദ്ധതികൾക്ക് വേണ്ടി ഇത്രമാത്രം തുക വികസന പ്രവർത്തനങ്ങൾക്ക് കാഞ്ഞങ്ങാട് നഗരസഭയ്ക്ക് ലഭിക്കുന്നത് ചരിത്രമാണെന്നും എം.എൽ.എ പറഞ്ഞു.ഇത്തരത്തിൽ ഉള്ള വികസന പ്രവർത്തനം ജില്ലയിൽ 2016 ന് മുമ്പ് ഉണ്ടായിട്ടില്ല. പ്രദേശത്തെ മുഴുവൻ ജനങ്ങളുടെയും അഭിപ്രായങ്ങൾ പരിഗണിച്ചും മുഴുവൻ പ്രദേശത്തിന്റെയും വികസനത്തെ ലക്ഷ്യം വെച്ചുമാണ് കാഞ്ഞങ്ങാട് നഗരസഭ പിന്നിട്ട അഞ്ച് വർഷക്കാലം പ്രവർത്തനം നടത്തിയത്. കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിരവധി വികസന പദ്ധതികൾ നഗരസഭാ പ്രദേശത്ത് നടപ്പാക്കിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞുതദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സ്വതന്ത്ര്യമായ മുൻകയ്യോട് കൂടി നടത്തിയ വികസന പ്രവർത്തനങ്ങളും സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതിയിലൂടെയും എം.എൽ.എ ഫണ്ട് ഉൾപ്പെടെയുള്ള ഫണ്ടുകളും കാസർകോട് വികസന പാക്കേജുകളിൽ നിന്ന് ലഭ്യമാകുന്ന ഫണ്ടുകളെല്ലാം ചേർന്നുകൊണ്ട് ഈ കാലയളവിൽ നേടാൻ കഴിഞ്ഞിട്ടുള്ള നേട്ടം വളരെ വലുതാണെന്നും നാടിന്റെ പൊതുവായ മുന്നേറ്റത്തിനും വികസനത്തിനും സഹായകമായെന്നും ചന്ദ്രശേഖരൻ എം.എൽ.എ പറഞ്ഞു.ഹരിതകർമ സേനയുടെ പ്രവർത്തനങ്ങളെ എം.എൽ.എ പ്രത്യേകം അഭിനന്ദിച്ചു. ഹരിത കർമ സേന ഈ നാടിനെ ശുദ്ധീകരിക്കുന്ന പ്രവർത്തനത്തിൽ ഏറ്റവും വലിയ പങ്കുവഹിക്കുന്നവരാണെന്നും ഹരിത കർമ്മ സേനയുടെ സേവനത്തെ സമൂഹം വിലപ്പെട്ടതായി കാണണമെന്നും അദ്ദേഹം പറഞ്ഞു. കാഞ്ഞങ്ങാട് നഗരസഭ ചെയർപേഴ്സൺ കെ.വി സുജാത അദ്ധ്യക്ഷത വഹിച്ചു. നഗരസഭ വൈസ് ചെയർമാൻ ബിൽടെക് അബ്ദുള്ള, ക്ഷേമ കാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ പി.അഹമ്മദലി, വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ കെ.പ്രഭാവതി, ആരോഗ്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ കെ വി. സരസ്വതി, പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ കെ.അനീശൻ,വ, മുൻമുൻ ചെയർമാൻ വി വി രമേശൻ, മുസിപ്പൽ എഞ്ചിനീയർ കെ.വി ചന്ദ്രൻ, ക്ലീൻ സിറ്റി മാനേജർ ബൈജു പി, സൂപ്രണ്ടുമാരായ കെ.അമ്പിളി, പി.ഡി രാമചന്ദ്രൻ എൻ വി ദിവാകരൻ തുടങ്ങിയവർ പങ്കെടുത്തു. ചെയർപേഴ്സൺ കെ.ലത എന്നിവർ സ്വാഗതവും കാഞ്ഞങ്ങാട് നഗരസഭ സെക്രട്ടറി എം.കെ ഷിബു നന്ദിയും പറഞ്ഞു.യു.എൽ.സി.സി.എൽ തയ്യാറാക്കിയ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി വിവര സാങ്കേതിക വിദ്യാധിഷ്ഠിത മാപ്പിംഗ് പദ്ധതി റിപ്പോർട്ട് നഗരസഭ സെക്രട്ടറി എം. കെ ഷിബുവിന് നൽകി. ചടങ്ങിൽ സംസ്ഥാന സർക്കാരിന്റെ വികസന നേട്ടങ്ങൾ ഉൾപ്പെടുത്തിയുള്ള വിവര പൊതുജന സമ്പർക്ക വകുപ്പ് തയ്യാറാക്കിയ വീഡിയോ, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ്, ജില്ലയുടെ ചുമതലയുള്ള വനം, വന്യജീവി വകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ എന്നിവരുടെ സന്ദേശവും പ്രദർശിപ്പിച്ചു. തുടർന്ന് നഗരസഭയുടെവികസന നേട്ടങ്ങൾ ഉൾപ്പെടുത്തി വീഡിയോ പ്രദർശിപ്പിച്ചു. വിവിധ മേഖലകളിൽ നഗരസഭയുടെ ഭാവി വികസന പദ്ധതി സംബന്ധിച്ചുള്ള ചർച്ചയും നടന്നു. വിവിധ വിഷയങ്ങൾ സംബന്ധിച്ച് 13 പേർ ചർച്ചയിൽ പങ്കെടുത്തു.

## വികസന കഥകൾ പറഞ്ഞ് ഫോട്ടോ പ്രദർശനം

**കാഞ്ഞങ്ങാട് :**നഗരസഭ വികസന സദസ്സിനോടനുബന്ധിച്ച് നഗരസഭ കഴിഞ്ഞ കാലയളവിൽ കൈവരിച്ച വികസന നേട്ടങ്ങൾ കോർത്തിണക്കിയ ഫോട്ടോ പ്രദർശനം ശ്രദ്ധേയമായി. നഗരസഭ ചെയർപേഴ്സൺ കെ.വി. സുജാത പ്രദർശനം ഉദ്ഘാടനം ചെയ്തു.അഞ്ച് വർഷക്കാലം നഗരസഭയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം, ശുചിത്വം തുടങ്ങിയ മേഖലകളിൽ നടപ്പാക്കിയ പദ്ധതികളുടെ നേർക്കാഴ്ചയാണ് പ്രദർശനത്തിലൂടെ ജനങ്ങളിലേക്കെത്തിയത്.നഗരസഭ വൈസ് ചെയർമാൻ ബിൽടെക് അബ്ദുള്ള, ജില്ലാ ആസൂത്രണ സമിതി അംഗം വി വി രമേശൻ, ഭരണസമിതി അംഗങ്ങൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## ഡിജിറ്റൽ സാക്ഷരതയിൽ പുതിയ ചരിത്രം

**കാസർകോട്:** സാങ്കേതികവിദ്യയുടെ സാധ്യതകൾ പൂർണ്ണമായും സാധാരണക്കാരിലെത്തിക്കുന്നതിന്റെ ഭാഗമായി 'ഡിജി കേരളം' പദ്ധതി പ്രകാരം 2024 ഒക്ടോബർ 30-ന് നഗരസഭ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത പ്രഖ്യാപനം നടത്തി. സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെ 3319 പേരെയാണ് പദ്ധതിയുടെ ഭാഗമായി കണ്ടെത്തി പഠനം പൂർത്തിയാക്കിയത്. കെ-സ്മാർട്ട് പദ്ധതിയിലൂടെ സിവിൽ രജിസ്ട്രേഷൻ, ലൈസൻസ്, ബിൽഡിംഗ് പെർമിറ്റ് തുടങ്ങിയ സേവനങ്ങൾ സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാക്കാൻ സാധിച്ചു. 1,00,000-ത്തിലധികം സിവിൽ രജിസ്ട്രേഷൻ അപേക്ഷകൾ സ്മാർട്ട് വഴി തീർപ്പാക്കിയ നഗരസഭ, മൊത്തം അപേക്ഷകളിൽ 85 തീർപ്പാക്കി മികച്ച സേവന നിലവാരം പുലർത്തുന്നു.



## എൽ.ഡി.എഫ് വീണ്ടും വന്നാൽ അയ്യപ്പ വിഗ്രഹം കൊള്ളയടിക്കും

**കാസർകോട്:** മൂന്നാം തവണയും പിണറായി വിജയൻ അധികാരത്തിൽ വന്നാൽ അയ്യപ്പന്റെ തങ്കവിഗ്രഹം കൊള്ള നടത്തുമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. കാസർകോട് നിന്ന് ചെങ്ങന്നൂരിലേക്ക് മുൻ കെ.പി.സി.സി പ്രസിഡന്റ് കെ.മുരളീധരൻ നയിക്കുന്ന വിശ്വാസ സംരക്ഷണ മേഖലാ യാത്ര കാഞ്ഞങ്ങാട് ഹെറിറ്റേജ് സ്ക്വയറിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.ഇടത് ഭരണ കാലഘട്ടത്തിൽ പല ക്ഷേത്രങ്ങളിലും വൻ കൊള്ളകൾ നടത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി വിശ്വാസികളുടെ മനസിന് ഏറ്റ മുറിവിന്ന് പരിഹാരം കാണണം.കാസർകോട് ഡി.സി.സി പ്രസിഡന്റ് പി.കെ.ഫൈസൽ അദ്ധ്യക്ഷത വഹിച്ചു. ജാഥാ നായകൻ കെ.മുരളീധരൻ, ജാഥ ഉപനായകൻ ടി.സിദ്ധിക്ക്, രാജ്മോഹൻ ഉണ്ണിത്താൻ, ജാഥ മാനേജർ പി എം.നിയാസ്, ഷാനിമോൾ ഉസ്മാൻ, സോണി സെബാസ്റ്റ്യൻ തുടങ്ങിയവർ സംബന്ധിച്ചു.



## കിടപ്പുമുറിയിൽ തൂങ്ങിയ നിലയിൽ പെൺകുട്ടി; ആശുപത്രിയിലേക്ക് കൊണ്ടുപോകവെ അപകടത്തിൽ മരണം

**കാസർകോട്:** കിടപ്പുമുറിയിൽ തൂങ്ങിയ നിലയിൽ കണ്ടെത്തിയ പെൺകുട്ടിയെ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നതിനിടെ കാർ മറിഞ്ഞ് അപകടം. കാസർകോട് കുറ്റിക്കോൽ ബേത്തൂർപാറയിലാണ് അപകടം നടന്നത്. അപകടത്തിന് പിന്നാലെ പരിക്കേറ്റവരെ നാട്ടുകാർ ആശുപത്രിയിൽ എത്തിച്ചെങ്കിലും പെൺകുട്ടിയുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല.ബേത്തൂർപാറ തച്ചാർകുണ്ട് വീട്ടിൽ പരേതനായ ബാബുവിന്റെ മകൾ മഹിമയാണ് (20) മരിച്ചത്. ഇന്ന് രാവിലെ എട്ട് മണിയാടെയാണ് മഹിമയെ കിടപ്പുമുറിയിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. അമ്മ വനജയും സഹോദരൻ മഹേഷും ചേർന്ന് മഹിമയെ ആശുപത്രിലേക്ക് കൊണ്ടുപോകുന്നതിനിടെ കാർ പടിമരുതിൽ അപകടത്തിൽപ്പെടുകയായിരുന്നു. കാസർകോട്ടെ നുള്ളിപ്പാടിയിൽ നഴ്സിംഗ് വിദ്യാർത്ഥിയായിരുന്നു മഹിമ. വനജയും മഹേഷും ആശുപത്രിയിൽ ചികിത്സയിലാണ്. തൂങ്ങിയതാണോ കാർ അപകടമാണോ മഹിമയുടെ മരണകാരണം എന്ന് വ്യക്തമല്ല. മഹിമയെ ആശുപത്രിയിലേക്ക് കൊണ്ടുപോകുമ്പോൾ ജീവനുണ്ടായിരുന്നുവെന്നാണ് വിവരം.






# ചെന്നൈ പ്ലാന്റിന്റെ ഭാവി എന്താകും?

ഇന്ത്യയിൽ വാഹന നിർമാണം പുനരാരംഭിക്കുന്നതിൽ യുഎസ് വാഹന ഭീമനായ ഫോർഡിൽ വീണ്ടും പ്രതിസന്ധിയെന്ന് റിപ്പോർട്ട്. ഡൊണാൾഡ് ട്രംപിന്റെ താരിഫ് പ്രഖ്യാപനംമൂലം ചെന്നൈക്കടുത്തുള്ള മറൈമലൈ നഗർ പ്ലാന്റിൽ പ്രവർത്തനം പുനരാരംഭിക്കാനുള്ള പദ്ധതികൾക്ക് തിരിച്ചടി നേരിട്ടെന്ന് ദി ഇക്കണോമിക് ടൈംസ് റിപ്പോർട്ട് ചെയ്തു. മറൈമലൈ നഗറിലെ തങ്ങളുടെ പ്ലാന്റിന്റെ ഭാവി തീരുമാനിക്കാൻ വീണ്ടും ആലോചനകൾ ആരംഭിക്കുകയാണെന്ന് ഇതിൽ പറയുന്നു. മിഷിഗൺ ആസ്ഥാനമായുള്ള കമ്പനിയിലെ ഉന്നത ഉദ്യോഗസ്ഥർ പ്ലാന്റിന്റെ ഭാവിയെക്കുറിച്ച് ചർച്ച ചെയ്യാൻ ഒരു യോഗം ചേരുമെന്ന് കമ്പനി വൃത്തങ്ങളെ ഉദ്ദരിച്ചുള്ള ഈ റിപ്പോർട്ടിലുണ്ട്. ട്രംപിന്റെ താരിഫുകൾ, പദ്ധതിയുടെ സാമ്പത്തിക വശങ്ങൾ പുനഃപരിശോധിക്കാൻ കമ്പനിയെ പ്രേരിപ്പിച്ചെന്നും ഇതിൽ വ്യക്തമാക്കുന്നു. ഇറക്കുമതി നികുതി വർധിപ്പിച്ച സാഹചര്യത്തിൽ ഇന്ത്യയിലെ ഫാക്ടറിയിൽ കാറുകൾ നിർമിച്ച് കയറ്റി അയക്കുന്നത് ലാഭകരമല്ലെന്നാണ് വിലയിരുത്തപ്പെടുന്നത്. കയറ്റുമതിക്കായി എൻജിനുകൾ നിർമിക്കാൻ പ്ലാന്റ് ഉപയോഗിക്കുന്നതും കമ്പനി നേരത്തെ പരിഗണിച്ചിരുന്നു. എന്നാൽ മാറുന്ന ആഗോള മുൻഗണനകളും വർധിച്ചുവരുന്ന വ്യാപാര തടസ്സങ്ങളും കണക്കുകൂട്ടലുകൾ മാറ്റിയതായി പറയപ്പെടുന്നു. 'ഇന്ത്യ ഇനി ഒരു മുൻഗണനാ വിപണിയല്ലെന്നും പകരം, ഫോർഡ് യൂറോപ്പിലേക്ക് പൂർണമായി ശ്രദ്ധ കേന്ദ്രീകരിക്കുകയാണെന്നും കമ്പനിയുമായി



ബന്ധപ്പെട്ട വൃത്തങ്ങൾ അറിയിച്ചു. ഇന്ത്യയിൽ വാഹന നിർമാണം നിർത്തിയതിനെ തുടർന്ന്, 2022-ന്റെ പകുതി മുതൽ മറൈമലൈ നഗറിലെ പ്ലാന്റ് പ്രവർത്തനരഹിതമാണ്. പ്ലാന്റിൽ എൻജിനുകൾ നിർമിക്കാൻ കമ്പനി ആലോചിക്കുന്നതായി മുൻപ റിപ്പോർട്ടുകളുണ്ടായിരുന്നു. അതിനുശേഷം, യുഎസിലേക്കുള്ള കയറ്റുമതി ചെലവേറിയതാക്കിയ ട്രംപിന്റെ താരിഫ് നയങ്ങൾ നിരവധി അമേരിക്കൻ കമ്പനികളുടെ നിക്ഷേപ പദ്ധതികളെ പ്രതിസന്ധിയിലാക്കി. അതേസമയം, തീരുമാനത്തിൽ മാറ്റം ഉണ്ടായിട്ടില്ലെന്നാണ് ഫോർഡ് വക്താവ് പറയുന്നത്. ചെന്നൈയിലെ ഞങ്ങളുടെ നിർമാണശാല സംബന്ധിച്ച നിലപാടിൽ 2024 അവസാനത്തിൽനിന്ന് മാറ്റമൊന്നും വന്നിട്ടില്ല. ഏത് തരം നിർമാണമാണ് നടത്തുകയെന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ 'ഉചിതമായ സമയത്ത്' വെളിപ്പെടുത്തും. 12,000 ജീവനക്കാരുള്ള തങ്ങളുടെ ഫോർഡ് ബിസിനസ് സർവീസസ് ടീം ഇപ്പോഴും ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്നുണ്ടെന്നും തമിഴ്നാട് സർക്കാരിന്റെ പ്രതിനിധികളുമായി തങ്ങൾ നിരന്തരം ചർച്ചകൾ നടത്തുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



## ഇന്ത്യൻ സേനാവിഭാഗങ്ങളോട് കിടപിടിക്കാവുന്ന ഡ്രോൺ സാങ്കേതികവിദ്യ; കേരള സ്റ്റാർട്ടപ്പുകളുടെ മുന്നേറ്റം

**കൊച്ചി:** ഇന്ത്യൻ സേനാവിഭാഗങ്ങളുടെ കൈവശമുള്ള ഡ്രോണുകളോട് കിടപിടിക്കാവുന്ന തരത്തിലുള്ള ഡ്രോണുകളുമായാണ് മൂവാറ്റുപുഴയിലെ ഡ്രോൺ റേസസ് കേരളയുടെ കീഴിലുള്ള ഫ്ലൈറ്റെക്, ഡഅഢ സ്റ്റേർ എന്നീ ഡ്രോൺ സ്റ്റാർട്ടപ്പുകൾ ശ്രദ്ധ നേടുന്നത്. കൊക്കൂൺ 2025ന്റെ ഭാഗമായി നടത്തിയ ഡ്രോൺ ഷോയിലെ മുഖ്യ ആകർഷണവും ഇവരുടേതായിരുന്നു. മണിക്കൂറിൽ 200 കിലോമീറ്ററിലധികം വേഗതയിൽ സഞ്ചരിക്കുന്ന ഡ്രോണുകളാണ് ഇവരുടെ കൈവശമുള്ളത്. ഇതിനെ അതിർത്തി സുരക്ഷയ്ക്കായി ''സൂയിസൈഡ് ഡ്രോണുകൾ'' ആയി ഉപയോഗിക്കാനാവും. കൂടുതൽ സമയം, കൂടുതൽ വേഗത്തിൽ സഞ്ചരിച്ച് ലക്ഷ്യസ്ഥാനത്ത് എത്തിക്കാനുള്ള പരീക്ഷണങ്ങൾ ഇവരുടെ നേതൃത്വത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.നിലവിൽ കേരളത്തിൽ ഡ്രോൺ റേസിംഗ്, സിനിമാറ്റോഗ്രഫി, എയർ ഷോ എന്നിവിടങ്ങളിലാണ് ഇത്തരം ഡ്രോണുകൾ പ്രധാനമായും ഉപയോഗിക്കുന്നത്. ഫ്ലൈറ്റെക്കിന്റെ സിഇഒ കാർത്തിക്കും ഡയറക്ടർ മോസസും ചേർന്ന് 100 പേരടങ്ങിയ കമ്മ്യൂണിറ്റിയാണ് ഇതിന് വേണ്ടി പ്രവർത്തിക്കുന്നത്.2018-ൽ രാജസ്ഥാനിൽ നടന്ന ഇന്ത്യറഷ്യ സംയുക്ത മിലിറ്ററി പരിശീലന പരിപാടിയിലും, 2019-ൽ നടന്ന ഇന്ത്യഫ്രാൻസ് മിലിറ്ററി ട്രെയിനിംഗ് പരിപാടിയിലും ഇവർ പങ്കെടുത്തിട്ടുണ്ട്. അന്ന് ഇവർ മിലിറ്ററിക്ക് വേണ്ടി സൂയിസൈഡ് അറ്റാക്ക് ഡ്രോണുകൾ നിർമ്മിച്ച് നൽകിയതുമാണ്.

## ഇന്ത്യയിൽ ചിപ്പൊരുക്കാൻ മീഡിയ ടെക്

മുംബൈ: ലോകത്തെ മുൻനിര ചിപ്പ് നിർമാതാക്കളായ, തയ്വാനിലെ മീഡിയ ടെക് ഇന്ത്യയിൽ ചിപ്പ് രൂപകല്പനചെയ്യാൻ ആലോചിക്കുന്നു. ഇന്ത്യയിലെ ഉപഭോഗം ഉയരുന്നതും ഉത്പാദന കേന്ദ്രമായി രാജ്യം മാറുന്നതുമാണ് മീഡിയ ടെക്കിനെ ഇന്ത്യയിലേക്കു വരാൻ പ്രേരിപ്പിക്കുന്നത്. ഫാബ്രിക്കേഷൻ സൗകര്യം പ്രവർത്തനസജ്ജമായാൽ ഉത്പാദനം തുടങ്ങുമെന്നാണ് കമ്പനി നൽകുന്ന സൂചന. സ്മാർട്ട്ഫോൺ നിർമാതാക്കളായ സാംസങ്, ഷവോമി, ഒപ്പോ, വിവോ എന്നിവയെല്ലാം മീഡിയടെക്കിന്റെ ചിപ്പുകൾ ഉപയോഗിക്കുന്നുണ്ട്. ഇവയ്ക്കായി ഇന്ത്യയിൽ ചിപ്പ്സെറ്റുകൾ രൂപകല്പനചെയ്യുകയും വികസിപ്പിക്കുകയും ചെയ്യുന്നത് ചെലവുകുറയ്ക്കാൻ ഉപകരിക്കുമെന്നും മീഡിയ ടെക് കണക്കുകൂട്ടുന്നു. ചിപ്പുകൾ ഡിസൈൻ ചെയ്യുന്നതിലും സോഫ്റ്റ്വേർ വികസിപ്പിക്കുന്നതിലുമാണ് മീഡിയടെക് ശ്രദ്ധകേന്ദ്രീകരിക്കുന്നത്. ചിപ്പ് ഉത്പാദനം ടിഎസ്എംസി, ഇന്റർ ഫൗണ്ടറി സർവീസസ്, ഗ്ലോബൽ ഫൗണ്ടറീസ് പോലുള്ള കമ്പനികൾക്ക് കരാർ നൽകുകയാണ്.ഫൗണ്ടറി സൗകര്യം സജ്ജമായാൽ ഇന്ത്യയിൽ ഉത്പാദിപ്പിക്കുമെന്നാണ് അറിയുന്നത്. 2023-ൽ 3,800 കോടി ഡോളറായിരു




## ഡാർക്ക് വെബ്ബിൽ കുറ്റവാളികളെ തിരയൽ: വഴികാട്ടാൻ കേരളം, എ ഐ അധിഷ്ഠിത ടൂളുകൾ വികസിപ്പിച്ചു

**കൊച്ചി:** സൈബർവലയിൽ ചൂഷണം നേരിടുന്നവരെ കണ്ടെത്താനും ഇതിനുപിന്നിൽ പ്രവർത്തിക്കുന്നവരെ പുറത്തുകൊണ്ടുവരാനും അന്വേഷണ ഏജൻസികളെ സഹായിക്കുന്ന നിർമിത ബുദ്ധിയധിഷ്ഠിത പരിശോധനാ ടൂളുകൾ തയ്യാറായി. കേരള പോലീസിന്റെ സൈബർ സുരക്ഷാ സമ്മേളനം കൊക്കൂൺ-18ന്റെ മുന്നോടിയായി നടത്തിയ ഹാക്കത്തോണിൽ 30 അംഗ യുവ ഹാക്കർമാരാണ് രൂപകല്പനയ്ക്കുപിന്നിൽ.ഡാർക്ക് നെറ്റ്, വിപിഎൻ എന്നിങ്ങനെ വ്യക്തി വിവരങ്ങൾ പരസ്യമാക്കാത്ത ഇടങ്ങളിലൂടെയാണ് കുട്ടികളുടെ ലൈംഗികദൃശ്യങ്ങളും തീവ്രവാദ ആശയപ്രചാരണവും ലഹരിവിൽപ്പനയും നിയമവിരുദ്ധ സാമ്പത്തിക കൈമാറ്റവും നടക്കുന്നത്. ഈ കേസുകളിൽ കുറ്റവാളികളെക്കുറിച്ചുള്ള വിവരങ്ങൾ ലഭിക്കാനും അപകീർത്തികരമായ ഉള്ളടക്കം നീക്കാനും സഹായിക്കുന്ന എഐ അധിഷ്ഠിത ക്രൗഡ്സോഴ്സിങ് സംവിധാനവും മോശം വീഡിയോകൾ ഇന്റർനെറ്റിൽ പ്രചരിക്കുന്നത് തടയുന്നതിനുള്ള ഹാഷ്ടാഗ് അധിഷ്ഠിത ഉള്ളടക്കം നീക്കംചെയ്യാനുള്ള സംവിധാനവുമാണ് വികസിപ്പിച്ചത്.മോശം ചിത്രങ്ങളോ വീഡിയോകളോ മറ്റ് കുറ്റകരമായ ഇടപെടലുകളോ അപ്ലോഡ് ചെയ്യുമ്പോൾ അതിൽനിന്ന് ലഭിക്കുന്ന തെളിവുകൾ പ്രത്യേക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും കുറ്റവാളികളെക്കുറിച്ചുള്ള വിവരങ്ങൾ സ്വരൂപിക്കാൻ അന്വേഷണ ഏജൻസികളെ സഹായിക്കുകയുമാണ് ക്രൗഡ്സോഴ്സിങ് സംവിധാനം ചെയ്യുക. ദുരുപയോഗംചെയ്യുന്ന വീഡിയോകളും ചിത്രങ്ങളും ഇന്റർനെറ്റിൽ പ്രചരിക്കുന്നത് ഉടൻ തടയുന്നതിനാണ് ഹാഷ്ടാഗ് അധിഷ്ഠിത ഉള്ളടക്കം നീക്കംചെയ്യൽ സംവിധാനം സഹായിക്കുക. മോശം വീഡിയോകളുടെ ഉള്ളടക്കത്തെ എൻക്രിപ്റ്റ്ചെയ്ത ഡിജിറ്റൽ ഹാഷ്ടാഗുകളാക്കി മാറ്റും. തുടർന്ന് അന്വേഷണ ഏജൻസികൾക്കുപോലും ഈ വീഡിയോയോ ചിത്രമോ ലഭിക്കില്ല. പകരം ഹാഷ് ടാഗായിരിക്കും ലഭിക്കുക. ഈ ഹാഷ്ടാഗ് സ്കാൻചെയ്യുകയും ഇതിന്റെ ഉറവിടത്തിലേക്ക് എത്താനും അത് നീക്കംചെയ്യാനും കഴിയും. നിലവിൽ ഡാർക്ക് വെബ് പരിശോധനകൾക്ക് അന്തർദേശീയ ഏജൻസികൾ ഉപയോഗിക്കുന്ന ടൂളുകളോട് കിടപിടിക്കുന്നവയാണ് ഇപ്പോൾ വികസിപ്പിച്ചിരിക്കുന്നത്.കേരളത്തിൽനിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നുമുള്ളവരാണ് ടൂൾ വികസിപ്പിച്ച ഹാക്കർമാർ. ആയിരത്തിലധികം അപേക്ഷകരിൽനിന്നാണ് 30 പേരെ തിരഞ്ഞെടുത്തത്.

## ജിഎസ്ടി ഇളവിന്റെ പ്രയോജനം സാധാരണക്കാർക്ക് കിട്ടാത്തതിന് കാരണം കേന്ദ്രത്തിന്റെ പരസ്പര വിരുദ്ധമായ സർക്കുലറുകൾ

**തിരുവനന്തപുരം:** ജിഎസ്ടി നിരക്കുകൾ കുറച്ചിട്ടും സാധാരണക്കാർക്ക് ഇതിൻറെ പ്രയോജനം കിട്ടാത്തതിൻറെ കാരണങ്ങളിലൊന്ന് കേന്ദ്ര സർക്കാർ തന്നെ പുറത്തിറക്കിയ പരസ്പരവിരുദ്ധമായ രണ്ട് സർക്കുലറുകളാണ്. ഇളവുകൾ കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച് വ്യക്തമായ നിബന്ധനകളോടെ ഉപഭോക്തൃ മന്ത്രാലയം പുറത്തിറക്കിയ സർക്കുലറിൽ പത്ത് ദിവസങ്ങൾക്കകം ഇതേ മന്ത്രാലയം തന്നെ വെള്ളം ചേർക്കുകയായിരുന്നു. അമിത ലാഭം തടയാൻ രൂപീകരിച്ച അതോറിറ്റിയുടെ പ്രവർത്തനം കൂടി പരിഷ്കരണത്തിൻറെ ഭാഗമായി നിർത്തലാക്കിയതോടെ ഉപഭോക്താക്കളെ കൊള്ളയടിക്കാനുള്ള അവസരമാണ് കന്പനികൾക്കും ഡീലർമാർക്കും തുറന്ന് കിട്ടിയത്. കേന്ദ്ര ഉപഭോക്ത മന്ത്രാലയം സെപ്റ്റംബർ 9ന് പുറത്തിറക്കിയ സർക്കുലർ ആയിരുന്നു ജിഎസ്ടി ഇളവുകളുടെ നേട്ടം ജനങ്ങളിൽ എത്തിക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ ആദ്യം പുറത്തിറക്കിയ നിർദ്ദേശങ്ങളിൽ ഒന്ന്.നിലവിൽ ഉത്പാദിപ്പിച്ച് കഴിഞ്ഞതും വിപണിയിൽ ഉള്ളതുമായ ഉൽപ്പന്നങ്ങളിൽ ജിഎസ്ടി ഇളവുകൾ ചേർത്തുള്ള പുതിയ എംആർപി പതിക്കണമെന്ന് നിർദ്ദേശിക്കുന്ന ഈ സർക്കുലറിൽ കൃത്യമായ ചില ഉപാധികൾ കൂടി മുന്നോട്ടു വച്ചി




രുന്നു. ഉൽപ്പന്നത്തിന്റെ മേൽ പഴയ എംആർപിയും പുതിയ എംആർപിയും കൃത്യമായി തന്നെ പ്രദർശിപ്പിക്കണം, നികുതി നിരക്കിന് ആനുപാതികമായി വേണം പുതിയ എംആർപി നിശ്ചയിക്കാൻ, ജിഎസ്ടി ഇളവിനെ തുടർന്ന് വിലയിൽ വരുന്ന വ്യത്യാസം വ്യക്തമാക്കി കൊണ്ട് ഉത്പാദകർ രണ്ട് ദിനപത്രങ്ങളിൽ പരസ്യം നൽകണം, പഴയതും പുതിയതുമായ എംആർപി പതിച്ചുള്ള ഉൽപ്പന്നങ്ങളുടെ വിൽപ്പന ഡിസംബർ 31 വരെ മാത്രമേ പാടുള്ളൂ ഇതിനുശേഷം പുതിയ എംആർപി പതിച്ച ഉത്പന്നങ്ങൾ വേണം വിപണിയിലിറക്കാൻ എന്നും ഈ സർക്കുലറിൽ പറഞ്ഞിരുന്നു.എന്നാൽ ബഹുരാഷ്ട്ര കമ്പനികൾ അടക്കം ഉൾപ്പെടുന്ന രാജ്യത്തെ ഉത്പാദക സമൂഹം ചെലുത്തിയ ശക്തമായ സമർദ്ദത്തെ തുടർന്ന് 10 ദിവസങ്ങൾക്കകം ഉപഭോക്ത മന്ത്രാലയം ഈ സർക്കുലർ മയപ്പെടുത്തി. സെപ്റ്റംബർ 18ന് ഇതേ മന്ത്രാലയത്തിലെ ഇതേ ഉദ്യോഗസ്ഥൻ പുറത്തിറക്കിയ സർക്കുലർ ആദ്യത്തെ സർക്കുലറിൽ വെള്ളം ചേർത്തത് ഇങ്ങനെ - ഉൽപ്പന്നത്തിന്മേൽ പഴയ എംആർപിയും പുതിയ എം ആർ പിയും പതിക്കണമെന്ന് നിർബന്ധമില്ല. ഇക്കാര്യത്തിൽ ഉൽപാദകന് സ്വമേധയാ തീരുമാനമെടുക്കാം. നിലവിൽ ഉല്പാദിപ്പിച്ച സ്റ്റോക്ക് എം ആർ പി തിരുത്തിക്കൊണ്ട് മാർച്ച് 31 വരെ ഉപയോഗിക്കുകയും ചെയ്യാം. ലീഗൽ മെട്രോളജി നിയമത്തിലെ വകുപ്പ് 18പ്രകാരം ഉൽപ്പന്നത്തിന്റെ വില നിലവാരത്തിൽ വരുന്ന മാറ്റം സംബന്ധിച്ച് രണ്ട് ദിനപത്രങ്ങളിൽ പരസ്യം നൽകണമെന്ന വ്യവസ്ഥയിലും ഇളവ് നൽകി.

പകരം ഉത്പാദകർ മാറിയ വിലവിവരപ്പട്ടിക മൊത്ത വിതരണക്കാർക്കും ചില്ലറ വിതരണക്കാർക്കും മാത്രം നൽകിയാൽ മതിയാകും - അതായത് ഉപഭോക്താക്കളെ ഇക്കാര്യം അറിയിക്കേണ്ടതില്ല.എന്നിരുന്നാലും ഉൽപാദകർ വിതരണക്കാരെയും ഉപഭോക്താക്കളെയും ജിഎസ്ടി നിരക്കുകളിൽ വരുന്ന മാറ്റത്തെക്കുറിച്ച് ബോധവൽക്കരിക്കണം എന്ന ഒറ്റ വരി മാത്രമാണ് ഈ സർക്കുലറിൽ ഉപഭോക്താക്കളുടെ താല്പര്യ സംരക്ഷണർത്ഥം പറയുന്ന ഒരേ ഒരു കാര്യം. ജിഎസ്ടി ഇളവുകളുടെ നേട്ടം സാധാരണക്കാരിൽ എത്തിക്കുമെന്ന് പ്രധാനമന്ത്രിയും മന്ത്രിമാരും പരസ്യമായി പ്രഖ്യാപിക്കുമ്പോഴും ഉൽപാദകരെയും വിതരണക്കാരെയും വിശ്വാസത്തിൽ എടുത്തു മാത്രമേ നടപടി ഉണ്ടാകൂ എന്ന് ഉദ്യോഗസ്ഥർ ആദ്യം മുതലേ വ്യക്തമാക്കുകയും ചെയ്തിരുന്നു. സെൻട്രൽ ജി എസ് ടി ആൻഡ് കസ്റ്റംസ് കമ്മീഷണർ എസ് കെ റഹ്മാൻ ജിഎസ്ടി പരിഷ്കരണത്തിൻറെ പശ്ചാത്തലത്തിൽ ഏഷ്യാനെറ്റ് ന്യൂസിന് അനുവദിച്ച അഭിമുഖത്തിൽ ഇക്കാര്യം വ്യക്തമായി പറയുകയും ചെയ്തിരുന്നു.




## വിപണിയിൽ താരമായി ഗോൾഡ് ഇ.ടി.എഫുകൾ

**കൊച്ചി:** വില തുടർച്ചയായി റെക്കാഡുകൾ പുതുക്കി കുതിച്ചതോടെ ഗോൾഡ്, സിൽവർ എക്സ്ചേഞ്ച് ട്രേഡഡ് ഫണ്ടുകളിൽ(ഇ.ടി.എഫ്) ചെറുകിട നിക്ഷേപകർക്ക് പ്രിയമേറുന്നു. സെപ്തംബറിൽ ഗോൾഡ് ഇ.ടി.എഫുകളിലെ നിക്ഷേപം നാലിരട്ടി വർദ്ധിച്ച് 8,363 കോടി രൂപയിലെത്തി. ചരിത്രത്തിലാദ്യമായാണ് ഇ.ടി.എഫുകളിലെ പ്രതിമാസ നിക്ഷേപം ഇത്രയേറെ ഉയരുന്നത്. സുരക്ഷിതത്വവും നിക്ഷേപ വൈവിദ്ധ്യവൽക്കരണവും കണക്കിലെടുത്താണ് ചെറുകിട നിക്ഷേപകർ സ്വർണത്തിലേക്ക് പണമൊഴുക്കുന്നതെന്ന് വിദഗ്ദ്ധർ പറയുന്നു. ആഗസ്റ്റിൽ ഗോൾഡ് ഇ.ടി.എഫുകളിൽ 2,189 കോടി രൂപയുടെ നിക്ഷേപം മാത്രമാണ് ലഭിച്ചിരുന്നത്. അസോസിയേഷൻ ഒഫ് മ്യൂചൽ ഫണ്ട്സ് ഇൻ ഇന്ത്യയുടെ കണക്കുകളനുസരിച്ച് കഴിഞ്ഞ വർഷം സെപ്തംബറിലെ 1,232 കോടി രൂപയിൽ നിന്ന് 578 ശതമാനം വളർച്ചയാണ് ഗോൾഡ് ഇ.ടി.എഫുകളിലുണ്ടായത്.
സിൽവർ ഇ.ടിഎഫുകളിൽ കഴിഞ്ഞ മാസം 8,150 കോടി രൂപയാണ് ലഭിച്ചത്. ആഗസ്റ്റിലെ നിക്ഷേപം 7,244 കോടി രൂപയായിരുന്നു. നടപ്പു വർഷം ഇതുവരെ സിൽവർ ഇ.ടി.എഫുകൾ 65 ശതമാനം വരുമാനമാണ് നിക്ഷേപകർക്ക് നൽകിയത്. ഗോൾഡ് ഇ.ടി.എഫുകളിൽ നിന്ന് ലഭിച്ച വരുമാനം 54 ശതമാനമാണ്.
ഗോൾഡ് ഇ.ടി.എഫുകൾ കൈകാര്യം ചെയ്യുന്ന മൊത്തം ആസ്തി
90,135 കോടി രൂപ
സ്വർണം, വെള്ളി റെക്കാഡ് കുതിപ്പ് തുടരുന്നു
നേരിയ ഇടവേളയ്ക്ക് ശേഷം സ്വർണം, വെള്ളി വില വീണ്ടും റെക്കാഡ് പുതുക്കി കുതിക്കുന്നു. ചൈനയ്ക്കെതിരെ ഡൊണാൾഡ് ട്രംപ് 100 ശതമാനം തീരുവ പ്രഖ്യാപിച്ചതും അമേരിക്കയിലെ ഷട്ട്ഡൗൺ അനിശ്ചിതത്വങ്ങളും സൃഷ്ടിച്ച ആശങ്കയിൽ രാജ്യാന്തര വിപണിയിൽ സ്വർണ വില ഔൺസിന് 4,016 ഡോളറിലെത്തി. കേരളത്തിൽ പവൻ വില ഇന്നലെ 400 രൂപ ഉയർന്ന് 91,120 രൂപയിലെത്തി റെക്കാഡിട്ടു. ഗ്രാമിന്റെ വില 50 രൂപ ഉയർന്ന് 11,390 രൂപയായി. വെള്ളി വില ഗ്രാമിന് എട്ടു രൂപ വർദ്ധിച്ച് 175 രൂപയിലെത്തി.
കരുത്താകുന്നത്
1. അമേരിക്കയും ചൈനയുമായുള്ള വ്യാപാര യുദ്ധത്തിലെ ആശങ്ക
2. അമേരിക്കൻ സർക്കാരിന്റെ ഷട്ട്ഡൗൺ അനിശ്ചിതമായി നീളുന്നത്
3. അമേരിക്കയിലും യൂറോപ്പിലും സാമ്പത്തിക മാന്ദ്യ ഭീഷണി ശക്തം
4. ഡോളറിനെ കൈവിട്ട് കേന്ദ്ര ബാങ്കുകളും ഫണ്ടുകളും സ്വർണം വാങ്ങുന്നു

## 10,000 കുടുംബശ്രീ അംഗങ്ങൾക്ക് ജോലി നൽകാൻ റിലയൻസ്

**തിരുവനന്തപുരം:** കുടുംബശ്രീയും റിലയൻസ് ജിയോയുമായി സഹകരിച്ച് വിജ്ഞാന കേരളം കുടുംബശ്രീ തൊഴിൽ ക്യാമ്പയിനിലൂടെ പതിനായിരം വനിതകൾക്ക് തൊഴിൽ നൽകുമെന്ന് മന്ത്രി എം.ബി. രാജേഷ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. വൈദഗ്ദ്ധ്യ തൊഴിലുകൾ, ഡിജിറ്റൽ ഉത്പന്നങ്ങളുടെ വിപണനം, വർക്ക് ഫ്രം ഹോമായി കസ്റ്റമർ കെയർ ടെലി കോളിംഗ് തുടങ്ങിയ മേഖലകളിൽ അവസരം ലഭിക്കും. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് റിലയൻസ് പരിശീലനം നൽകും. ആകർഷകമായ വേതനവും ലഭ്യമാക്കും. ഇതിനായി കുടുംബശ്രീയും റിലയൻസ് പ്രോജക്ട്സ് ആൻഡ് പ്രോപ്പർട്ടി മാനേജ്മെന്റ് സർവീസസും ധാരണാ പത്രത്തിൽ ഒപ്പുവച്ചു.തൊഴിലവസരങ്ങളുടെ എണ്ണത്തിനനുസൃതമായി കുടുംബശ്രീ വനിതകളുടെ പട്ടിക സി.ഡി.എസുകളിലൂടെ റിലയൻസിന് ലഭ്യമാക്കും. ഫ്രീലാൻസ് മാതൃകയിൽ ചെയ്യുന്ന ജോലിക്കനുസരിച്ചാണ് വേതനം. ജിയോയിൽ ഈ രംഗത്ത് തൊഴിൽ ചെയ്യുന്നവർക്ക് പ്രതിമാസം 15,000 രൂപയുടെ വരുമാനമുണ്ട്. എൽ.ഐ.സി ബീമാ സഖി പദ്ധതി പ്രകാരം 1070 തൊഴിലവസരങ്ങളുണ്ട്. 872 പേരെ കണ്ടെത്തി. ബാങ്കിംഗ് സേവനങ്ങൾ വീടുകളെത്തിക്കുന്ന ബിസിനസ് കറസ്പോഡന്റ് സഖി പദ്ധതിയിലൂടെ കനറാ ബാങ്ക് 350 പേരെ നിയമിക്കും. കേരള ഗ്രാമീൺ ബാങ്ക് (332), ഇന്ത്യൻ ഓവർസീസ് ബാങ്ക് (305), ഇന്ത്യൻ ബാങ്ക് (15),ബാങ്ക് ഒഫ് ബറോഡ (22) എന്നിവർ ചേർന്ന് 674 പേരെ നിയമിക്കും. കേരള ബാങ്കും ഫെഡറൽ ബാങ്കുമായും ചർച്ച നടക്കുന്നു. ഇതിലൂടെ 2025തൊഴിലവസരങ്ങളാണ് പ്രതീക്ഷിക്കുന്നത്. വിജ്ഞാന കേരളം അഡ്വൈസർ ഡോ ടി.എം.തോമസ് ഐസക്, തദ്ദേശ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, സ്പെഷ്യൽ സെക്രട്ടറി ടി.വി.അനുപമ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച്. ദിനേശൻ എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

## തകർന്നടിഞ്ഞ് ആഗോള ക്രിപ്റ്റോ വിപണി

**കൊച്ചി:** ചൈനയ്ക്കെതിരെ ഡൊണാൾഡ് ട്രംപ് പുതിയ തീരുവ പ്രഖ്യാപിച്ചതിന് പിന്നാലെ ആഗോള ക്രിപ്റ്റോ നാണയ വിപണി ചരിത്രത്തിലെ ഏറ്റവും വലിയ തകർച്ച നേരിട്ടു. നിർണായക സോഫ്റ്റ്വെയറുകളുടെ കയറ്റുമതിയിൽ ട്രംപ് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളും നിക്ഷേപകരെ മുൾമുനയിലാക്കി. ട്രംപിന്റെ തീരുമാനത്തിന് പിന്നാലെ 24 മണിക്കൂറിനുള്ളിൽ പ്രമുഖ ക്രിപ്റ്റോ നാണയങ്ങളുടെ മൂല്യത്തിൽ 1,900 കോടി ഡോളറിന്റെ(1.7 ലക്ഷം കോടി രൂപ) ഇടിവാണുണ്ടായത്. ചരിത്രത്തിലാദ്യമായാണ് ഇത്രയും വലിയ ഇടിവ് ക്രിപ്റ്റോ കറൻസികളുടെ മൂല്യത്തിൽ ഒരു ദിവസമുണ്ടാകുന്നത്. 16 ലക്ഷം ക്രിപ്റ്റോ ഇടപാടുകാരെ കണ്ണീരിലാഴ്ത്തിയാണ് വിപണി മൂക്കുകുത്തിയത്. ലോകത്തിലെ ഏറ്റവും വലിയ ക്രിപ്റ്റോ കറൻസിയായ



ബിറ്റ്കോയിനാണ് തകർച്ചയ്ക്ക് നേതൃത്വം നൽകിയത്. വെള്ളിയാഴ്ച ബിറ്റ്കോയിനിന്റെ മൂല്യം 12 ശതമാനം ഇടിഞ്ഞ് 1.13 ലക്ഷം ഡോളറായി. വിൽപ്പന സമ്മർദ്ദം രൂക്ഷമായതോടെ ആഗോള ക്രിപ്റ്റോ എക്സ്ചേഞ്ചുകളുടെ പ്രവർത്തനത്തിൽ വെള്ളിയാഴ്ച തടസം നേരിട്ടു.
അടിതെറ്റി ക്രിപ്റ്റോകൾ
നാണയം : നഷ്ടം
ബിറ്റ്കോയിൻ 47,000 കോടി രൂപ
ഇതേറിയം 39,000 കോടി രൂപ
സൊലാന 17,800 കോടി രൂപ
അവസരം മുതലാക്കി ഇന്ത്യൻ നിക്ഷേപകർ
ക്രിപ്റ്റോ വിപണിയിലെ തകർച്ച മുതലെടുക്കാൻ ഇന്ത്യൻ നിക്ഷേപകർ ആവേശത്തോടെ രംഗത്തെത്തി. ബിറ്റ്കോയിൻ, ഇതേറിയം, സൊലാന എന്നിവയുടെ വിലയിലെ ഇടിവ് കണക്കിലെടുത്ത് വലിയ തോതിൽക്രിപ്റ്റോ കറൻസികൾ ഇന്ത്യൻ ഉപഭോക്താക്കൾ വാങ്ങികൂട്ടി. രാജ്യത്തെ പ്രമുഖ എക്സ്ചേഞ്ചുകളായ കോയിൻസ്വിച്ച്, കോയിൻ ഡി.സി.എക്സ്, മുഡ്രക്സ് എന്നിവയിൽ വാങ്ങൽ കരാറുകളുടെ എണ്ണം കുത്തനെ ഉയർന്നു.
**പ്രതിസന്ധി**
നവംബർ ഒന്ന് മുതൽ ചൈനീസ് ഉത്പന്നങ്ങൾക്ക് നൂറ് ശതമാനം തീരുവ ഏർപ്പെടുത്തുമെന്ന ഡൊണാൾഡ് ട്രംപിന്റെ പ്രഖ്യാപനമാണ് അമേരിക്കൻ ഓഹരി വിപണിയിലും ക്രിപ്റ്റോ കറൻസികളിലും കനത്ത തകർച്ച സൃഷ്ടിച്ചത്. ആഗോള തലത്തിൽ വ്യാപാര യുദ്ധം ശക്തമാകുമെന്ന സൂചനയാണ് പുതിയ നീക്കം നൽകുന്നത്.

## അസിം പ്രേംജി സർവകലാശാലയിൽ 2026 – ലേക്കുള്ള പ്രവേശനം ആരംഭിച്ചു

**കൊച്ചി**: അസിം പ്രേംജി സർവകലാശാലയുടെ ബംഗളുരു, ഭോപാൽ കാമ്പസുകളിലേക്കുള്ള 2026-ലെ അക്കാദമിക വർഷത്തേക്കുള്ള ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം ആരംഭിച്ചു.
വിദ്യാഭ്യാസം, വികസനം, സാമ്പത്തികശാസ്ത്രം, ആരോഗ്യം, സുസ്ഥിര എന്നീ വിഷയങ്ങളിലാണ് സർവകലാശാല ബിരുദാന്തര കോഴ്സുകളുള്ളത്. സയൻസുകൾ, ഹ്യുമാനിറ്റീസ്, സോഷ്യൽ സയൻസുകൾ എന്നീ വിഷയങ്ങളിൽ ബിരുദ കോഴ്സുകളും ലഭ്യമാണ്. അപേക്ഷകൾ സർകലാശാലയുടെ വെബ്സൈറ്റിലൂടെ ഓൺലൈനായി ഇപ്പോൾ അപേക്ഷിക്കാം. വിലാസം: https://azimpremjiuniversity.edu.in/admissions

# സ്ത്രീകളിൽ ഹൃദയാഘാത, പക്ഷാഘാത സാധ്യത കൂടാൻ കോവിഡ് കാരണം– പഠനം



കോവിഡിനുശേഷം ദീർഘകാല ആരോഗ്യപ്രശ്നങ്ങൾ അനുഭവിക്കുന്നവർ നിരവധിയുണ്ട്. കടുത്ത ക്ഷീണം, ബ്രെയിൻ ഫോഗ്, രുചിയും മണവും നഷ്ടപ്പെടുക, ചുമ, തലവേദന തുടങ്ങി പലരീതിയിൽ ലോങ് കോവിഡിന്റെ ലക്ഷണങ്ങൾ പ്രകടമാകും. എന്നാൽ ഇതുമാത്രമല്ല ഹൃദയസംബന്ധമായ ആരോഗ്യപ്രശ്നങ്ങൾക്കും കോവിഡ് കാരണമാകുന്നുവെന്നാണ് പുതിയൊരു പഠനം പറയുന്നത്. ഹൃദയത്തിലെ രക്തക്കുഴലുകൾ കട്ടികൂടുന്നതിന് കോവിഡ് അണുബാധ കാരണമാകുന്നുവെന്നാണ് പഠനത്തിലുള്ളത്.
പ്രായം കൂടുന്നതിനനുസരിച്ച് രക്തക്കുഴലുകൾ കട്ടിയാകുന്നത് സ്വാഭാവികമാണ്. എന്നാൽ കോവിഡ് അണുബാധയോടെ ഇതിന് ആക്കം കൂടുന്നുവെന്നാണ് പഠനത്തിലുള്ളത്. രക്തക്കുഴലുകൾ കട്ടിയാകുന്നത് പക്ഷാഘാതം, ഹൃദയാഘാതം തുടങ്ങിയവയ്ക്കുള്ള സാധ്യത വർധിപ്പിക്കുമെന്നും ഗവേഷകർ പറയുന്നു.
ഫ്രാൻസിലെ പാരീസ് സിറ്റി യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ഗവേഷകരാണ് പഠനത്തിനു പിന്നിൽ. പ്രൊഫസറായ റോസ മരിയ ബ്രൂണോയുടെ നേതൃത്വത്തിലാണ് പഠനം നടത്തിയത്. കോവിഡ് അണുബാധ, പ്രത്യേകിച്ച് സ്ത്രീകളിൽ രക്തക്കുഴലുകളുടെ പ്രായം അഞ്ച് വർഷം കൂട്ടുമെന്നാണ് പഠനത്തിലെ കണ്ടെത്തൽ.
യൂറോപ്യൻ ഹാർട്ട് ജേർണലിലാണ് പഠനം പ്രസിദ്ധീകരിച്ചിരിക്കുന്നത്.
കോവിഡ് നേരിട്ട് രക്തക്കുഴലുകളെ ബാധിക്കുന്നുണ്ടെന്നത് നേരത്തേ കണ്ടെത്തിയിട്ടുള്ളതാണെന്നും ഇതാവാം രക്തക്കുഴലുകൾ പ്രായമാകുന്നതിന് പിന്നിലെന്നും ഗവേഷകർ പറയുന്നു. അതിനാൽ ഈ സാധ്യത നേരത്തേ തിരിച്ചറിഞ്ഞ് അപകടസാധ്യതകൾ പരിശോധിക്കുന്നത് ഹൃദയാഘാതം, പക്ഷാഘാതം തുടങ്ങിയവ പ്രതിരോധിക്കാൻ സഹായിക്കുമെന്നും ഗവേഷകർ വ്യക്തമാക്കി.
ഓസ്ട്രിയ, ഓസ്ട്രേലിയ, ബ്രസീൽ, കാനഡ, സൈപ്രസ്, ഫ്രാൻസ്, ഗ്രീസ്, ഇറ്റലി, മെക്സിക്കോ, നോർവേ, ടർക്കി, യു.കെ. യു.എസ്. തുടങ്ങി പതിനാറോളം രാജ്യങ്ങളിൽ നിന്നുള്ള 2390 പേരുടെ വിവരങ്ങൾ ശേഖരിച്ചാണ് പഠനം നടത്തിയത്. 2020 സെപ്തംബർ മുതൽ 2022 ഫെബ്രുവരി വരെയുള്ള കാലയളവിലാണ് പഠനം നടത്തിയത്. ഒരിക്കലും കോവിഡ് വന്നിട്ടില്ലാത്തവർ, അടുത്തിടെ കോവിഡ് വന്നെങ്കിലും ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടില്ലാത്തവർ, കോവിഡ് ബാധിച്ച് ആശുപത്രി ചികിത്സയിൽ കഴിഞ്ഞവർ, ഐ.സി.യു.വിൽ കഴിഞ്ഞവർ എന്നിങ്ങനെ നാല് വിഭാഗങ്ങളാക്കിയാണ് പഠനം തുടർന്നാണ് ഒരിക്കലും കോവിഡ് വന്നിട്ടില്ലാത്തവരെ അപേക്ഷിച്ച് കോവിഡ് സ്ഥിരീകരിച്ചവരിൽ രക്തക്കുഴലുകൾ കട്ടിയായതായി കണ്ടെത്തിയത്. സ്ത്രീകളിലും കോവിഡിനുശേഷം അമിതക്ഷീണം, ശ്വാസതടസ്സം തുടങ്ങിയവ നീണ്ടുനിന്നവരിലും ഇതിനുള്ള സാധ്യത കൂടുതലാണെന്നും കണ്ടെത്തി. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളിൽ കൂടുന്നതിന് പിന്നിൽ പ്രതിരോധശേഷിയുടെ പ്രവർത്തനത്തിലെ വ്യത്യാസമാകാമെന്നാണ് ഗവേഷകർ കരുതുന്നത്.ജീവിതശൈലിയിലെ മാറ്റങ്ങൾ, കൊളസ്ട്രോൾ, രക്തസമ്മർദം തുടങ്ങിയവ നിയന്ത്രിച്ച് നിർത്തുക തുടങ്ങിയവ അപകടസാധ്യത കുറയ്ക്കുമെന്നും പഠനത്തിലുണ്ട്.

# വ്യായാമം മുടക്കാൻ ഇനി കാരണങ്ങൾ തേടേണ്ട, തളർച്ചയും മടുപ്പും ഒഴിവാക്കി രസകരമാക്കാൻ വഴിയുണ്ട്



ആരോഗ്യകരമായ ജീവിതരീതിയിൽ ഒഴിച്ചുകൂടാനാകാത്ത ഒന്നാണ് വ്യായാമം. സ്ഥിരമായി വ്യായാമം ചെയ്യുന്നതിലൂടെ ശാരീരികോന്മേഷം, മെച്ചപ്പെട്ട ഉറക്കം, കുറഞ്ഞ രോഗസാധ്യത തുടങ്ങി നിരവധി ഗുണങ്ങളുണ്ട്.
എന്നാൽ വ്യായാമത്തിന്റെ പ്രാധാന്യം മനസിലാക്കുമ്പോഴും ദൈനംദിന ജീവിതത്തിലെ തിരക്കുകളും മാനസിക പിരിമുറുക്കവും മൂലം വ്യായാമം ചെയ്യുന്നത് വലിയ ഭാരമായി തോന്നിയേക്കാം. പലരും വ്യായാമം ചെയ്യാനുള്ള പ്രചോദനം ഇല്ലാത്തതിനാൽ പ്രയത്നം പാതിവഴിയിൽ ഉപേക്ഷിക്കാറുണ്ട്, പ്രത്യേകിച്ചും മാനസികമായി തളർന്നിരിക്കുമ്പോൾ. എന്നാൽ വ്യായാമചര്യയിൽ മാറ്റങ്ങൾ വരുത്തുന്നതും പുതിയ ചില പരീക്ഷണങ്ങൾ നടത്തുന്നതും വ്യായാമം ചെയ്യാനുള്ള തളർച്ചയും മടുപ്പും ഒഴിവാക്കാൻ സഹായകമാണെന്നാണ് വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നത്.വ്യായാമത്തിനിടെ ഇഷ്ടപ്പെട്ട പാട്ടുകൾ കേൾക്കുന്നത് വ്യായാമം ചെയ്യുമ്പോഴുള്ള പ്രകടനവും പ്രചോദനവും മെച്ചപ്പെടുത്തുമെന്ന് എഡിൻബറോ സർവകലാശാലയിലെ പുതിയ പഠനങ്ങൾ തെളിയിച്ചിരിക്കുകയാണ്. പൂർണ ആരോഗ്യവാന്മാരായ പതിനെട്ട് പേരിലാണ് പരീക്ഷണം നടന്നത്. അഞ്ചു കിലോമീറ്റർ 'ഇന്റർവെൽ റണ്ണിങ്' രീതിയിൽ, നിശ്ചിത ഇടവേളകളോട് കൂടി നടത്തിയ വ്യായാമ പരീക്ഷണത്തിൽ പാട്ട് കേട്ട് ടാസ്ക് പൂർത്തിയായവരിൽ കൂടുതൽ ഉന്മേഷവും മികച്ച പ്രകടനവും കാഴ്ചവെച്ചതായി ഗവേഷകർ കണ്ടെത്തി. പങ്കെടുത്തവരുടെ ഹൃദയമിടിപ്പും അവർക്കുണ്ടായ ആയാസവും നിരീക്ഷിച്ചുകൊണ്ടായിരുന്നു പഠനം.
സ്ഥിരമായ ശാരീരിക പ്രവർത്തനങ്ങൾ മെച്ചപ്പെട്ട മാനസികാവസ്ഥ, വർധിച്ച ഊർജ്ജം, മെച്ചപ്പെട്ട ഉറക്കം, വിട്ടുമാറാത്ത രോഗങ്ങൾക്കുള്ള സാധ്യത കുറയ്ക്കൽ എന്നിവയുൾപ്പെടെ വിപുലമായ ഗുണങ്ങൾ നൽകുന്നു.
സ്ഥിരമായി ചെയ്യുകയും ആസ്വാദ്യകരമായ ദിനചര്യകളുമായി സംയോജിപ്പിക്കുകയും ചെയ്യുമ്പോൾ, ചെറിയ തോതിലുള്ള വ്യായാമങ്ങൾ പോലും വളരെ പ്രയോജനകരമാണെന്ന് വിദഗ്ധർ ഊന്നിപ്പറയുന്നു.
വ്യായാമത്തിന്റെ ഗുണഫലങ്ങൾ
പ്രായം, ലിംഗഭേദം, അല്ലെങ്കിൽ ഫിറ്റ്നസ് നില എന്നിവ പരിഗണിച്ചുകൊണ്ടുള്ള, സ്ഥിരമായ ശാരീരിക പ്രവർത്തനങ്ങൾ എല്ലാവർക്കും പ്രയോജനകരമാണ്. ഹൃദ്രോഗം, ഉയർന്ന രക്തസമ്മർദ്ദം, ടൈപ്പ് 2 പ്രമേഹം, പക്ഷാഘാതം, സന്ധിവാതം തുടങ്ങിയ അവസ്ഥകളെ നിയന്ത്രിക്കാനും കലോറി എരിച്ചുകളഞ്ഞ് ശരീരഭാരം
ശാരീരിക ആരോഗ്യത്തിനപ്പുറം, വ്യായാമം മാനസികാരോഗ്യത്തെ നല്ല രീതിയിൽ സ്വാധീനിക്കുന്നു. ഹൃദയത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലൂടെ പേശികളിലേക്കും കോശങ്ങളിലേക്കുമുള്ള ഓക്സിജൻ പ്രവാഹം സുഗമമാക്കാനും വ്യായാമം സഹായിക്കുന്നു. ശാരീരിക പ്രവർത്തനങ്ങൾ ഉറക്കത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും വേഗത്തിൽ ഉറങ്ങാൻ സഹായിക്കുകയും ചെയ്യും. ഊർജ്ജം, ആത്മവിശ്വാസം, ലൈംഗിക ഉത്തേജനം എന്നിവ വർദ്ധിപ്പിക്കുന്നതിലൂടെ ഇത് ലൈംഗികാരോഗ്യവും മെച്ചപ്പെടുത്തുന്നു.
നൃത്തം, ഹൈക്കിംഗ്, ടീം സ്പോർട്സ് പോലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് മറ്റുള്ളവരുമായി സൗഹൃദം ഉണ്ടാക്കാനും മാനസികോന്മേഷം നൽകാനും സഹായകമാകുന്നു.
ആഴ്ചയിൽ കുറഞ്ഞത് 150 മിനിറ്റ് മിതമായ എയറോബിക് വ്യായാമമോ 75 മിനിറ്റ് കഠിനമായ വ്യായാമമോ ആരോഗ്യ വിദഗ്ധർ ശുപാർശ ചെയ്യുന്നുണ്ട്.
പടികൾ കയറുക, ഇടവേളകളിൽ നടക്കുക, വീട്ടുജോലികൾ ചെയ്യുക എന്നിവയെല്ലാം ശരീരം സജീവമായിരിക്കുന്നതിന്റെ ഭാഗമായി കണക്കാക്കാം. ഈ പ്രവർത്തനങ്ങളെ പ്രചോദനാത്മകമായ സംഗീതവുമായി സംയോജിപ്പിക്കുകയോ ആസ്വദിക്കുന്ന വ്യായാമ രൂപങ്ങൾ തിരഞ്ഞെടുക്കുകയോ ചെയ്യുന്നത് ശാരീരിക പ്രവർത്തനങ്ങളെ സുസ്ഥിരവും പ്രതിഫലദായകവുമാക്കും.

# ചർമത്തിൽ മാജിക് തീർക്കും റോസാപ്പൂ ഈ ഫെയ്സ് പായ്ക്കുകൾ അറിയൂ



സൗന്ദര്യ സംരക്ഷണത്തിന് പ്രകൃതിദത്ത മാർഗങ്ങൾ സ്വീകരിക്കുന്നവർ ഇന്ന് ഏറെയാണ്. രാസപദാർഥങ്ങളടങ്ങിയ സൗന്ദര്യവർധക വസ്തുക്കളേക്കാൾ കൂടുതൽ സുരക്ഷിതവും ഫലപ്രദവും പ്രകൃതിദത്ത മാർഗങ്ങളാണെന്ന തിരിച്ചറിവ് മൂലമാണിത്. സൗന്ദര്യ സംരക്ഷണത്തിനായി ഏറ്റവുമധികം ആശ്രയിക്കാവുന്ന ഒന്ന് നമ്മുടെയൊക്കെ വീട്ടുമുറ്റങ്ങളിൽ ഉണ്ടാവും. റോസാച്ചെടികൾ. ഭംഗിക്കും സുഗന്ധത്തിനും പുറമേ റോസപ്പൂക്കളിലെ ആന്റി ഓക്സിഡന്റ് ആന്റി-ഇൻഫ്ലമേറ്ററി ഗുണങ്ങൾ ഒട്ടുമിക്ക ചർമപ്രശ്നങ്ങൾക്കുമുള്ള പരിഹാരമാർഗമാണ്. ഇത്തരത്തിൽ റോസപ്പൂക്കൾ ഉപയോഗിച്ച് തയാറാക്കാവുന്ന ചില ഫെയ്സ് പായ്ക്കുകൾ പരിചയപ്പെടാം.

**ചർമത്തിനു പോഷണം നൽകാൻ റോസ് ഹണി ഫെയ്സ് പായ്ക്ക്**

റോസ് പൂവിൽ നിന്നും ഇതളുകൾ എടുത്ത് നന്നായി കഴുകിയെടുക്കുക. ഈ ഇതളുകൾ മൂന്നോ നാലോ മണിക്കൂർ നേരം അൽപം റോസ് വാട്ടറിൽ മുക്കി വയ്ക്കാം. അതിനുശേഷം ഇവ രണ്ടും അരച്ച് പേസ്റ്റ് പരുവത്തിലാക്കുക. ഈ പേസ്റ്റിലേക്ക് ഒന്നോ രണ്ടോ ടേബിൾ സ്പൂൺ പ്രകൃതിദത്ത തേൻ യോജിപ്പിച്ച ശേഷം അരമണിക്കൂർ നേരം ഫ്രിജിൽ വച്ച് തണുപ്പിക്കാം. അതിനുശേഷം മിശ്രിതം മുഖത്ത് പുരട്ടി ചെറുതായി മസാജ് ചെയ്യുക. 15 മിനിറ്റുകൾക്കു ശേഷം കഴുകി കളയാം. ചർമത്തിലേക്ക് ഇറങ്ങിച്ചെന്ന് ആഴത്തിൽ പോഷണം നൽകാനും മൃദുത്വവും ആരോഗ്യവും നിലനിർത്താനും ഏറ്റവും ഉപകാരപ്രദമായ ഫെയ്സ് പായ്ക്കാണിത്.

**പാലും റോസും കലർത്തിയ ഫെയ്സ് പായ്ക്ക്**

ഫ്രഷ് റോസാപ്പൂവിന്റെ ഇതളുകൾ അടർത്തി നന്നായി കഴുകിയ ശേഷം അരച്ചെടുക്കാം. ഇതിലേക്ക് രണ്ട് സ്പൂൺ കടലമാവും തിളപ്പിക്കാത്ത പാലും ചേർത്ത് മിശ്രിതം തയാറാക്കണം. ഈ പായ്ക്ക് മുഖത്തും കഴുത്തിലുമാകെ പുരട്ടിയശേഷം 20 മിനിറ്റ് നേരം നന്നായി ചർമത്തിൽ പ്രവർത്തിക്കാൻ അനുവദിക്കുക. അതിനുശേഷം കഴുകിക്കളയാം. കടലമാവും പച്ചപ്പാലും ചേർന്നിരിക്കുന്നതുകൊണ്ട് ചർമത്തിലെ മൃതകോശങ്ങളെ നീക്കാൻ അത്യുത്തമമാണ് ഈ ഫെയ്സ് പായ്ക്ക്. ഇവയിലെ എല്ലാ ഘടകങ്ങളും ത്വക്കിന്റെ പിഎച്ച് ബാലൻസും ജലാംശവും നിലനിർത്താൻ സഹായിക്കും. ചർമത്തിന്റെ ആരോഗ്യം മെച്ചപ്പെടുന്നതിനൊപ്പം പാടുകൾ അകറ്റാനും ഈ ഫെയ്സ് പായ്ക്ക് ഇടവിട്ട് ഉപയോഗിക്കുന്നതിലൂടെ സാധിക്കും.

**ചർമം വൃത്തിയാക്കാൻ റോസ് സാൻഡൽ പൗഡർ ഫെയ്സ് പായ്ക്ക്**

ഫെയ്സ് പായ്ക്ക് തയാറാക്കുന്നതിനായി രണ്ടു റോസപ്പൂക്കളിൽനിന്നും ഇതളുകൾ ശേഖരിച്ച് കഴുകി അരച്ചെടുക്കുക. ഇതിലേക്ക് ഒന്നോ രണ്ടോ ടേബിൾ സ്പൂൺ സാൻഡൽ പൗഡറിട്ട് തിളപ്പിക്കാത്ത പാൽ ഒഴിച്ച് നന്നായി യോജിപ്പിച്ച് മിശ്രിതം തയാറാക്കാം. പായ്ക്ക് മുഖമാകെ പുരട്ടിയശേഷം പൂർണമായി ഉണങ്ങുന്നത് വരെ കാത്തിരിക്കണം. അതിനുശേഷം കഴുകി കളയാം. ഫ്രീ റാഡിക്കലുകളെ നീക്കം ചെയ്ത് ചർമത്തെ പുനരുജ്ജീവിപ്പിച്ച് വൃത്തിയാക്കിയെടുക്കാൻ ഈ ഫെയ്സ് പായ്ക്കിന് സാധിക്കും. ചർമ സുഷിരങ്ങളിലെ അഴുക്കുകൾ നീക്കം ചെയ്യാൻ സഹായിക്കും

**കറ്റാർവാഴ -റോസ് പായ്ക്ക്**

ചർമത്തിനു നിർജലീകരണം സംഭവിച്ചാൽ ആരോഗ്യം നഷ്ടപ്പെട്ട് ചർമപ്രശ്നങ്ങൾ വളരെ വേഗത്തിൽ പിടിപെടും. ഇതിന് പരിഹാരം കണ്ടെത്താൻ റോസപ്പൂവിന്റെ ഇതളുകൾ അടർത്തിയെടുത്ത് അതിലേക്ക് അൽപം കറ്റാർവാഴ ജെൽ ചേർത്ത ശേഷം അരച്ച് പേസ്റ്റ് പരുവത്തിലാക്കുക. അയഞ്ഞ പരുവത്തിൽ കിട്ടാൻ ആവശ്യമെങ്കിൽ റോസ് വാട്ടർ ഉപയോഗിക്കാം. ഈ പായ്ക്ക് മുഖത്ത് പുരട്ടി 20 മിനിറ്റിനു ശേഷം കഴുകിക്കളയാവുന്നതാണ്. ചർമത്തിലെ ജലാംശം നിലനിർത്താനും സ്വാഭാവിക തിളക്കം നൽകാനും ഈ പായ്ക്ക് സഹായിക്കും. മുഖക്കുരുവും പാടുകളും വളരെ വേഗത്തിൽ നീങ്ങി കിട്ടാനും ഇത് സഹായകരമാണ്.

**തൈരും റോസാപ്പൂവും**

പായ്ക്ക് തയാറാക്കുന്നതിനായി രണ്ടു റോസപ്പൂക്കളിൽ നിന്നും ഇതളുകൾ ശേഖരിച്ച് അരച്ചെടുക്കാം. ഒരു ടേബിൾ സ്പൂൺ പ്രകൃതിദത്ത തേൻ എടുത്തശേഷം അൽപമൊന്ന് ചൂടാക്കി ഒഴുകുന്ന പരുവത്തിലാക്കുക. അതിനുശേഷം ഈ തേനും ഒരു സ്പൂൺ തൈരും രണ്ട് ടേബിൾ സ്പൂൺ റോസ് വാട്ടറും റോസപ്പൂവരച്ചു തയാറാക്കിയ പേസ്റ്റിലേക്ക് നന്നായി യോജിപ്പിച്ചു ചേർക്കുക. ഈ പായ്ക്ക് മുഖത്തു പുരട്ടി 15 -20 മിനിറ്റിനു ശേഷം കഴുകിക്കളയാം. സൺ ടാൻ നീക്കം ചെയ്യാനും ചർമത്തിന്റെ സ്വാഭാവിക നിറം വർധിപ്പിക്കാനും കേടായ കോശങ്ങൾ നീക്കം ചെയ്യാനും ചർമത്തിനു പുത്തനുണർവ് നൽകാനുമൊക്കെ ഈ പായ്ക്ക് ഉത്തമമാണ്.

# തൈറോയ്ഡ് കാൻസർ ലക്ഷണങ്ങൾ തിരിച്ചറിയണം!

4.



കഴുത്തിനു സമീപം ചിത്രശലഭത്തിന്റെ ആകൃതിയിൽ കാണപ്പെടുന്ന ഗ്രന്ഥിയാണ് തൈറോയ്ഡ്. തൈറോയ്ഡ് ഗ്രന്ഥിയിലെ കലകളിൽ ഉണ്ടാകുന്ന അർബുദമാണ് തൈറോയ്ഡ് കാൻസർ. നേരത്തെ കണ്ടെത്തിയാൽ ഈ അർബുദം ചികിത്സിച്ചു മാറ്റാൻ സാധിക്കും. ഹൃദയമിടിപ്പിന്റെ നിരക്ക്, രക്തസമ്മർദം, ശരീരതാപനില, ശരീരഭാരം ഇവയെ നിയന്ത്രിക്കുന്ന ഹോർമോണുകൾ തൈറോയ്ഡ് ഗ്രന്ഥി ഉൽപാദിപ്പിക്കുന്നു തൈറോയ്ഡ് കാൻസർ അപൂർവമാണെങ്കിലും ഈ അടുത്തകാലത്ത് ഈ രോഗം ബാധിക്കുന്നവരുടെ എണ്ണം വർധിച്ചു വരുന്നുണ്ട്. ഏതു പ്രായത്തിലും തൈറോയ്ഡ് കാൻസർ ബാധിക്കാം. എങ്കിലും 30 മുതൽ 60 വയസ്സു വരെയുള്ള സ്ത്രീകളെയാണ് ഇത് സാധാരണയായി ബാധിക്കുന്നത്. ബയോപ്സിയിലൂടെ രോഗനിർണയം സാധ്യമാണ്. തൈറോയ്ഡ് കാൻസറിന്റെ അഞ്ച് പ്രാരംഭലക്ഷണങ്ങളെ അറിയാം.

1. കഴുത്തിൽ ചെറിയ മുഴയോ വീക്കമോ
കഴുത്തിന്റെ മുൻഭാഗത്ത് താഴെയായി കാണപ്പെടുന്ന വീക്കം അല്ലെങ്കിൽ മുഴ തൈറോയ്ഡ് കാൻസറിന്റെ ആദ്യലക്ഷണങ്ങളിലൊന്നാണ്. ഈ മുഴ വേദനയില്ലാത്തതും വളരെ സാവധാനം മാത്രം വളരുന്നതുമാണ്. അതുകൊണ്ട് തന്നെ വർഷങ്ങളോളം ഇത് തിരിച്ചറിയപ്പെടാതെ പോകാം. കട്ടിയുള്ള ഈ മുഴ കഴുത്തിൽ തൊട്ടു നോക്കി തിരിച്ചറിയാൻ സാധിക്കും. ആദ്യസമയത്ത് വേദനയോ അസ്വസ്ഥതയോ തോന്നാത്തതുകൊണ്ട് പലരും ഇതിനെ അവഗണിക്കുകയാണ് പതിവ്.
കാൻസർ മൂലമല്ലാതെയും കഴുത്തിൽ മുഴകളുണ്ടാവാം. ഗോയിറ്ററോ സിസ്റ്റോ മൂലം ആകാം ഇത്. എന്നാൽ കഴുത്തിൽ എന്തെങ്കിലും മുഴയോ വളർച്ചയോ കണ്ടാൽ വൈദ്യപരിശോധന നടത്തേണ്ടതാണ്.

2. പരുക്കനായ ശബ്ദം
വോക്കൽ കോർഡിനെ നിയന്ത്രിക്കുന്ന നാഡികളെ തൈറോയ്ഡ് കാൻസർ ബാധിക്കാം. ഇതുമൂലം ശബ്ദത്തിൽ വ്യത്യാസം വരുകയും ശബ്ദം പരുക്കനാകുകയും ചെയ്യും. ഈ ലക്ഷണം പലപ്പോഴും ജലദോഷമോ അലർജി പ്രശ്നങ്ങളോ വോയ്സ് സ്ട്രെയ്ൻ അഥവാ ശബ്ദത്തിന് ആയാസം ഉണ്ടായതുകൊണ്ടോ ആണെന്ന് തെറ്റിദ്ധരിക്കപ്പെടാം. നിങ്ങളുടെ ശബ്ദം പരുപരുത്തതാവുകയോ ഏതാനും ആഴ്ചകൾക്കുശേഷവും അത് മെച്ചപ്പെട്ടിട്ടില്ല എങ്കിൽ പരിശോധന നടത്തണം. തുടർച്ചയായി ശബ്ദം പരുക്കനാകുന്നത് തൈറോയ്ഡിനു സമീപമുള്ള നാഡികളിൽ ട്യൂമർ അമരുന്നതു മൂലം ആകാം. തൈറോയ്ഡ് കാൻസർ മൂലം ശബ്ദം പരുക്കനാകുന്നത് ദീർഘകാലം നിലനിൽക്കാം. സാധാരണ ചികിത്സകൊണ്ട് ഇത് സുഖപ്പെടാനും സാധ്യത കുറവാണ്.

3. വിഴുങ്ങാനും ശ്വസിക്കാനും പ്രയാസം
ട്യൂമർ വളരുന്നതനുസരിച്ച് അത് അന്നനാളത്തിലും ശ്വാസനാളത്തിലും അമർത്തും. ഇതു മൂലം ഉണ്ടാകുന്ന പ്രഷർ (സമ്മർദം) മൂലം വിഴുങ്ങാൻ പ്രയാസം അനുഭവപ്പെടും. തൊണ്ടയിൽ എന്തോ തടഞ്ഞിരിക്കുന്ന പോലെ തോന്നും. ട്യൂമർ ശ്വാസനാളത്തിൽ അമർന്നാൽ ശ്വസിക്കാൻ പ്രയാസം, ശ്വസിക്കുമ്പോൾ ശബ്ദമുണ്ടാവുക തുടങ്ങിയ ശ്വസനപ്രശ്നങ്ങൾ ഉണ്ടാകും. ഈ ലക്ഷണങ്ങൾ പലപ്പോഴും ആസിഡ് റിഫ്ലക്സിന്റെയോ അണുബാധയുടേതോ അലർജിയുടേയോ ആയി തെറ്റിദ്ധരിക്കപ്പെടും. വളരെ സാവധാനം ഡെവലപ് ചെയ്യുന്നതിനാൽത്തന്നെ ഇത് തൈറോയ്ഡ് കാൻസറിന്റെ ലക്ഷണമാണെന്ന് തിരിച്ചറിയപ്പെടാതെ പോകുന്നു.

സ്ഥിരമായ കഴുത്തുവേദന
കഴുത്തിന്റെ മുൻഭാഗത്തോ തൊണ്ടയിലോ സ്ഥിരമായി ഉണ്ടാകുന്ന വേദന തൈറോയ്ഡ് കാൻസറിന്റെ ലക്ഷണമാകാം. ഈ വേദന ചിലപ്പോൾ ചെവികളിലേക്കും വ്യാപിക്കാം. കഴുത്തിലും തൊണ്ടയ്ക്കും വേദന വരുന്നത് സാധാരണയാണ്. അണുബാധ കൊണ്ടോ പേശികൾക്കുണ്ടാകുന്ന ആയാസം കൊണ്ടോ സാധാരണയായി വേദനവരാം. ഈ ലക്ഷണങ്ങളെ അതുകൊണ്ടു തന്നെ ആൾക്കാർ അവഗണിക്കുകയാണ് പതിവ്. ഈ വേദന സ്ഥിരമായി ഉണ്ടാകുകയും ജലദോഷമോ മറ്റ് കാരണങ്ങളോ ഇല്ലാതിരിക്കുകയും ചെയ്താൽ വിദഗ്ധപരിശോധന നടത്തണം.

# കൊഴുപ്പിനെ ഇല്ലാതാക്കാൻ സഹായിക്കുന്ന 8 പാനീയങ്ങൾ; രാത്രി ഉറങ്ങുന്നതിനു മുൻപ് ഇവ പരീക്ഷിക്കാം



**രാത്രി കിടക്കും മുൻപ് ചില പാനീയങ്ങൾ കുടിക്കുന്നത് ദഹനം മെച്ചപ്പെടുത്താനും സ്ട്രെസ്സ് കുറയ്ക്കാനും ഉപാപചയപ്രവർത്തനം വർധിപ്പിക്കാനും കൊഴുപ്പ് ഇല്ലാതാക്കാനും സഹായിക്കും. ഇത്തരത്തിൽ ആരോഗ്യമേകുന്ന ചില പാനീയങ്ങളെ അറിയാം.**

**ഇളംചൂടുള്ള നാരങ്ങാവെള്ളം**



നാരങ്ങാവെള്ളത്തിൽ വൈറ്റമിൻ സി ധാരാളമുണ്ട്. ഇത് ഉപാപചയപ്രവർത്തനം വർധിപ്പിക്കും. രാത്രി കിടക്കും മുൻപ് ഇളംചൂടു വെള്ളത്തിൽ നാരങ്ങാചേർത്ത വെള്ളം കുടിക്കുന്നത് ശരീരത്തിലെ വിഷാംശങ്ങളെ നീക്കാനും ദഹനം മെച്ചപ്പെടുത്താനും രാത്രി കൊഴുപ്പിനെ ഇല്ലാതാക്കാനുള്ള ശരീരത്തിന്റെ കഴിവ് കൂട്ടാനും സഹായിക്കും. സ്വന്തം ആരോഗ്യസ്ഥിതി കൂടി കണക്കിലെടുത്ത് ഒരു ഡോക്ടറിന്റെ നിർദേശ പ്രകാരം ഈ പാനീയം ശീലമാക്കുന്നതാണ് നല്ലത്.



**കറുവാപ്പട്ട വെള്ളം**

കറുവാപ്പട്ടയ്ക്ക് ആന്റിഓക്സിഡന്റ്, ആന്റി ഇൻഫ്ലമേറ്ററി ഗുണങ്ങളുണ്ട്. ഇത് രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാനും കൊഴുപ്പ് ശേഖരിക്കുന്നത് കുറയ്ക്കാനും സഹായിക്കും. കറുവാപ്പട്ട ചേർത്ത ഇളം ചൂട് വെള്ളം രാത്രി കുടിക്കുന്നത് കാലറി ബേൺ ചെയ്യാൻ സഹായിക്കും.

**ഉലുവ വെള്ളം**

ശരീരത്തിലെ കൊഴുപ്പ് കുറയ്ക്കാൻ ഉലുവ സഹായിക്കും. ഉലുവ കുതിർത്ത വെള്ളം കുടിക്കുന്നത് ദഹനം മെച്ചപ്പെടുത്താനും ശരീരഭാരം കുറയ്ക്കാനും സഹായകമാകും.

**കമൊമൈൽ ടീ**

സ്ട്രെസ്സ് കുറയ്ക്കാനും ഉറക്കം മെച്ചപ്പെടുത്താനും കമൊമൈൽ ടീ സഹായിക്കും. ഇത് ശരീരത്തെ ശാന്തമാക്കുകയും കൊഴുപ്പിന്റെ ശേഖരണവുമായി ബന്ധപ്പെട്ട കോർട്ടിസോൾ ഹോർമോണിന്റെ അളവ് കുറയ്ക്കുകയും ചെയ്യും. നല്ല ഉറക്കം ലഭിച്ചാൽ കൊഴുപ്പിന്റെ ഉപാപചയപ്രവർത്തനവും ഫലപ്രദമായി നടക്കും.

**ഇഞ്ചി, നാരങ്ങാച്ചായ**



ഇഞ്ചിക്കും നാരങ്ങായ്ക്കും ആന്റിഓക്സിഡന്റ്, തെർമോജനിക് ഗുണങ്ങളുണ്ട്. ഇത് കൊഴുപ്പിന്റെ വിഘടനത്തിന് സഹായകമാണ്. ഇഞ്ചിയും നാരങ്ങയും ചേർത്തുണ്ടാക്കുന്ന ഹെർബൽ ചായ രാത്രിയിൽ കുടിക്കുന്നത് ശരീരത്തിന്റെ ചൂട് നിലനിർത്തുകയും ഉറക്കത്തിൽ കാലറി ബേൺ ചെയ്യാൻ സഹായിക്കുകയും ചെയ്യും. രോഗപ്രതിരോധശക്തി വർധിപ്പിക്കാനും ഈ ഹെർബൽ ചായ കുടിക്കുന്നതിലൂടെ സാധിക്കും.



ഒരു കാര്യം ഓർക്കണം, ഓരോരുത്തരുടെയും ശരീരഘടന, ആരോഗ്യ സ്ഥിതി എന്നിവ വളരെ വ്യത്യാസപ്പെട്ടിരിക്കും. അതിനാൽ ആരോഗ്യസംബന്ധമായി ഭക്ഷണശീലത്തിലോ മറ്റോ എന്ത് മാറ്റം വരുത്തിയാലും ഒരു ഡോക്ടറിന്റെയോ ഡയറ്റീഷ്യന്റെയോ നിർദേശം നിർബന്ധമായും തേടണം. മേൽപറഞ്ഞ പാനീയങ്ങൾ സ്ഥിരമാക്കുന്നതിനു മുൻപും വിദഗ്ധോപദേശം തേടുന്നത് നല്ലതാണ്.



# ഇന്ത്യ –ഓസ്ട്രേലിയ ആദ്യ ഏകദിനം ഇന്ന് പെർത്തിൽ

പെർത്ത് : ഇന്ത്യൻ കുപ്പായത്തിൽ വിരാട് കൊഹ്ലിയും രോഹിത് ശർമ്മയും കളിക്കുന്ന അവസാന പരമ്പരയാകുമോ എന്ന ആരാധകരുടെ ആശങ്കയിൽ ശുഭ്മാൻ ഗിൽ ഏകദിനത്തിലും നായകനായി ഇന്ന് അരങ്ങേറുന്നു. മൂന്ന് ഏകദിനങ്ങളുടേയും അഞ്ച് ട്വന്റി–20കളുടേയും പരമ്പരയിലെ ആദ്യ ഏകദിനത്തിന് ഇന്ന് പെർത്തിലാണ് തുടക്കമാകുന്നത്. മാർച്ചിൽ നടന്ന ചാമ്പ്യൻസ് ട്രോഫിയിൽ കിരീടം നേടിയശേഷം ആദ്യമായാണ് ഇന്ത്യ ഏകദിന ഫോർമാറ്റിൽ മത്സരിക്കാനിറങ്ങുന്നത്.ചാമ്പ്യൻസ് ട്രോഫി നേടിത്തന്ന നായകൻ രോഹിത് ശർമ്മയെ മാറ്റിയാണ് ടെസ്റ്റ് നായകൻ ശുഭ്മാൻ ഗില്ലിനെ ഏകദിനത്തിന്റെ ചുമതലകൂടി ഏൽപ്പിച്ചിരിക്കുന്നത്. വ്യത്യസ്ത ഫോർമാറ്റുകൾക്ക് വ്യത്യസ്ത ക്യാപ്ടനെന്നത് പ്രായോഗികമല്ലെന്നാണ് തങ്ങളുടെ തീരുമാനത്തിന് സാധൂകരണമായി ചീഫ് സെലക്ടർ അജിത് അഗാർക്കർ പറയുന്നത്. 2027 ലോകകപ്പ് മുൻനിറുത്തിയുള്ളതാണ് തങ്ങളുടെ തീരുമാനമെന്നും അഗാർക്കർ പറയുന്നു. ഇപ്പോൾ 38കാരനായ രോഹിതും 37കാരനായ വിരാടും രണ്ടുകൊല്ലം കഴിഞ്ഞ് നടക്കുന്ന ലോകകപ്പിന് ടീമിലുണ്ടാകുമോ എന്നത് സംശയമാണ്. ടെസ്റ്റിൽ നിന്നും ട്വന്റി–20യിൽ നിന്നും വിരമിച്ചുകഴിഞ്ഞ ഇരുവരും ഒരു ഫോർമാറ്റിൽ മാത്രമായി ദീർഘകാലം തുടരുമോയെന്നതാണ് ആരാധകരും ഉറ്റുനോക്കുന്നത്.രോഹിതും വിരാടും തന്നെയാണ് ഈ പരമ്പരയുടെ ശ്രദ്ധാകേന്ദ്രങ്ങളെങ്കിലും ഗിൽ,ശ്രേയസ് അയ്യർ,യശസ്വി ജയ്സ്വാൾ, കെ.എൽ രാഹുൽ തുടങ്ങിയവരും ബാറ്റർമാരായുണ്ട്. ധ്രുവ് ജുറേലാണ് സ്പെഷ്യലിസ്റ്റ് വിക്കറ്റ് കീപ്പറെങ്കിലും രാഹുലിന് കീപ്പിംഗ് ഗ്ളൗസും അണിയേണ്ടിവരും. ആൾറൗണ്ടർമാരായ നിതീഷ് റെഡ്ഡി,വാഷിംഗ്ടൺ സുന്ദർ, അക്ഷർ പട്ടേൽ എന്നിവർക്കൊപ്പം അർഷ്ദീപ സിംഗ്, മുഹമ്മദ് സിറാജ്, ഹർഷിത് റാണ, പ്രസിദ്ധ് കൃഷ്ണ, കുൽദീപ് യാദവ് എന്നിവർകൂടി ചേരുന്നതാണ് ബൗളിംഗ് നിര.ഇരുഫോർമാറ്റുകളിലും മിച്ചൽ മാർഷാണ് കംഗാരുക്കളെ നയിക്കുന്നത്. പേസർ മിച്ചൽ സ്റ്റാർക്കിനെ ഏകദിന ടീമിലേക്ക് തിരിച്ചുവിളിച്ചപ്പോൾ നവാഗതരായ മാത്യു റെൻഷാ, മാറ്റ് ഷോർട്ട് , മിച്ച് ഓവൻ എന്നിവർക്ക് അവസരം നൽകിയിട്ടുണ്ട്.അടുത്തിടെ ടന്റി–20 ഫോർമാറ്റിൽ നിന്ന് വിരമിച്ചിരുന്ന മിച്ചൽ സ്റ്റാർക്ക് വെസ്റ്റ് ഇൻഡീസ് പര്യടനത്തിന് ശേഷം വിശ്രമത്തിലായിരുന്നു. കഴിഞ്ഞ മാസം നടന്ന ദക്ഷിണാഫ്രിക്കയ്ക്ക് എതിരായ പരമ്പരയിൽ കളിച്ചിരുന്നില്ല. മാറ്റ് ഷോർട്ടും ഓവനും ദക്ഷിണാഫ്രിക്കയ്ക്ക് എതിരായ പരമ്പരയിൽ ടീമിലുണ്ടായിരുന്നെങ്കിലും പരിക്കുമൂലം കളിക്കാൻ അവസരം ലഭിച്ചിരുന്നില്ല. സ്റ്റീവ് സ്മിത്ത്, ഗ്ളെൻ മാക്സ്വെൽ,മാർക്കസ് സ്റ്റോയ്നിസ് എന്നിവർ ഏകദിനത്തിൽ നിന്ന് വിരമിച്ചതിനാൽ 2027 ലോകകപ്പ് ലക്ഷ്യമിട്ട് യുവനിരയെ വാർത്തെടുക്കാനാണ് ഓസീസ് സെലക്ടർമാരും ശ്രമിക്കുന്നത്.ശുഭ്മാൻ ഗിൽ(ക്യാപ്ടൻ),ശ്രേയസ് അയ്യർ (വൈസ് ക്യാപ്ടൻ), വിരാട് കൊഹ്ലി, രോഹിത് ശർമ്മ,ശ്രേയസ് അയ്യർ , യശസ്വി ജയ്സ്വാൾ, കെ.എൽ രാഹുൽ, ധ്രുവ് ജുറേൽ, നിതീഷ് റെഡ്ഡി,വാഷിംഗ്ടൺ സുന്ദർ, അക്ഷർ പട്ടേൽ, അർഷ്ദീപ് സിംഗ്, മുഹമ്മദ് സിറാജ്, ഹർഷിത് റാണ, പ്രസിദ്ധ് കൃഷ്ണ, കുൽദീപ് യാദവ്.മിച്ചൽ മാർച്ച് (ക്യാപ്ടൻ), സേവ്യർ ബാലെറ്റ്,അലക്സ് കാരേ, കൂപ്പർ കൊനോലി, ബെൻ ദ്വാർഷുയിസ്,നഥാൻ എല്ലിസ്, കാമറൂൺ ഗ്രീൻ,ജോഷ് ഹേസൽ വുഡ്, ട്രാവിസ് ഹെഡ്, ജോഷ് ഇൻഗിലിസ്,മിച്ചൽ ഓവൻ,മാറ്റ് റെൻഷാ,മാത്യു ഷോർട്ട്, മിച്ചൽ സ്റ്റാർക്ക്, ആദം സാംപ.ഈവർഷം മാർച്ച് നാലിന് ദുബായ്യിൽ നടന്ന ചാമ്പ്യൻസ് ട്രോഫി സെമിഫൈനലിലാണ് ഇന്ത്യയും ഓസ്ട്രേലിയയും അവസാനമായി ഏറ്റുമുട്ടിയത്. ആ മത്സരത്തിൽ ഇന്ത്യ നാലുവിക്കറ്റിന് വിജയിച്ചിരുന്നു.54 ഏകദിനങ്ങളിലാണ് ഇന്ത്യ ഓസ്ട്രേലിയൻ മണ്ണിൽ വച്ച് ഓസ്ട്രേലിയയെ നേരിട്ടത്. ഇതിൽ 14 എണ്ണത്തിൽ മാത്രമാണ് ജയിക്കാനായത്.പെർത്തിൽ മത്സരം മഴ തടസപ്പെടുത്താൻ സാദ്ധ്യതയുണ്ടെന്നാണ് കാലാവസ്ഥാ റിപ്പോർട്ടുകൾ.പെർത്തിലെ ഓപ്റ്റസ് സ്റ്റേഡിയത്തിൽ ഇന്ത്യയും ഓസ്ട്രേലിയയും ആദ്യമായാണ് ഒരു ഏകദിന മത്സരത്തിനിറങ്ങുന്നത്. ഓസ്ട്രേലിയൻ ടീം ഇതുവരെ ഇവിടെ കളിച്ച നാലു വൺഡേകളിലും വിജയിച്ചിട്ടില്ല. കഴിഞ്ഞ വർഷം ഓസ്ട്രേലിയൻ പര്യടനത്തിലെ ഇന്ത്യയുടെ ആദ്യ ടെസ്റ്റ് വിജയത്തിന്റെ വേദി പെർത്തായിരുന്നു.



## മഹാരാഷ്ട്രയുമായുള്ള രഞ്ജി മത്സരത്തിൽ സമനില വഴങ്ങി കേരളം

തിരുവനന്തപുരം : മഹാരാഷ്ട്രയ്ക്കെതിരെ സീസണിലെ ആദ്യ രഞ്ജി ട്രോഫി മത്സരത്തിൽ മേൽക്കൈ നേടാനുള്ള അവസരങ്ങൾ കൈവിട്ട കേരളം സമനിലയിലേക്ക് ഒതുങ്ങി. വലിയ തകർച്ചയിൽ നിന്ന് ഉയിർത്തെണീറ്റ് ആദ്യ ഇന്നിംഗ്സിൽ ലീഡ് നേടിയ മഹാരാഷ്ട്ര മൂന്നുപോയിന്റുകൾ നേടിയപ്പോൾ നിലവിലെ റണ്ണേഴ്സ് അപ്പായ കേരളത്തിന് ഒറ്റപ്പോയിന്റേ ലഭിച്ചുള്ളൂആദ്യ ഇന്നിംഗ്സിൽ 18/5ൽ നിന്ന് 239ലെത്തിയ മഹാരാഷ്ട്രയ്ക്ക് എതിരെ കേരളത്തിന്റെ ഒന്നാം ഇന്നിംഗ്സ് മൂന്നാം ദിവസമായ ഇന്നലെ 219ൽ അവസാനിച്ചിരുന്നു. തുടർന്ന് ബാറ്റിംഗിനിറങ്ങിയ മഹാരാഷ്ട്ര മൂന്നാം ദിവസം കളി നിറുത്തിയിരുന്ന 51/0 എന്ന സ്കോറിൽ നിന്ന് അവസാനദിനമായ ഇന്നലെ 224/2ൽ എത്തിച്ചപ്പോഴേക്കും സമനില സമ്മതിച്ച് ഇരുടീമുകളും കളി അവസാനിപ്പിക്കുകയായിരുന്നു. ആദ്യ ഇന്നിംഗ്സിൽ തിളങ്ങാൻ കഴിയാതിരുന്ന പൃഥ്വി ഷാ ഇന്നലെ 75 റൺസ് നേടി മടങ്ങിയതും റുതുരാജ് ഗെയ്ക്കവാദും സിദ്ധീഷ് വീറും 55 റൺസ് വീതം നേടി പുറത്താകാതെ നിന്നതുമാണ് കേരളത്തിന് ഇന്നലെ തിരിച്ചടിയായത്. പൃഥ്വിയേയും അർഷിൻ കുൽക്കർണിയേയും മാത്രമാണ് കേരളത്തിന് പുറത്താക്കാൻ കഴിഞ്ഞത്. രണ്ട് ഇന്നിംഗ്സുകളിലും അർദ്ധസെഞ്ച്വറി നേടിയ റുതുരാജാണ് പ്ളേയർ ഒഫ് ദ മാച്ച്.ഈമാസം 25ന് ചണ്ഡിഗഡിൽ പഞ്ചാബിനെതിരെയാണ് കേരളത്തിന്റെ അടുത്ത മത്സരം.ആദ്യദിനം ലഭിച്ച മികച്ച തുടക്കം ബൗളർമാർക്ക് പ്രയോജനപ്പെടുത്താനേ കഴിഞ്ഞില്ല. പിന്നീടതുപോലെ പന്തെറിയാൻ കേരളനിരയിൽ ആർക്കുമായില്ല.ആദ്യ ഇന്നിംഗ്സിൽ സഞ്ജുവും അസറും സൽമാനും കാലുറപ്പിച്ചപ്പോൾ കേരളത്തിന് ലീഡ് നേടാനാകുമെന്ന് തോന്നിയതാണ്. എന്നാൽ വിക്കി ഓസ്വാൾ സഞ്ജുവിനെയും അസറിനെയും അടുത്തടുത്ത ഓവറുകളിൽ പുറത്താക്കിയതോടെ കേരളത്തിന്റെ താളം തെറ്റി.രണ്ടാം ഇന്നിംഗ്സിൽ ഇന്നലെ രാവിലെ ആദ്യ പന്തിൽ തന്നെ പൃഥ്വി ഷായുടെ ക്യാച്ച് ബാബ അപരാജിത്ത് കൈവിട്ടതും പിന്നീട് കുൽക്കർണിയെ സഞ്ജു കൈവിട്ടതും മത്സരത്തിലേക്ക് തിരിച്ചുവരാനുള്ള കേരളത്തിന്റെ സാദ്ധ്യത ഇല്ലാതാക്കി.കേരളത്തെ നന്നായി അറിയുന്ന മുൻ കേരള താരം ജലജ് സക്സേനയെപ്പോലൊരു കളിക്കാരന്റെ സാന്നിദ്ധ്യം മഹാരാഷ്ട്രയ്ക്ക് മുതൽക്കൂട്ടായിരുന്നു.കഴിഞ്ഞദിവസം സൽമാൻ ബാറ്റ് ചെയ്യവേ വെളിച്ചം കുറപ്പോൾ മഹാരാഷ്ട്ര ക്യാപ്ടൻ സ്പിൻ ബൗളറെ കൊണ്ടുവന്നു. എന്നാൽ സൽമാൻ സ്പിന്നിനെ നന്നായി നേരിടുമെന്ന് അറിയുന്ന ജലജ് സക്സേന അപ്പോൾതന്നെ ഇടപെട്ട് സ്പിന്നറെ ഒഴിവാക്കി. ഇത്തരത്തിലുള്ള പരിചയം എതിരാളികളെക്കുറിച്ച് നമുക്ക് ഇല്ലാതെപോയി. നമുക്ക് കിട്ടിയ അവസരങ്ങൾ പാഴാക്കുകയും ചെയ്തു.രഞ്ജി എലൈറ്റ് ഗ്രൂപ്പ് ബിയിൽ എല്ലാ ടീമുകളും ആദ്യമത്സരം പൂർത്തിയാക്കിയപ്പോൾ ചണ്ഡിഗഡിനെ ഇന്നിംഗ്സിന് തോൽപ്പിച്ച ഗോവ ഏഴുപോയിന്റുമായി മുന്നിലാണ്. മൂന്ന് പോയിന്റ് വീതമുള്ള മദ്ധ്യപ്രദേശ്,മഹാരാഷ്ട്ര,സൗരാഷ്ട്ര എന്നിവരാണ് രണ്ടുമുതൽ നാലുവരെ സ്ഥാനങ്ങളിൽ. ഒരു പോയിന്റുള്ള കേരളം ആറാമത്.

# തിരകളിൽ ത്രില്ലടിപ്പിച്ച് കായികപ്രതിഭകൾ

*റിപ്പോർട്ട്:ദീപ സജീവ്*

**തിരുവനന്തപുരം** :കളിക്കളം കായികമേളയിലെ ഫ്രീസ്റ്റൈൽ നീന്തൽ മത്സരം ആവേശം തീർത്തു.100 മീറ്റർ ജൂനിയർ–സീനിയർ ആൺകുട്ടികൾ, പെൺകുട്ടികൾ വിഭാഗത്തിൽ വെള്ളത്തിന്റെ താളത്തിനൊപ്പം മത്സരാർത്ഥികൾ ഇഞ്ചോടിഞ്ച് മത്സരിച്ചു. ഫലം ടൈം ട്രയൽ അടിസ്ഥാനത്തിൽ ആയതിനാൽ ഓരോ സെക്കൻഡും നിർണായകമായി. ജൂനിയർ വിഭാഗം ആൺകുട്ടികളിൽ കണ്ണൂർ മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ യദുകൃഷ്ണ പി.ബി ഒന്നാം സ്ഥാനം കരസ്ഥമാക്കിയപ്പോൾ നിലമ്പൂർ ഇന്ദിര ഗാന്ധി മെമ്മോറിയൽ ആശ്രമം സ്കൂൾ വൈഷ്ണവും ട്രൈബൽ ഡെവലപ്മെന്റ് ഓഫിസിലെ അരവിന്ദ് അശോകനും രണ്ടും മൂന്നും സ്ഥാനത്തെത്തി. ജൂനിയർ പെൺകുട്ടികളിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ചാലക്കുടിയിലെ പ്രിജിത പി ഒന്നാം സ്ഥാനം നേടിയപ്പോൾ രണ്ടും മൂന്നും സ്ഥാനം നിലമ്പൂർ ഇന്ദിരാഗാന്ധി മെമ്മോറിയൽ ആശ്രമം സ്കൂളിലെ വസന്തയും കട്ടേല അംബേദ്കർ മെമ്മോറിയൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിന്റെ നന്ദനയും നേടി. സീനിയർ ആൺകുട്ടികളിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ നലൂർനാടിലെ കൃഷ്ണ മധു ഒന്നാം സ്ഥാനത്തിന് അർഹനായി. രണ്ടും മൂന്നും സ്ഥാനങ്ങൾ വടശേരിക്കര മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ ഭൂപതി.ബിയും കണ്ണൂർ മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ വിഷ്ണു രാജീവനും നേടി. സീനിയർ പെൺകുട്ടികളിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ചാലക്കുടിയിലെ അഭിരാമി പി.കെ ഒന്നാം സ്ഥാനം നേടി. ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിലെ സ്വപ്നയും നിലമ്പൂർ ഇന്ദിരഗാന്ധി മെമ്മോറിയൽ ആശ്രമം സ്കൂളിലെ അനുശ്രീ ഗംഗാധരനും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കി.



*തനീഷ്സികെ, എംആർഎസ്നെല്ലൂർനാട്വയനാട്, സീനിയർബോയ്സ്ലോങ്ജമ്പ്, ഒന്നാംസ്ഥാനം*

## കായികമേളയിൽ സ്റ്റാറായി കാർത്തു വേഴാമ്പൽ



ചുവപ്പ് ജേഴ്സി അണിഞ്ഞ് മുഷ്ടി ചുരുട്ടി നിൽക്കുന്ന കാർത്തു വേഴാമ്പലിനൊപ്പം സെൽഫി എടുക്കാൻ കായികമേളയിൽ വൻ തിരക്ക്. ഇത്തവണത്തെ കളിക്കളം കായികമേളയുടെ മുഖ്യ ആകർഷണമാണ് കാർത്തു വേഴാമ്പൽ. പ്രതീക്ഷയും കരുത്തും ഒത്തുചേർന്ന ഈ വേഴാമ്പൽ കൗമാരത്തിന്റെ ആവേശത്തെയും ആത്മവിശ്വാസത്തെയും പ്രതിനിധീകരിക്കുന്നു. മേളയുടെ ഭാഗ്യചിഹ്നമായ കാർത്തുവിനെ രൂപകൽപ്പന ചെയ്തത് വയനാട് പെരിക്കല്ലൂർ പ്രീമെട്രിക് ഹോസ്റ്റൽ വാർഡനായ സൂര്യജിത്താണ്. ആദ്യം ആനയുടെ ചിത്രമാണ് മനസ്സിലേക്ക് വന്നതെങ്കിലും പിന്നീട് വേഴാമ്പലിലേക്ക് മാറുകയായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. കുട്ടിക്കാലം മുതൽ ചിത്ര രചനയോട് താല്പര്യം ഉണ്ടായിരുന്നുവെങ്കിലും ആദ്യമായിട്ടാണ് ഭാഗ്യചിഹ്നം തയ്യാറാക്കുന്നതെന്നും സൂര്യജിത്ത് പറഞ്ഞു.

പട്ടികവർഗ വികസന വകുപ്പിന്റെ സോഷ്യൽ മീഡിയ ഹാൻഡിലുകൾ കൈകാര്യം ചെയ്യുന്നതും സൂര്യജിത്താണ്.

## മത്സരങ്ങളിൽ വിജയത്തേക്കാൾ പ്രധാനം പങ്കെടുക്കാനുള്ള ധൈര്യമാണ്: മന്ത്രി വി ശിവൻകുട്ടി



**തിരുവനന്തപുരം:**കായിക മത്സരങ്ങൾ ശരീരശക്തിയുടെയും മനോബലത്തിന്റെയും പാഠമാണെന്നും വിജയത്തേക്കാൾ വലുതാണ് പങ്കെടുക്കാനുള്ള ധൈര്യമെന്നും പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടി. തിരുവനന്തപുരത്ത് പട്ടികവർഗ്ഗ വികസന വകുപ്പ് സംഘടിപ്പിക്കുന്ന കളിക്കളം 2025 കായിക മേള ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. പഠന മികവിനൊപ്പം കായികവും സാംസ്കാരികവുമായ സാധ്യതകൾ വികസിപ്പിക്കാനുള്ള അവസരങ്ങൾ ഉറപ്പാക്കുകയാണ് സർക്കാർ ലക്ഷ്യമിടുന്നത്. 'കളിക്കളം' ഒരു കായിക മത്സരം മാത്രമല്ല, മറിച്ച് പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ സ്വപ്നങ്ങൾക്കും പ്രതിഭകൾക്കും ചിറകുകൾ നൽകുന്ന വേദി കൂടിയാണ്. പട്ടികവർഗ്ഗ വിഭാഗത്തിലെ ഓരോ കുട്ടിയുടെയും വളർച്ചയും ആത്മവിശ്വാസവും ഉറപ്പാക്കുകയാണ് ഈ കായിക മേളയുടെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. മണ്ണിന്റെ മണവും, കൂട്ടായ്മയുടെ മനസും ആത്മവിശ്വാസത്തിന്റെ ചിറകും ഒരുമിച്ചു അനുഭവിപ്പിക്കുന്ന മഹോത്സവമാണ് ഈ കായികമേള. മത്സര വഴിയിലൂടെ വളരേണ്ടിടത്ത് സഹകരണം എങ്ങനെ മനോഹരമായ കരുത്തായി മാറുന്നുവെന്ന് ഇത്തരം മേളകളിലൂടെ ഓരോ പ്രാവശ്യവും വിദ്യാർത്ഥികൾ തെളിയിക്കുകയാണ്. ഈ മേളയിൽ നിന്ന് ഉയർന്ന് വരുന്ന ഓരോ കായിക പ്രതിഭയും നാളെയുടെ കേരളത്തിന്റെ അഭിമാനമായി മാറട്ടെയെന്നും മന്ത്രി ആശംസിച്ചു.




*കൃഷ്ണേന്ദു, ജെ എം ആർ എസ് കൽപ്പറ്റ, ജൂനിയർ ഗേൾസ് 1500 മീറ്റർ*




*ആദിത്യ. എസ്, ജൂനിയർ ബോയ്സ് 1500 മീറ്റർ, റ്റി ഡി ഒ പാലക്കാട് ഒന്നാം സ്ഥാനം*





ബെസ്റ്റ് മാർച്ച് പാസ്റ്റ് അവാർഡ് നേടിയ കുളത്തൂപ്പുഴ മോഡൽ റെസിഡൻഷ്യൽ സ്കൂൾ

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran, Executive Editor: K. R. Krishna Kumar,News Editor : T . K Chithra (Responsible for selection of news under PRB Act 1867). Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com